# ഹറാമിന്റെ നോമ്പും തെറ്റായ പെരുന്നാളുകളും

## പി.സി. അബ്ദുൽ ലത്തീഫ്


വിലാസം :

പി.സി. അബ്ദുൽ ലത്തീഫ്
റിട്ട. ബ്യൂറോ ചീഫ്, ചന്ദ്രിക
36/2807, റജബ്, വെസ്റ്റ് കല്ലായ്
മനന്തനപ്പാലം, കോഴിക്കോട് – 673 003
latheefpc@gmail.com
Mob : 9349734656,
0495-2306891


08-09-2012

ഹറാമിന്റെ നോമ്പും തെറ്റായ പെരുന്നാളുകളും

ലഘുലേഖ – I

# ഒരു നോമ്പുകൂടി വിശ്വാസിക്ക് നഷ്ടമായി

പി.സി. അബ്ദുൽ ലത്തീഫ്

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ,

അങ്ങിനെ ഒരു റമദാൻ വ്രതം കൂടി നമുക്കു നഷ്ടപ്പെട്ടു! അതും ഒരു വെള്ളിയാഴ്ച! ഒരു ലൈലത്തുൽ ഖദ്റിനു സമാനമാണ് വെള്ളിയാഴ്ച. ജുമുഅ ഉൾപ്പെടെ പന്ത്രണ്ടു മണിക്കൂർ വരെയുള്ള സമയത്തിനുള്ളിൽ ഒരു വിശ്വാസിയുടെ പ്രാർത്ഥനയും മലക്കുകളുടെ പ്രാർത്ഥനയും ഒത്തു വരുന്ന ഒരു നിമിഷം വെള്ളിയാഴ്ചയിലുണ്ട്. ജൂതരും ക്രൈസ്തവരും തിരസ്കരിച്ച വെള്ളിയാഴ്ച അല്ലാഹു മുസ്ലിംകൾക്കു നൽകുകയാണ് ചെയ്തത്. ഈ ദിനം ഒരു റമദാനിൽ കടന്നുവരുമ്പോഴുള്ള പ്രാധാന്യവും അതിലടങ്ങിയിട്ടുള്ള പുണ്യവും പറയേണ്ടതില്ലല്ലോ?

നോമ്പ് നഷ്ടപ്പെടുക എന്നത് ഈ വർഷത്തെ മാത്രം ദൗർഭാഗ്യമല്ല;കഴിഞ്ഞ നാൽപ്പതുവർഷത്തിലേറെക്കാലത്തെ മാസമുറപ്പിക്കലിന്റെ ചരിത്രമെടുത്തു പരിശോധിച്ചാൽ ഇങ്ങിനെ നഷ്ടപ്പെട്ട നോമ്പുകൾ ഒട്ടേറെയാണെന്ന് കണ്ടെത്താനാകും. ഇപ്പോൾ 45 വയസ്സു പ്രായമുള്ള ഒരു വിശ്വാസിക്കു നഷ്ടപ്പെടുന്നത് 30 നോമ്പുകളാണ്. ഓരോ വർഷവും ഏതാണ്ട് ഓരോ നോമ്പു വീതം അത്യന്തം ആപൽക്കരമായ ഈ വസ്തുത നാം ഗൗരവപൂർവ്വം ഓർക്കേണ്ടതുണ്ട്. 45 കാരനായ വിശ്വാസിയുടെ മയ്യിത്തു ഖബറിൽ കൊണ്ടു ചെന്ന് വെച്ച് നാം തിരിച്ചു വരുമ്പോൾ ഖബറിൽ അയാൾ ഒരു "ഫുൾ" റമദാൻ നഷ്ടപ്പെട്ട നിലയിലാണ് മലക്കുകളാൽ ചോദ്യം ചെയ്യപ്പെടുന്നത്. 75 കാരനായ വിശ്വാസിക്കു നഷ്ടപ്പെടുന്നത് രണ്ടു റമദാനുകൾ!! 45 വർഷത്തിനിടയിൽ ഇങ്ങിനെ നഷ്ടപ്പെട്ട നോമ്പുകളിൽ പിടിച്ചു വീട്ടാൻ ആഹ്വാനമുണ്ടായിരുന്നത് ഒന്നോ രണ്ടോ വർഷങ്ങൾ മാത്രം! അതിലൊന്ന് കോഴിക്കോട് വലിയ ഖാസി സെയ്യിദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങളും പാണക്കാട് പൂക്കോയ തങ്ങളുമായിരുന്നു. മറ്റൊന്ന് താനൂർ ഖാസി അലി ഹസ്സൻ എന്ന കുഞ്ഞാവയും. പിന്നീട് ഹിലാൽ കമ്മിറ്റി വന്നു; ഖാസിമാർക്കു വാശി മൂത്തു. ഹിലാൽ കമ്മിറ്റിക്കെതിരെ "ഖാളീഖുളാത്ത്" എന്ന ഖാസിമാരുടെ ഐക്യസംഘം നിലവിൽ വന്നു. ഹിലാൽ കമ്മിറ്റിയാകട്ടെ അതിന്റെ ആദ്യത്തെ ഗോളശാസ്ത്ര വിഭാഗം ചെയർമാനും ഗോളശാസ്ത്രജ്ഞനുമായിരുന്ന പ്രൊഫ. അഹമ്മദ് കുട്ടി മുമ്പോട്ടു വെച്ച ശാസ്ത്ര സത്യങ്ങളിൽ നിന്നും അതിന്റെ ആദ്യകാല നേതാക്കളായിരുന്ന ഇട്ടോളി അഹമ്മദ് കോയ ഹാജിയെപ്പോലുള്ള മഹദ് വ്യക്തിത്വങ്ങളുടെ ആത്മാർത്ഥമായ ലക്ഷ്യങ്ങളിൽ നിന്നും വഴിമാറി സഞ്ചരിച്ചു. കൺകാഴ്ച എന്ന

ഖാസിമാരുടെ നിലപാടിലേക്കു തന്നെ തിരിച്ചു പോയി. അതോടെ നഷ്ടപ്പെട്ട നോൽമ്പ് പിടിച്ചു വീട്ടാനുള്ള ആഹ്വാനം നിലച്ചു. അതിന്റെ ഫലമായി നോമ്പുകൾ നമുക്കു പാഴായിക്കൊണ്ടേയിരിക്കുന്നു. ഈ വർഷവും (2012) അതു തന്നെ സംഭവിച്ചു. വാസ്തവത്തിൽ വെള്ളിയാഴ്ച തന്നെയായിരുന്നു നോമ്പെടുക്കേണ്ടി യിരുന്നത് (തെളിവ് ഇസ്ലാം - കർമ്മാനുഷ്ഠാനങ്ങൾ" പേജ്- 460).

ഫർളായ നോമ്പുകൾ നഷ്ടപ്പെട്ടുകൊണ്ടി രിക്കുന്നതും, പെരുന്നാളിലെ നോമ്പു നോൽക്കലും ഹറാമിന്റെ പട്ടികയിൽപെടുന്നു എന്ന് നമുക്കറിയാമല്ലോ? ഒരു ബാങ്കു നമ്മൾ കേട്ടില്ല, അല്ലെങ്കിൽ മുഅദിൻ ഉറങ്ങിപ്പോയി. ആ നമസ്കാരം ഫർളല്ലാതാകുമോ...? അല്ലെങ്കിൽ നമസ്കാരത്തിന്റെ വഖ്തിന് മുമ്പായോ ശേഷമോ ഒരു ബാങ്കു അതിന്റെ സമയം തെറ്റി വിളിച്ചു - നമ്മൾ നമസ്ക്കരിക്കുമോ? ഇല്ലെന്ന് മാത്രമല്ല എന്തുകൊണ്ട് ബാങ്കു നേരത്തെ കൊടുത്തു അല്ലെങ്കിൽ സമയം കഴിഞ്ഞു വിളിച്ചു എന്നന്വേഷിച്ച് മുഅദിന്നെ തിരെ പള്ളിക്കമ്മിറ്റി നടപടിയെടുക്കും. ഇതേപോലെ പിറവി കണ്ടില്ല എന്നതുകൊണ്ട് നോമ്പ് അല്ലാതാകുന്നില്ല. പിറവിയുടെ സമയമായോ എന്നറി യുകയാണ് ഓരോ വിശ്വാസിയും വേണ്ടത്. ഇത് പണ്ഡിതന്മാരും ഖാസിമാരും തീരുമാനിക്കേണ്ടതല്ല. 90 ലക്ഷം കേരളീയ മുസ്ലീങ്ങൾ എപ്പോൾ നോമ്പെടു ക്കണം എപ്പോൾ നോമ്പെടുക്കരുത് എന്ന് തീരുമാനിക്കേണ്ടത് ഒരു ഡസൻ പണ്ഡിതന്മാരല്ല. ക്വുർആനും നബിചര്യയും മുമ്പിൽവെച്ച് തീരുമാനിക്കേണ്ട വിഷയമാണിത്. സമയം തെറ്റിയുള്ള ബാങ്കിന്റെ വിഷയത്തിൽ കലണ്ടറിലേക്കും വാച്ചിലേക്കുമാണ് നമ്മൾ ധൃതിപ്പെട്ട് ചെല്ലുക! ഒരു വടിയോ കുന്തമോ കയ്യിലെടുത്ത് നിഴൽ അളക്കാൻ വീട്ടുമുറ്റത്തേക്ക് ആരും ഓടാറില്ല- പ്രവാചകൻ കുന്തമോ വടിയോ കുത്തി സൂര്യന്റെ നിഴൽ നോക്കി നമസ്കരിക്കാനാണ് പഠിപ്പിച്ച തെന്ന് അറിയാമായിരുന്നിട്ടും. നമസ്കാര സമയക്രമങ്ങളും അതിന്റെ രൂപവും മിഅ്റാജ് രാത്രിയുടെ അവസാന നിമിഷത്തിൽ ജിബ്രീൽ (അ) ആണല്ലോ നബിയെ പഠിപ്പിച്ചത്. അതിൽ കലണ്ടറോ വാച്ചോ പരാമർശിച്ചിട്ടില്ല! മറിച്ച് നമസ്കാര സമയവുമായി ബന്ധപ്പെട്ട ഹദീസുകളിലെ ആശയമാണ് നമ്മൾ എടുത്തത്. എന്നിട്ട് അതിനെ സമയക്രമത്തിലേക്ക് മാറ്റി ചൈനയാണ് ഇതിനു സഹായകമായ ശാസ്ത്ര സംവിധാനങ്ങൾ കണ്ടുപിടിച്ചത്. ആ ചൈനയിൽ ചെന്നെങ്കിലും ഭൗതികവിദ്യാഭ്യാസം നേടാനാണ് പ്രവാചകൻ നിർദ്ദേശിച്ചത്. "വിദ്യ തേടി കണ്ടെത്തുകയെന്നത് ഓരോ മുസ്ലീം സ്ത്രീയുടേയും പുരുഷന്റേയും നിർബ്ബന്ധ ബാധ്യതയാണെന്നും പ്രവാചകൻ പറയുന്നു.'' അങ്ങനെ നമസ്കാരസമയം അച്ചടിച്ച് കലണ്ടറിലാക്കി! ചുമരിലും കൈയിലും വാച്ച് സ്വീകരിച്ചു. പള്ളികളിൽ സ്ത്രീകളുടെ സ്വഫ് ഏറ്റവും പിറകിൽ എന്നാണ് നബി പഠിപ്പിച്ചതെന്നറിഞ്ഞിട്ടും സ്ത്രീകളെ പല പള്ളികളും ഇമാമിന്റെ തലക്കു മുകളി ലാക്കി! മറ്റു പല പള്ളികളിലും സ്ത്രീകളുടെ സ്വഫ് ഇമാമിന്റെ ഇടതുഭാഗ ത്തേക്കും വലതു ഭാഗത്തേക്കും മാറ്റി. ഇതൊക്കെയായിട്ടും മാസപ്പിറവി

കലണ്ടറും വാച്ചുമാക്കി മാറ്റാൻ നാം തയ്യാറായിട്ടില്ല. സമഗ്രവും ഖുർ ആനികാടിസ്ഥാനത്തിലുമുള്ള ഒരു പഠനം ഈ കാര്യത്തിൽ നടന്നിട്ടില്ല എന്നതാണ് ഈ ദുര്യോഗത്തിന് പിന്നിലെ അനിഷേധ്യമായ സത്യം. ശാസ്ത്രജ്ഞാനം ഉണ്ടെന്ന് കരുതപ്പെടുന്ന ചില വ്യക്തികളെ വിഷയം ഏൽപ്പിച്ച് അവർ പറയുന്നതിനെ കണ്ണടച്ച് ന്യായീകരിക്കുകയാണ് പണ്ഡിതന്മാർ ചെയ്യുന്നത്. കാരണം അവരും അത് പഠിച്ചിട്ടില്ല! ഈ രംഗത്ത് തങ്ങളുടേതിൽ നിന്ന് വ്യത്യസ്തമായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നവരെ തോല്പിക്കുകയെന്ന ലക്ഷ്യത്തോടെ ഇറക്കിയ ഖണ്ഡനവിമർശന ഗ്രന്ഥങ്ങൾ മാത്രമാണ് സംഘടനകൾ പ്രസിദ്ധീകരിച്ചിട്ടുള്ളത് എന്ന് അത് വായിച്ചു നോക്കിയാൽ കണ്ടെത്താനാവും. അതിലെ വാക്കുകൾ പോലും മാന്യമല്ല. അതുമാത്രമല്ല വിഷയം സംഘടനാവത്കരിക്കപ്പെടുകയും ചെയ്തു. നിസ്സാരമായി തള്ളിക്കളയേണ്ട ഒന്നല്ല ഇത് എന്ന സത്യം സാധാരണക്കാരനായ വിശ്വാസി മനസ്സിലാക്കിയിരിക്കണം എന്ന ശുദ്ധമായ ലക്ഷ്യമാണ് നിങ്ങളുടെ കൈകളിൽ എത്തുന്ന ലഘുകൃതികളിലൂടെ ഈ വിനീതൻ ലക്ഷ്യമാക്കുന്നത്. നോൽമ്പ് നഷ്ടപ്പെടാതിരിക്കാൻ - തുറന്ന ചിന്തയും ഒരു സംഘടനകളോടും കെട്ടിയിടാത്ത മനസ്സുമുണ്ടെങ്കിൽ മാത്രമേ വിഷയം മനസ്സിലാക്കാനാകൂ. സാധാരണക്കാരനായ ഒരു വിശ്വാസിക്ക് നോൽമ്പു നഷ്ടപ്പെടാതിരിക്കാൻ സ്വന്തമായ പോംവഴി എന്തുണ്ട് എന്ന കണ്ടെത്തലും ഈ ലഘുരേഖകളിലൂടെ നിങ്ങൾക്ക് ഗ്രഹിക്കാനാകും എന്നാണ് പ്രതീക്ഷ. 1970 മുതൽ 2005 വരെയുള്ള 35 വർഷം ചന്ദ്രിക പത്രത്തിന്റെ കറസ്പോണ്ടന്റ് എന്ന നിലയ്ക്ക് ബാഫഖിതങ്ങൾ ഉൾപ്പെടെയുള്ള ഖാസിമാരുമായും പേരുകേട്ട മുജാഹിദ് പണ്ഡിതന്മാരു മായും കേരള ഹിലാൽ കമ്മിറ്റിയുടെ ഗോളശാസ്ത്ര വിഭാഗം തലവനായിരുന്ന പ്രൊഫ: അഹമ്മദ് കുട്ടിയുമായും നേരിട്ടും എഴുത്തു മുഖേനയും ഈ വിഷയവുമായി ബന്ധപ്പെട്ടതിന്റെ അനുഭവങ്ങൾ ചേർത്തു വായിക്കുകയാണ് ഈ ലേഖനങ്ങളിലൂടെ ചെയ്യുന്നത്. വിശ്വാസികൾക്കുണ്ടാകുന്ന നഷ്ടത്തിൽ ഖാസിമാർക്കോ പണ്ഡിതന്മാർക്കോ യാതൊരു വെപ്രാളവും ഇല്ലെന്നു മാത്രമല്ല സംഘടനക്കു വേണ്ടി വാക്കുകൾ മാറ്റിപ്പറയാൻ മടിയുമില്ല! 20-07-2012 വെള്ളിയാഴ്ച കോഴിക്കോട് നഗരത്തിലെ പ്രസിദ്ധമായ ഒരു പള്ളിയിൽ ഖുത്വുബ നിർവ്വഹിച്ചത് പ്രശസ്തനും വാഗ്മിയുമായ ഒരു പണ്ഡിതനായിരുന്നു. അദ്ദേഹം വെള്ളിയാഴ്ച വ്രതം ആരംഭിച്ചവരെ ഖുത്വുബയിൽ വിമർശിച്ചു. അന്ന് നോമ്പെടുക്കൽ ഹറാമാണെന്നും അതു തൗഹീദിന് വിരുദ്ധമാണെന്നും അദ്ദേഹം പറയുകയുണ്ടായി.

ഇദ്ദേഹത്തെ നേരിൽ വിളിച്ചു പ്രസംഗിച്ചത് അങ്ങിനെത്തന്നെയാണോ എന്നു ഉറപ്പു വരുത്തി. പ്രസംഗിച്ചതു ശരിയാണെന്ന് അദ്ദേഹം പറഞ്ഞു. തുടർന്ന് ഞങ്ങൾ തമ്മിൽ നടന്ന സംഭാഷണം ഇങ്ങിനെ :

**ചോദ്യം** : അന്ന് (20-07-12) വെള്ളിയാഴ്ച നോമ്പെടുത്തത് ഹറാമാണെന്ന് പറയാൻ കാരണമെന്താണ്?

**മറുപടി** : അന്ന് മാസപ്പിറവി സംശയാസ്പദ ദിവസമാണ്.

**ചോദ്യം**: അന്ന് സംശയാസ്പദദിവസമല്ല. കാരണം കണക്കു ഖണ്ഡിതവും കാഴ്ച സംശയാസ്പദവും എന്നാണല്ലോ, താങ്കൾ ഉൾപ്പെടെയുള്ള പണ്ഡിതന്മാർ തന്നെ ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളത്; അതിനാൽ കേരള ഹിലാൽ കമ്മിറ്റിയുടെ അറിയിപ്പിലുള്ളത്- (പത്ര അറിയിപ്പും 2012ലെ ശബാബ്, അൽമനാർ കലണ്ടറുകളും) ചന്ദ്രൻ ആകാശത്ത് 6ഉം 7ഉം മിനുട്ട് വീതം ഉണ്ടെന്നാണ്. ഹിലാൽ കമ്മിറ്റിയുടെ പ്രസ്തുത അറിയിപ്പിന്റെ പശ്ചാത്തലത്തിൽ അന്ന് നോൽമ്പ് നോൽക്കാതിരിക്കലല്ലേ ഹറാം?

**മറുപടി**: മാസം കാണുക തന്നെ വേണമെന്ന് റസൂലിന്റെ കല്പനയുണ്ട്.

**ചോദ്യം** : മാസം ഉദിപ്പിക്കുകയെന്നത് അല്ലാഹുവിന്റെ നടപടി ക്രമത്തിൽപ്പെട്ടതാണ്; അതിനെ നിരാകരിക്കാൻ റസൂൽ പഠിപ്പിക്കുമോ? (തെളിവ് ; വിശുദ്ധ ഖുർആൻ 3:79).

"ഒരു മനുഷ്യന്ന് അല്ലാഹു വേദഗ്രന്ഥവും തത്വജ്ഞാനവും പ്രവാചകത്വവും നൽകുകയും എന്നിട്ടദ്ദേഹം ജനങ്ങളോട് നിങ്ങൾ അല്ലാഹുവെ വിട്ട് എന്റെ ദാസന്മാരായിത്തീരുവിൻ എന്ന് പറയുകയും ചെയ്യുക സംഭവ്യമല്ല. (വിശുദ്ധ ഖുർആൻ 3:79)

**മറുപടി** : വെള്ളിയാഴ്ചത്തെ (20-07-12) നോൽമ്പ് ഹറാമാണെന്നതിന് ഞാനുദ്ധരിച്ചത് ഹദീസാണ്. അത് പറയാൻ എനിക്ക് നിർദ്ദേശമുണ്ട്.

**ചോദ്യം** : ഏതാനും വർഷം മുമ്പ് ഒരു ഇഅ്തികാഫ് ദിവസം പള്ളിയിൽ നിന്ന് ഇറങ്ങി ഇടിയങ്ങരയിൽ വന്ന് മാസപ്പിറവി സംബന്ധിച്ച താങ്കളുടെ വിശദീകരണ പ്രസംഗം കേൾക്കാൻ ഞങ്ങൾ എത്തിച്ചേർന്നതോർക്കുന്നുണ്ടോ? ഇഅ്തികാഫിന്റെ ആരംഭ ദിവസമായിരുന്നു അന്ന്. കണക്കുപ്രകാരം ഇഅ്തികാഫ് പിറ്റേദിവസമായതിനാൽ പള്ളിയിൽ നിന്ന് ഇറങ്ങണമെന്നായിരുന്നു താങ്കൾ പറഞ്ഞത്. അങ്ങിനെ ഞങ്ങൾ ഇറങ്ങി. അതേ ആഴ്ച ചില സമ്പന്നന്മാർ മാസപ്പിറവി വിഷയത്തിൽ ഇടപെട്ടു; ഐക്യത്തിന്റെ പേരിൽ താങ്കൾ പറഞ്ഞതിന് നേർവിപരീതമായി പെരുന്നാൾ ഉറപ്പിച്ചു. താങ്കൾ പറഞ്ഞതിനു വിപരീതമായി താങ്കളും പെരുന്നാൾ ആഘോഷിച്ചു. ഇതിൽ ഏതാണ് ശരി?

**മറുപടി** : അതും ഇതും തമ്മിൽ ബന്ധമില്ല.

**ചോദ്യം** : താങ്കൾ വിഷയം സമഗ്രമായി പഠിക്കാൻ തയ്യാറാകണം. ക്വുർആനും ഹദീസും മാത്രം അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ള ഒരു പഠനറിപ്പോർട്ട് എന്റെ കൈവശമുണ്ട്; അയച്ചുതരട്ടെ; എനിക്ക് താങ്കളുടെ മാർഗ്ഗനിർദ്ദേശം വേണം.

**മറുപടി** : ഞാൻ വിഷയം പഠിച്ചിട്ടില്ല. എനിക്ക് ഈ വിഷയം അറിയുകയുമില്ല; വിഷയത്തോട് എനിക്ക് അശേഷം താല്പര്യവുമില്ല. നിങ്ങൾ റിപ്പോർട്ട് കെ.ജെ.യു. പണ്ഡിതന്മാർക്ക് നൽകുക"- കേരള നദ്‌വത്തുൽ മുജാഹിദീന്റെ ഉന്നതസ്ഥാനത്തിരിക്കുന്ന പണ്ഡിതന് ഈ സംഭാഷണം മെയിൽചെയ്ത് അയച്ചു. ഫോണിൽ വിളിച്ച് വിവരം അറിയിക്കുകയും ചെയ്തു.

തന്റെ നോമ്പ് നഷ്ടപ്പെടരുതെന്ന് ആഗ്രഹിക്കുന്ന അല്ലെങ്കിൽ ഭയപ്പെടുന്ന സത്യവിശ്വാസി അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളുണ്ട്.

ഭൂതകാലത്തെ വാമൊഴിയും വരമൊഴിയും വിസ്മരിച്ചുകൊണ്ടാണ് ഇന്നത്തെ

പണ്ഡിതന്മാർ സംസാരിക്കുന്നത്. അവയിൽപ്പെട്ടതാണ് ഈ പറഞ്ഞ പണ്ഡിതന്റെയും പ്രസംഗം. ഇദ്ദേഹം ഉൾപ്പെടെയുള്ള നാൽപ്പതിലേറെ പമ്ഡിതന്മാരുടെ ഗവേഷണത്തിന്റെയും പരിശോധനയുടെയും സമഗ്രമെന്ന് വിശേഷിപ്പിക്കപ്പെടുന്ന 1997 - ലെ "ഇസ്ലാം കർമ്മാനുഷ്ഠാനങ്ങൾ" എന്ന ബ്രഹദ് ഗ്രന്ഥത്തിന്റെ രണ്ടാം വാള്യത്തിൽ 445 മുതൽ 461 വരെയുള്ള 16 പേജുകളിൽ (പഴയപതിപ്പിൽ 25 പേജ്) ചാന്ദ്രപ്പിറവിയുടെയും അതോടനുബന്ധിച്ച വസ്തുകളുടെയും ഏതാണ്ട് ആഴത്തിലുള്ള പരിശോധന നടത്തുന്നുണ്ട്. ഇതിലെ പരമ്പര സ്ഥിരപ്പെട്ട ഹദീസെങ്കിലും പണ്ഡിതൻ വായിക്കേണ്ടതായിരുന്നു. 460 - ാമത്തെ പേജിലെ പരമ്പര സ്ഥിരപ്പെട്ട ഹദീസ് റമദാന്റെ തുടക്കത്തിൽ സംശയ്സപദ ദിവസം നോൽമ്പെടുക്കണമെന്ന് അനുശാസിക്കുന്നുണ്ട്. അതേ സമയം പെരുന്നാളാകും എന്ന് സംശയം തോന്നുന്ന ദിവസം നോൽമ്പ് പിടിക്കാതിരിക്കാനും സ്വാഹാബാക്കൾ ശ്രദ്ധിച്ചിട്ടുണ്ട്. ഈ വിലയിരുത്തലിന്റെ മുഴുവൻ പേജുകളും നിങ്ങളുടെ കയ്യിലെത്തും. ഇതുമായി ബന്ധപ്പെട്ട ഹദീസിനെ റമദാന്റെ ആരംഭത്തിലേക്ക് കൊണ്ടുവന്ന് ഹറാമാക്കുകയാണ് പണ്ഡിതൻ ചെയ്തത്. ശഅബാൻ ഒടുവിൽ പിറ്റേന്ന് റമദാൻ ആയേക്കുമെന്നന് സംശയം തോന്നിയാൽ ഉമറുബ്നുൽ ഖത്താബ്(റ) ഉൾപ്പെടെ സ്വാഹാബാക്കൾ നോൽമ്പ് നോൽക്കുകയാണ് ചെയ്തത്.

**അടുത്ത ലക്കം :**

**മാസപ്പിറവി അറിയിപ്പിലെ വൈരുദ്ധ്യങ്ങൾ.**

ഹറാമിന്റെ നോമ്പും തെറ്റായ പെരുന്നാളുകളും

ലഘുലേഖ – II

# 2012ലെ മാസപ്പിറവി അറിയിപ്പിലെ പൊരുത്തക്കേടും വൈരുദ്ധ്യങ്ങളും

**പി.സി. അബ്ദുൽ ലത്തീഫ്**

മിക്കവർഷത്തേയും പോലെ ഈ വർഷവും (2012) മാസപ്പിറവി അറിയിപ്പ് ഒരു തമാശയായിരുന്നുവെന്ന് മാത്രമല്ല സാധാരണക്കാരായ വിശ്വാസികളുടെ മുഖത്ത് പരിഹാസത്തിന്റേയും പരിഹാസ്യതയുടേയും ചളി വാരി എറിയൽ കൂടി ആയിരുന്നു അത്. തിരശ്ശീലക്കു പിറകിലെ കൈകാര്യകർതൃത്വം ബഹുജനങ്ങൾക്കു ഇതേവരെ ഗോപ്യ മായിരുന്നു. എന്നാൽ ഇപ്പോൾ അവർക്കു കാര്യങ്ങൾ മനസ്സിലായി തുടങ്ങി.

2012-ലെ മാസപ്പിറവി അറിയിപ്പുകൾ അപഗ്രഥിക്കമ്പോൾ കൂടുതൽ പുതുമകൾ നമുക്കു മുമ്പിൽ അനാവരണം ചെയ്യപ്പെ ടുന്നു. അറിയിപ്പുകൾ നമുക്കൊന്നു പരിശോധിക്കാം =

ആദ്യമായി രണ്ടു പത്രങ്ങളിൽ വന്ന മാസപ്പിറവി അറിയിപ്പുകൾ ഒരു പുനർവായന നടത്തുക.

## മാസപ്പിറവി അറിയിക്കണം

കോഴിക്കോട് ജൂലായ് 20ന് വെള്ളിയാഴ്ച (ശഅബാൻ മാസം 29) സൂര്യാസ്തമനത്തിനു ശേഷം 51 മിനുട്ട് കഴിഞ്ഞാണ് ചന്ദ്രൻ അസ്തമിക്കുന്നത്. അന്ന് മാസപ്പിറവി കാണാനുള്ള സാധ്യതയുള്ളതിനാൽ പിറവി കണ്ട വിവരം അറിയിക്കണമെന്ന് കോഴിക്കോട് ഖാദി കെ.വി. ഇമ്പിച്ചമ്മദ് ഹാജി അറിയിച്ചു. ഫോൺ : 9895271685, 0495-2703366.

കോഴിക്കോട് ജൂലായ് 19ന് വ്യാഴാഴ്ച സൂര്യൻ അസ്തമിച്ച് കാസർകോട്, കോഴിക്കോട് 6 മിനുട്ടും കൊച്ചി, തിരു വനന്തപുരം 7 മിനുട്ടും കഴിഞ്ഞാണ് ചന്ദ്രൻ അസ്തമിക്കുന്നത്. അന്ന് റമദാൻ മാസപ്പിറവി കാണുന്നവർ 0495-2722801, 802, 803, 804 നമ്പറുകളിൽ ബന്ധപ്പെടണമെന്ന് ഹിലാൽ കമ്മിറ്റി അറിയിച്ചു. (മാധ്യമം 2012, ജൂലായ് 18 ബുധൻ).

## റമദാൻ മാസപ്പിറവി

കോഴിക്കോട് വെള്ളിയാഴ്ച റമദാൻ മാസപ്പിറവി

കാണുന്നവർ വിവരം അറിയിക്കണമെന്ന് ഖാസിമാരായ പാണക്കാട് സെയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ (0483-2836700) സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി ചെറുശ്ശേരി സൈനുദ്ദീൻ മുസ്ല്യാർ (0483-2710146) കോഴിക്കോട് ഖാസിമാരായ സെയ്ദ് മുഹമ്മദ് കോയ തങ്ങൾ (9447172149) പാണക്കാട് സയിദ് അബ്ദുൾ ഹയ്യ് ശിഹാബുദീൻ തങ്ങൾ (9447405099) കെ.വി. ഇമ്പിച്ചമ്മദ് ഹാജി (9895271685) എന്നിവരും കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാരും (0495-2720945) അഭ്യർത്ഥിച്ചു.

ഇന്ന് സൂര്യൻ അസ്തമിച്ച് കാസർകോട്, കോഴിക്കോട് 6 മിനുട്ടും കൊച്ചി, തിരുവനന്തപുരം 7 മിനുട്ടും കഴിഞ്ഞാണ് ചന്ദ്രൻ അസ്തമിക്കുന്നത്. മാസപ്പിറവി കാണുന്നവർ ഹിലാൽ കമ്മിറ്റിയുമായി ബന്ധപ്പെടേണ്ടതാണെന്ന് ചെയർമാൻ എ.പി. അബ്ദുൾ ഖാദർ മൗലവി അറിയിച്ചു. 0495-2722801. പിറ കാണുന്നവർ അറിയിക്കണമെന്ന് കേരള ജം ഇയ്യത്തുൽ ഉലമ (കെ.ജെ.യു) പ്രസിഡണ്ട് എ. അബ്ദുൽ ഹമീദ് മദീനിയും അറിയിച്ചു. ഫോൺ : 0495-2701804, 2701802)

**അപഗ്രഥനം താഴെ വിശദീകരിക്കുന്നു:**

1) ഒരേ നാട്ടിൽ ഒരേ സ്ഥലത്ത് ചന്ദ്രൻ രണ്ടു തവണ ഉദിക്കുന്നു! സമസ്തക്കു വെള്ളിയാഴ്ചയും! നമ്മൾ മുജാഹിദുകൾക്ക് വ്യാഴാഴ്ചയും! ഇപ്പോൾ സമയം തെറ്റി ബാങ്കു വിളിക്കുന്നതു പോലെ. ഇവിടെ പടച്ചവന്നാണോ തെറ്റുപറ്റിയത്.
2) 6,7 മിനുട്ടുകൾ മാത്രം ആകാശത്തുള്ള ചന്ദ്രനെ ബാഹ്യദൃഷ്ടികൊണ്ടു കാണുക സാധ്യമല്ല; ഈ ചന്ദ്രനെ കണ്ടാൽ അറിയിക്കാനാണ് ഹിലാൽ കമ്മിറ്റി ചെയർമാൻ എ.പി. അബ്ദുൾ ഖാദർ മൗലവിയുടേയും, കെ.ജെ.യു പ്രസിഡണ്ട് അബ്ദുൽ ഹമീദ് മദീനിയുടേയും ആഹ്വാനം. പിറവി ചന്ദ്രൻ ഏറ്റവും ചുരുങ്ങിയതു നാൽപ്പതു മിനുട്ടെങ്കിലും ആകാശത്തുണ്ടെങ്കിലേ ബാഹ്യനേത്രം കൊണ്ട് കാണാനാകൂ എന്നതാണ് ശാസ്ത്ര സത്യം. എ.പി. അബ്ദുൽ ഖാദർ മൗലവി ആമുഖമെഴുതിയ പി.ഒ. ഉമർ ഫാറൂഖിന്റെ "മാസപ്പിറവി - നബിചര്യയിലും ശാസ്ത്രത്തിലും" എന്ന പുസ്തകത്തിന്റെ 74-ാംമത്തെ

പേജിൽ പറയുന്നതു കാണുക : "നിരന്തരമായ പരീക്ഷണ നിരീക്ഷണങ്ങളെ അടിസ്ഥാനപ്പെടുത്തി എത്തിച്ചേർന്ന നിഗമനങ്ങളനുസരിച്ച് ചന്ദ്രൻ ദൃശ്യയോഗ്യമാകണമെങ്കിൽ ചുരുങ്ങിയതു 13 മണിക്കൂർ പ്രായമെങ്കിലും വേണമെന്നാണ് ജ്യോതിശാസ്ത്രം പറയുന്നത്. അതായതു ന്യൂമൂണിനു ശേഷം 13 മണിക്കൂറെങ്കിലും കഴിഞ്ഞാൽ മാത്രമേ ഹിലാൽ ദൃശ്യമാകൂ എന്നർത്ഥം." - (മേൽ പറഞ്ഞ വ്യാഴാഴ്ചത്തെ ചന്ദ്രന്റെ പ്രായം 9-മണിക്കൂറേ ഉള്ളൂ എന്നറിയുക!)

3) ഇനി ചിന്തിക്കുക : 6, 7 മിനുട്ട് മാത്രം ആകാശത്തുള്ള ചന്ദ്രനെ കണ്ടാൽ അറിയിക്കണമെന്ന എ.പി. അബ്ദുൽ ഖാദർ മൗലവിയുടെ അറിയിപ്പിന്റെ അർത്ഥമെന്താണ്?

4) ഈ പുസ്തകത്തിന് എ.പി. തന്നെ എഴുതിയ അവതാരികയിലെ വാചകം കാണുക: "ഇരുപത്തൊമ്പതിന് ചന്ദ്രോദയം നടക്കുക എന്നതു മാത്രമല്ല അതു ദൃശ്യമാകുക എന്നതുകൂടി ഈ ആചാരങ്ങളുടെ അനുഷ്ഠാനങ്ങളിലുണ്ട്"-

വിശ്വാസിയുടെ സംശയം : "കാണാൻ കഴിയാത്ത ചന്ദ്രനെ കണ്ടാലറിയിക്കുക എന്ന ഹിലാൽ കമ്മിറ്റിയുടെ അറിയിപ്പ് ഇവിടെയും അപ്രസക്തമാകുന്നില്ലേ?

5) അവതാരികയിലെ മറ്റൊരു വാചകം കാണുക: "......ഗോളശാസ്ത്ര പ്രകാരം പിറവി കാണാൻ ഒരു സാധ്യതയുമില്ല, ആ ദിവസങ്ങളിൽ പിറവി കണ്ടു എന്ന് ആരെങ്കിലും പറഞ്ഞാൽ അതു നിരാകരിക്കപ്പെടണം എന്നതിൽ അഭിപ്രായന്തരത്തിന്നവകാശമില്ല."

വിശ്വാസിക്ക് ഇവിടെ രണ്ടു സംശയങ്ങളുണ്ട് : (1) ഈ തത്വം നബി പഠിപ്പിച്ചതാണോ? (2) കാണാത്ത ചന്ദ്രനെ കണ്ടാൽ ഹിലാൽ കമ്മിറ്റിയെ അറിയിക്കുകയെന്ന പത്ര അറിയിപ്പ് വീണ്ടും ആശയക്കുഴപ്പം സൃഷ്ടിക്കുകയല്ലേ ചെയ്യുന്നത്?

6) കെ.ജെ.യു. പ്രസിഡണ്ട് അബ്ദുൽ ഹമീദ് മദീനിയുടെ "ന്യൂമൂണും മാസപ്പിറവിയും" എന്ന പുസ്തകത്തിൽ ദർശനത്തെ ക്കുറിച്ചു പറയുന്നത് ഇനി പരിശോധിക്കാം : "അങ്ങിനെ ചന്ദ്രന്റെ പ്രായം 16 മണിക്കൂർ കഴിഞ്ഞ ശേഷം സൂര്യൻ അസ്തമിച്ചു." പടിഞ്ഞാറൻ ചക്രവാളത്തിൽ

പിറവിയെടുക്കുന്ന ചന്ദ്രനെ മാത്രമേ നവചന്ദ്രൻ എന്ന് പറയുകയുള്ളൂ.”

ഇദ്ദേഹവും കാണാത്ത ചന്ദ്രനെ കണ്ടാൽ അറിയിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. മാത്രമല്ല ചന്ദ്രൻ പടിഞ്ഞാറാണ് ഉദയം ചെയ്യുന്നതെന്ന അറിവില്ലായ്മയും അതാണ് നവചന്ദ്രനെന്ന അബദ്ധവും അദ്ദേഹത്തിന്റെ അറിയിപ്പിലുണ്ട്! വ്യാഴാഴ്ചത്തെ കേവലം 9 മണിക്കൂർ പ്രായമുള്ള കാണാത്ത ചന്ദ്രനെ കണ്ടാൽ അറിയിക്കണമെന്നാണ് അബ്ദുൽ ഹമീദ് മദീനിയും ആവശ്യപ്പെടുന്നത്!

7) ചാന്ദ്രപ്പിറവിയുമായി ബന്ധപ്പെട്ട് ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ വൈജ്ഞാനികതയെ ആശ്രയിക്കുകയും പിറ്റേ ദിവസം ആറാം നൂറ്റാണ്ടിലെ അജ്ഞതയിലേക്കു കൂപ്പുകുത്തുകയുമാണ് ഹിലാൽ കമ്മിറ്റി ചെയ്യുന്നത്. “നാം അക്ഷരജ്ഞാനമില്ലാത്ത പാമരജനതയാകുന്നു; നമുക്കു കണക്കു കൂട്ടാനും എഴുതാനും അറിഞ്ഞുകൂട; അതുകൊണ്ട് മാസം 29, 30 – 29 – 30 എന്നിങ്ങിനെയാകുന്നു” എന്ന റസൂൽ(സ)ടെ ഹദീസ് ഇവിടെ കൂട്ടി വായിക്കുക.

8) കുറ്റിച്ചിറ മഹല്ലിലെ ഒരു ഖാസി (ഈ മഹല്ലിൽ 3 ഖാസിമാരുണ്ടെന്നോർക്കുക) അദ്ദേഹത്തിന്റെ മാസപ്പിറവി അറിയിപ്പിൽ വെള്ളിയാഴ്ച ചന്ദ്രൻ ആകാശത്തുള്ള സമയം കൂടി അറിയിച്ചിരിക്കുന്നു എന്ന കാര്യം ഖാസിമാരുടെ ചരിത്രത്തിലെ വിസ്മയമാണ്. ഹിലാൽ കമ്മിറ്റി രൂപം കൊള്ളുകയും ചന്ദ്രന്റെ ഉദയാസ്തമനകണക്കുകൾ പറയാൻ തുടങ്ങുകയും ചെയ്തപ്പോൾ ഹിലാൽ കമ്മിറ്റി പിരിച്ചുവിടണമെന്ന് ആവശ്യപ്പെട്ട മരിച്ചു പോയ ഖാസിയുടെ പിൻഗാമിയായ ഇദ്ദേഹത്തിന്റെ ഗോളശാസ്ത്രാവബോധത്തെ കളിയാക്കുന്നില്ല – പക്ഷെ വെള്ളിയാഴ്ചത്തെ ചന്ദ്രനെ “കണ്ട” അദ്ദേഹം വ്യാഴാഴ്ച ത്തെ ചന്ദ്രനെ കണ്ടില്ലേ?

അദ്ദേഹത്തിന് 51 മിനുട്ടിന്റെ കാര്യം പഠിപ്പിച്ചു കൊടുത്ത വ്യക്തിക്ക് വ്യാഴാഴ്ചയിലെ സമയം കൂടി പറഞ്ഞ് കൊടുക്കാമായിരുന്നു.

വിശുദ്ധ ഖുർആന്റെ “മണവാട്ടി” എന്ന് വിശേഷിപ്പിക്കപ്പെട്ട

സൂറത്തു "റഹ്മാനി"ലെ 7 മുതൽ 9 വരെയുള്ള ആയത്തുകളും അവയ്ക്കു അമാനി മൗലവി നൽകിയ വ്യാഖ്യാനവും ഇവിടെ ചേർത്തു വായിക്കേണ്ടതുണ്ട്. ആകാശത്തെ സന്തുലിതത്വത്തിൽ മനുഷ്യൻ കൃത്രിമം കാട്ടരുതെന്ന താക്കീതാണ് അതിൽ നിന്ന് നമുക്കു ഗ്രഹിക്കാനാകുന്നത്. നമ്മൾ ചെയ്യുന്നത് ഈ സന്തുലിതത്വം തകർക്കുകയാണ്.

9) അവിശ്വാസത്തിന്റെ വർദ്ധന എന്ന് വിശുദ്ധ ഖുർആൻ താക്കീതു നൽകിയ – കാലത്തെ പിറകോട്ടു മാറ്റലാണ് നമ്മുടെ പണ്ഡിതന്മാർ ചെയ്തു വരുന്നത്. (സൂറ: തൗബ–37) മക്കയുടെ രണ്ടര മണിക്കൂർ മുമ്പിൽ സഞ്ചരിക്കുന്ന നമുക്കു 30–ാം തിയ്യതിയും നമുക്കു പിറകിൽ സഞ്ചരിക്കുന്ന മക്കയിൽ ഒന്നാം തിയ്യതിയും ആക്കിമാറ്റുന്ന നടപടിയെ മറ്റെന്താണ് വിളിക്കേണ്ടത്?

പിറവി നിർണ്ണയത്തിന് മക്കയുടെ ആകാശത്തെ കേന്ദ്രീകരിക്കുന്നതിനു പകരം കേരളത്തിന്റെ ആകാശത്തെ ആശ്രയിച്ചതാണ് ഈ അബദ്ധങ്ങൾക്കു കാരണം – മക്കയെ കേന്ദ്രീകരിക്കണമെന്നതിന് വിശുദ്ധ ഖുർആനിലെ സൂറ: ബഖറയിലെ 189–ാം ആയത്തു തെളിവുണ്ടായിട്ടും – മാത്രമല്ല മക്കയെ കേന്ദ്രീകരിച്ചില്ലെങ്കിൽ (മക്കക്കാരെയല്ല) സംഭവിക്കാവുന്ന അബദ്ധങ്ങൾക്കു സൂറ: യാസീനിലെ 40–ാം ആയത്തും തെളിവായുണ്ട്

**അടുത്ത ലക്കം : "ജില്ലാ കലക്ടറുടെ മാതൃക**

ലഘുലേഖ – III

# ജില്ലാ കലക്ടറുടെ മാതൃക

പി.സി. അബ്ദുൽ ലത്തീഫ്

"ചിന്തിക്കുന്നവർക്ക് നാം ഖുർആൻ എളുപ്പമുള്ളതാക്കിയിരിക്കുന്നു; ചിന്തിക്കുന്നവരായി ആരെങ്കിലുമുണ്ടോ" (വി.ഖുർആൻ – അൽഖമർ 54=17, 22, 32, 40)

"ഒരു ഗവേഷകനു രണ്ടു പ്രതിഫലമുണ്ട്; ഗവേഷണഫലം തെറ്റിയാൽ ഒരു പ്രതിഫലവും" (ഹദീസ്)

1970 മുതൽ മനസ്സിനെ പ്രയാസപ്പെടുത്തിയതും അതുകൊണ്ട് തന്നെ പഠിക്കാൻ ശ്രമിച്ചതുമായ ഒരു വിഷയത്തിന്റെ മൂന്നാമത്തെ ലഘുലേഖയാണ് നിങ്ങളുടെ കയ്യിൽ – ഒട്ടേറെ മത–ഗോള ശാസ്ത്ര പണ്ഡിതന്മാരിൽ നിന്നുള്ള അറിവുകളും അനുഭവങ്ങളും, കോഴിക്കോട്ടെ പ്ളാനറ്റേറിയം, മത–ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ, വിഷയവുമായി ബന്ധപ്പെട്ട സെമിനാറുകൾ, ചർച്ചകൾ, സംവാദങ്ങളുടെയും വിവാദങ്ങളുടെയും സി.ഡി.കൾ, ഖുർആനിൽ നിന്നും ഹദീസുകളിൽ നിന്നും കണ്ടെത്തിയ ഗോളശാസ്ത്ര വസ്തുതകൾ, വിവിധ വെബ് സെറ്റുകൾ തുടങ്ങി വിജ്ഞാനത്തിന്റെ കയ്യെത്താവുന്ന മേഖലകളിൽ നിന്നെല്ലാം ശേഖരിച്ചു കിട്ടിയവയും ചേർത്ത് വെച്ച് നടത്തിയ ഒരു എളിയ പഠനത്തിന്റെ കൈപ്പുസ്തകമാണിത്. അവ അല്ലാഹുവിന്റെ കലാമായ വിശുദ്ധ ഖുർആനിനു മുമ്പിൽ വിനയപൂർവ്വം സമർപ്പിക്കുകയും പ്രവാചകവചനങ്ങൾ അതോടു ചേർത്തു പരിശോധിക്കുകയും ചെയ്തു. ഇത് 2006ൽ പൊതു പ്രസിദ്ധീകരണത്തിന് നൽകണമെന്നായിരുന്നു ആഗ്രഹിച്ചത്. എന്നാൽ ഇത് പ്രസിദ്ധീകരിക്കുന്നതിനു പകരം ആദ്യം പണ്ഡിതന്മാർക്ക് നൽകണമെന്നായിരുന്നു എനിക്ക് ലഭിച്ച പണ്ഡിതോചിതമായ ഉപദേശം. അങ്ങിനെ പഠന റിപ്പോർട്ട് കഴിഞ്ഞ നാൽപ്പതു വർഷത്തെ സുഹൃത്ബന്ധം കൂടിയുള്ള കെ.എൻ.എം സംസ്ഥാന പ്രസിഡണ്ട് ജ: ടി.പി. അബ്ദുല്ലക്കോയ മദനി, ജനറൽ സെക്രട്ടറി ജ: എ.പി. അബ്ദുൽകാദർ മൌലവി, എം. മുഹമ്മദ് മദനി, അബ്ദുറഹിമാൻ സലഫി, ഒരു സമസ്ത പണ്ഡിതൻ തുടങ്ങിയവർക്ക് നൽകി. രണ്ടുവർഷം മുമ്പ് സകരിയാ സ്വലാഹി ഉൾപ്പെടെ മറ്റു പണ്ഡിതന്മാർക്കും ജ: പി.കെ. അഹമ്മദ് സാഹിബിനും സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിന്റെ പരിഷ്കരിച്ച ലേഖനങ്ങളാണിവ. അബ

ദ്ധങ്ങളോ തെറ്റുകളോ സംഭവിക്കാം. ചൂണ്ടി കാണിച്ചാൽ തിരുത്തുന്നതാണ്. നേരത്തെ പറഞ്ഞ പോലെ സ്വന്തം വിശ്വാസത്തെ ഒന്നിനോടും കെട്ടിയിടാതെ ശുദ്ധമായ തുറന്ന മനസ്സോടെ വായിക്കുന്നവർക്ക് മാത്രമേ ഇതിൽ നിന്നും വല്ലതും മനസ്സിലാക്കിയെടുക്കാനാകൂ എന്ന് വിനയപൂർവ്വം ആവർത്തിച്ചു കൊള്ളട്ടെ. കാരണം ഖബറിലും പരലോകത്തും നമ്മൾ ഒറ്റക്കായിരിക്കും. ഖാളിമാർ മാസമുറപ്പിച്ചു അതുകൊണ്ട് ഞാൻ നോമ്പെടുത്തു, അല്ലെങ്കിൽ എടുത്തില്ല. കമ്മിറ്റി തീരുമാനിച്ചു അതുകൊണ്ട് ഞാൻ നോമ്പെടുത്തു, അല്ലെങ്കിൽ എടുത്തില്ല എന്ന് പരലോകത്ത് വെച്ച് നമുക്ക് ഉത്തരം പറയുക സാധ്യമാണോ? നോമ്പുകൾ നഷ്ടപ്പെട്ടു പരലോകത്ത് എത്തുന്നതാണോ അല്ലാഹുവിനിഷ്ടം അതോ നോമ്പ് നഷ്ടമാകാതെ പരലോകത്തെത്തുന്നതോ എന്നാലോചിക്കുക.

സാധാരണക്കാരനായ ഒരു മുസ്ലിം ചോദിക്കുന്ന എപ്പോഴത്തെയും ഒരു ചോദ്യമുണ്ട് - ഈ തർക്കത്തിന് അവസാനമില്ലേ എന്ന്. ഒരു ചാന്ദ്രവർഷത്തെ 351 ദിവസങ്ങളും പ്രശ്നമില്ലാതെ കഴിയുന്നു. ഇത്രയും ദിവസങ്ങളിൽ ഒരുപക്ഷെ എല്ലാ ദിവസവും നാം കല്ല്യാണങ്ങൾ നടത്തി. കല്യാണകത്തുകളിൽ ഇംഗ്ലീഷ് മാസത്തിനു പുറമേ അറബി മാസവും ചേർത്തി. ചന്ദ്രോദയം നോക്കിയിട്ടാണോ കത്തിൽ ചാന്ദ്രമാസം ചേർത്തതെന്നു ആരും ആരോടും ചോദിച്ചില്ല. നിക്കാഹിനു ക്ഷണിച്ചു കൊണ്ടു വരപ്പെട്ട പണ്ഡിതനുമുണ്ടായിരുന്നില്ല സംശയം. ദശാബ്ദങ്ങൾ വേറിട്ട് നിന്ന കോഴിക്കോട്ടെ ഈദുഗാഹുകൾ ഒന്നിപ്പിക്കാൻ ഒരു ജില്ലാ കലക്ടർ നമുക്ക് വേണ്ടി വന്നു. എന്നാൽ വ്രതം തീരുമാനിക്കാനും പണ്ഡിതനല്ലാത്ത ഒരു മൂന്നാം കക്ഷിക്കുവേണ്ടി നമ്മൾ കാത്തിരിക്കണമോ? ഈദ്ഗാഹ് വിഷയത്തിൽ ജമാ അത്തെ ഇസ്ലാമിയോടുള്ള ആദർശ ഭിന്നത മാറ്റി വെക്കാൻ മുജാഹിദുകൾക്കു കഴിഞ്ഞു അതേ പോലെ മുജാഹിദിലെ രണ്ടു വിഭാഗവും പരസ്പര വൈരം മറന്നു! ഐക്യത്തെക്കുറിച്ച് പ്രസംഗിക്കാറുള്ളവരാണല്ലോ മൂന്നു വിഭാഗങ്ങളും. വിശുദ്ധ ഖുർആന്റെയും തിരുസുന്നത്തിന്റെയും അടിസ്ഥാനത്തിൽ സ്വയം തോന്നേണ്ട ഐക്യബോധം മൂന്നു പണ്ഡിതസംഘടനകൾക്കു തോന്നാൻ അഞ്ചാം ക്ലാസ് മദ്രസാ വിദ്യാഭ്യാസം മാത്രം നേടിയിട്ടുള്ള ഒരു ജില്ലാ കലക്ടർ ഇടപേടേണ്ടി വന്നു എന്നത് തുറന്നു പറഞ്ഞാൽ നാണക്കേടാണ്. ഇതേ നാണക്കേട് നോമ്പിന്റെയും പെരുന്നാളിന്റെയും വിഷയത്തിലും സംഭവിക്കുന്നതിനുമുമ്പ് ഖുർആന്റേയും തിരുസുന്നത്തിന്റെയും അടിസ്ഥാ

നത്തിലുള്ള ഒരു കൂടിചേരൽ ഇവിടെയും ആവശ്യമായി വരുന്നു എന്ന സത്യം മറന്നുപോകരുത്. നോമ്പിന്റെ തീരുമാനം പ്രഖ്യാപിക്കപ്പെടുമ്പോൾ ഒരു കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ - ഖുർആൻ ആ സന്ദർഭത്തിൽ ചർച്ച ചെയ്യപ്പെടാറില്ല! ഹദീസുകൾ കൊണ്ടുള്ള മാത്സര്യമാണ് നമ്മൾ കേൾക്കാറുള്ളത്. അതോടെ റമളാൻ ആരംഭിച്ചു എന്നറിഞ്ഞിട്ടും ആ വിശുദ്ധ ദിവസത്തിൽ തിന്നും കുടിച്ചും നാം കഴിച്ചുകൂട്ടേണ്ടി വരുന്നു! ഓരോ വർഷവും ഓരോ നോൽമ്പ് വീതം നമുക്കു നഷ്ടപ്പെടുന്നു. 45 വയസ്സുള്ള ഒരാൾക്ക് 30 നോൽമ്പ് നഷ്ടമായി. അതായത് ഒരു റമദാൻ സമ്പൂർണ്ണമായും വിനഷ്ടമായി!!

പരലോകത്ത് കർമ്മങ്ങൾ ശൂന്യമാകുന്ന ഈ നഷ്ടത്തിൽ നിന്ന് മോചിതരാകാൻ എന്തുണ്ട് വഴി?

ഈ ലേഖന പരമ്പര അതിലേക്കുള്ള വഴിയുടെ ചവിട്ടുപടികളാണ്. വിഷയം മനസ്സിലാക്കി തെറ്റ് തിരുത്താൻ ആദ്യം വേണ്ടത് ശുദ്ധമായ മനസ്സാണ്. വിശുദ്ധ ഖുർആനും തിരുസുന്നത്തുകളും അല്ലാത്ത എല്ലാ ബന്ധനങ്ങളെയും മാറ്റി വെക്കാൻ തയ്യാറുള്ളവർക്ക് മാത്രമേ ഇത് ഉൾക്കൊള്ളാൻ സാധ്യമാകൂ.

പ്രവാചകഭാഷയിൽ "കുല്ലു മഹ്മൂമുൽ ഖല്ബ്" (തുടച്ചു മിനുക്കി ക്ലീനാക്കിയ ഖല്ബ്) ആദ്യം തയ്യാറാക്കി വെക്കുക. സൂര്യനും ചന്ദ്രനുമാണ് നമ്മുടെ പ്രധാന ചാർച്ചാ കേന്ദ്രങ്ങൾ. അല്ലാഹു നിജപ്പെടുത്തിയ ഒരു കണക്കനുസരിച്ചാണ് അവ സഞ്ചരിക്കുന്നതെന്നതിനു വിശുദ്ധ ഖുർആനിൽ എത്രയും തെളിവുകളുണ്ടുതാനും.

സൂര്യന്റെ പ്രധാന ധർമങ്ങളിൽ ഒന്ന് സമയം നിർണയിക്കുകയാണ്. സൂറ ഇസ്രായിലെ 78-ാംമത്തെ ആയത്ത് പരിശോധിക്കുക. 'സൂര്യൻ ആകാശ മധ്യത്തിൽ നിന്ന് തെറ്റിയത് മുതൽ രാത്രി ഇരുട്ടുന്നത് വരെ നീ നിശ്ചിത സമയങ്ങളിൽ നമസ്കാരം മുറപോലെ നിർവഹിക്കുക.' (17 : 78)

ഈ ആയത്ത് ലോകത്തിലെ മുഴുവൻ മനുഷ്യർക്കും ബാധകമായ റബ്ബിന്റെ പ്രകൃതി നിയമവ്യവസ്ഥയാണ്.... ഭൂമിയിലെ വിവിധ ഭാഗങ്ങളിൽ സമയം വ്യത്യസ്തമായിരിക്കുമെന്നു മാത്രം. ഈ ആയത്ത് അവതരിക്കപ്പെടുമ്പോൾ സമയമറിയാൻ വാച്ചോ മറ്റു ശാസ്ത്രീയ സംവിധാനങ്ങളോ ഉണ്ടായിരുന്നില്ല. കുന്തം അല്ലെങ്കിൽ വടി നിലത്തു കുത്തി നിഴലിന്റെ തോത് കണക്കാക്കി നമസ്കാരത്തിന്റെ സമയം നിർണ്ണയിച്ചു കൊള്ളാനാണ് പ്രവാചക തിരുമേനി സ്വഹാബാക്കളെ പഠിപ്പിച്ചത്. കണക്കുകൂട്ടാൻ അറിയുന്ന ഒരു

കാലം വന്നാൽ കണക്കുകൂട്ടാനും ആവശ്യപ്പെട്ടു. ചൈനയിലാണ് സമയമറിയാനുള്ള സംവിധാനം കണ്ടുപിടിച്ചത്. പിന്നീട് കലണ്ടർ രൂപം കൊണ്ടു. നോമ്പ് തുറക്കുന്നത് പോലും കലണ്ടർ നോക്കിയിട്ടായി. സൂര്യൻ അസ്തമിക്കുന്നത് കണ്ടുകൊണ്ടായിരുന്നു പ്രവാചക കാലഘട്ടം മുതൽ വളരെ കാലം നോമ്പ് തുറന്നിരുന്നത്. സൂര്യാസ്തമന സമയമാണ് മഗ്റിബിന്റെ സമയമെന്ന് നമുക്കറിയാം. എന്നാൽ വാച്ച് നോക്കിയാണ് നാം നോമ്പ് തുറക്കുന്നത് പോലും. വിശുദ്ധ ഖുർആനിൽ നിന്നും ഹദീസുകളിൽ നിന്നും ആശയമാണു നാം എടുക്കേണ്ടത്. പദാനുപദ അർഥങ്ങളല്ല. ഒരു ഉദാഹരണം ശ്രദ്ധിക്കുക; കോഴിക്കോട് വിമാനതാവളത്തിൽ നിന്ന് ഒരു മുസ്ലിം ഒരു റമളാനിൽ വൈകീട്ട് ആറു മണിക്ക് സൗദിയിലേക്ക് പോകുന്നു എന്ന് വെക്കുക. കോഴിക്കോട്ടെ അന്നത്തെ നോമ്പ് തുറ സമയം അഥവാ മഗ്രിബ് ബാങ്കിന്റെ സമയം 6.30 ആണെന്നും കരുതുക. വിമാനം സൗദിക്ക് പോയിക്കൊണ്ടിരിക്കെ നമ്മുടെ മഗ്രിബിന്റെ സമയം രണ്ടര മണിക്കൂർ കണ്ട് അകന്നുപോയിക്കൊണ്ടിരിക്കും. കാരണം നമ്മുടെ സമയത്തിനും രണ്ടര മണിക്കൂർ പിറകിലാണ് സൗദി. പ്രവാചകൻ പഠിപ്പിച്ചത് സൂര്യാസ്തമനമാണു നോമ്പുതുറ സമയമെന്നാണ്. പദാനുപദ അർത്ഥത്തിലേക്കു കടന്നാൽ വിമാനത്തിലെ യാത്രക്കാർ രണ്ടര മണിക്കൂറെങ്കിലും നമ്മുടെ മഗ്രിബ് കഴിഞ്ഞു നോമ്പ് തുറക്കാനായി കാത്തിരിക്കേണ്ടി വരും. മനുഷ്യ ശരീരത്തിന് ഈ അവസ്ഥ പ്രയാസമുണ്ടാക്കും. ശരീരത്തിലെ ജലാംശം വറ്റി ഒരു പക്ഷേ മരണം വരെ സംഭവിച്ചേക്കും. അപ്പോൾ വിശ്വാസി എന്തു ചെയ്യും? വിശുദ്ധ ഖുർആനിലെ അൽ ബഖറ 185 ആം ആയത്തിലേക്ക് കടക്കുക. "അല്ലാഹു നിങ്ങൾക്ക് എളുപ്പമാണ് ഉദ്ദേശിക്കുന്നത്. അല്ലാഹു പ്രയാസമല്ല ഉദ്ദേശിക്കുന്നത്. "വിമാനം പുറപ്പെട്ട രാജ്യത്തെ മഗ്രിബിന്റെ സമയമനുസരിച്ച് വിമാനത്തിന്റെ അകത്ത് വെച്ചു നോമ്പ് തുറക്കുകയേ നിർവ്വാഹമുള്ളൂ. അതാണ് ബുദ്ധി. "ബുദ്ധിയാകുന്നു എന്റെ ദീനിന്റെ അടിത്തറ" എന്ന് പ്രവാചകൻ (സ) പഠിപ്പിക്കുന്നു. മുആദ്(റ)നെ യമനിലേക്കയച്ചപ്പോൾ പ്രവാചകനും മുആദും തമ്മിൽ നടന്ന പ്രസിദ്ധമായ സംഭാഷണം ലോകാവസാനം വരെയുള്ള വിശ്വാസികൾക്ക് മാർഗ്ഗദർശനമാണ്. യമനിലെ വിശ്വാസികളുടെ പ്രശ്നങ്ങൾക്ക് മുആദെ താങ്കൾ എങ്ങിനെ വിധി കൽപ്പിക്കും എന്ന പ്രവാചകന്റെ ചോദ്യത്തിന് "പ്രവാചകരേ വിശുദ്ധ ഖുർആൻ അനുസരിച്ച് ഞാൻ വിധി നൽകും" എന്ന് മുആദ് മറുപടി പറയുന്നു.അടുത്ത ചോദ്യം.

“വിശുദ്ധ ഖുർആനിൽ അത് നിനക്ക് കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിലോ മുആദെ?” പ്രവാചകന്റെ സുന്നത്തനുസരിച്ച് ഞാൻ വിധി നൽകുമെന്ന് മുആദ് പ്രത്യുത്തരം നൽകി. അപ്പോൾ വീണ്ടും തിരുമേനിയുടെ ചോദ്യം. മുആദ് എന്റെ ചര്യയിലും കണ്ടെത്താൻ നിനക്ക് കഴിഞ്ഞില്ലെങ്കിലോ? അതിനു മുആദ് നൽകിയ ഉത്തരമാണ് നാം ശ്രദ്ധിക്കേണ്ടത്. “പ്രവാചകരെ വിശുദ്ധ ഖുർആനും തിരുസുന്നത്തും മുമ്പിൽ വെച്ച് എന്റെ ബുദ്ധി ഉപയോഗിച്ച് ഞാൻ തീരുമാനം കണ്ടെത്തും.” ഇത് കേട്ടതോടെ റസൂൽ തിരുമേനി(സ) മുആദ്(റ)ന്റെ നെഞ്ചത്ത് തട്ടി അഭിനന്ദിക്കുകയും പ്രാർത്ഥിക്കുകയുമാണ് ചെയ്തത്.”

സൂര്യൻ മാസങ്ങളോളം ആകാശത്തുണ്ടാകുകയും മാസങ്ങളോളം ഇല്ലാതാവുകയും ചെയ്യുന്ന അന്റാർട്ടിക്കാ പ്രദേശത്തു പകലിന്റെ സമയനിർണ്ണയമാണ് നോൽമ്പിന്റെ ദൈർഘ്യം. കണക്കിനെയാണ് ഇവിടെ ആശ്രയിക്കേണ്ടത്. വിശുദ്ധ ഖുർആനിൽ നിന്ന് ഇതു സംബന്ധിച്ച സൂക്തം കണ്ടെത്തുക സാധ്യമല്ല; ഹദീസിലും ലഭ്യമല്ല. ഖുർആനും ഹദീസും മുമ്പിൽ വെച്ച് തീരുമാനം കണ്ടെത്തുകയാണ് വേണ്ടത്.

**അടുത്ത ലക്കം :**

**“വിമാനത്തിൽ വെച്ച് പണ്ഡിതൻ കാണിച്ച മാതൃക.”**

ലഘുലേഖ – IV

# വിമാനത്തിൽ വെച്ച് പണ്ഡിതൻ കാണിച്ച മാതൃക

പി.സി. അബ്ദുൽ ലത്തീഫ്

കേരള നദവത്തുൽ മുജാഹിദീന്റെ പ്രഗത്ഭനായ ഒരു പണ്ഡിതൻ ഒരു റമളാനിൽ കാലിക്കറ്റ് എയർപോർട്ടിൽ നിന്ന് സൗദിക്ക് പുറപ്പെടുന്നു. നോമ്പ് തുറക്കാൻ ചുരുക്കം സമയമേ ബാക്കിയുള്ളൂ. വിമാനം സഞ്ചരിച്ചുകൊണ്ടിരിക്കെ ഇന്ത്യയിലെ അഥവാ കേരളത്തിലെ നോമ്പ് തുറ സമയമായി. പക്ഷേ ആകാശത്ത് സൂര്യൻ അസ്തമിക്കാൻ മണിക്കൂറുകൾ ബാക്കി. എന്ത് ചെയ്യണമെന്ന ആശങ്കയിലായി യാത്രക്കാർ. അവരിൽ മുജാഹിദ് ആദർശമുള്ളവരും സുന്നി ആശയമുള്ളവരുമുണ്ട്. ഏതാനും നേരത്തെ ആലോചനക്കു ശേഷം പണ്ഡിതൻ തീരുമാനമെടുത്തു. വാച്ചിൽ നോക്കി നാട്ടിലെ മഗ്രിബിന്റെ സമയമായെന്ന് ഉറപ്പുവരുത്തി അദ്ദേഹം നോമ്പ് തുറന്നു. മുജാഹിദ് ആദർശക്കാരായ സഹയാത്രികരും നോമ്പ് തുറന്നു. സുന്നി ആദർശക്കാരായ യാത്രക്കാരും പിന്നെ ആലോചിച്ചു നിന്നില്ല. ആകാശത്ത് സൂര്യൻ ഉണ്ടായിരിക്കെ തന്നെ അവരും നോമ്പ് തുറന്നു. ഖുർആനും തിരുസുന്നത്തും മുമ്പിൽ വെച്ച് പണ്ഡിതൻ ഒരു തീരുമാനം എടുക്കുകയാണ് ചെയ്തത്. ഈ നടപടിക്കു ഏത് ആയത്തിന്റെ പിൻബലം അല്ലെങ്കിൽ ഏത് ഹദീസിന്റെ തെളിവ് എന്ന് ചോദിച്ചാൽ ഒരൊറ്റ തെളിവും ഹാജരാക്കാൻ ലോകത്തെ ഒരു പണ്ഡിതനും സാധ്യമല്ല. “സൂര്യനും ചന്ദ്രനും ഒരു നിശ്ചിത കണക്കനുസരിച്ചാകുന്നു സഞ്ചരിക്കുന്നത്.” എന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു. സൂറ യുനുസിൽ അഞ്ചാമത്തെ ആയത്തിൽ അല്ലാഹു വീണ്ടും വ്യക്തമാക്കുന്നു: ഈ പണ്ഡിതനോട് തന്നെ നേരിട്ട് ഈ ചോദ്യം ഉന്നയിക്കുകയുണ്ടായി. അദ്ദേഹത്തിനു മറുപടിയില്ല. “സൂര്യനെ ഒരു പ്രകാശമാക്കിയത് അവനാകുന്നു. ചന്ദ്രനെ അവനൊരു ശോഭയാക്കുകയും അതിനു ഘട്ടങ്ങൾ നിർണയിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ കൊല്ലങ്ങളുടെ

എണ്ണവും കണക്കും അറിയുന്നതിന് വേണ്ടി യഥാർത്ഥ മുറ പ്രകാരമല്ലാതെ അല്ലാഹു അതൊന്നും സൃഷ്ടിച്ചിട്ടില്ല.

മനസ്സിലാക്കുന്ന ആളുകൾക്ക് വേണ്ടി അല്ലാഹു തെളിവുകൾ വിശദീകരിക്കുന്നു. (2:105) സൂറ ഇസ്രാ ഇൽ തെളിവ് വീണ്ടും കാണുക. രാവിനെയും പകലിനെയും നാം രണ്ടു ദൃഷ്ടാന്തങ്ങളാക്കിയിരിക്കുന്നു. രാവാകുന്ന ദൃഷ്ടാന്തത്തെ നാം മങ്ങിയതാക്കുകയും പകലാകുന്ന ദൃഷ്ടാന്തത്തെ നാം പ്രകാശം നല്കുന്നതാക്കുകയും ചെയ്തിരിക്കുന്നു. നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള അനുഗ്രഹം നിങ്ങൾ തേടുന്നതിനു വേണ്ടിയും കൊല്ലങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ മനസ്സിലാക്കുന്നതിന് വേണ്ടിയും. ഓരോ കാര്യവും നാം നല്ല വണ്ണം വിശദീകരിച്ചിരിക്കുന്നു." (17:12) ഈ കണക്കിനെയാണ് കൃത്യതക്ക് വേണ്ടി ഒരു വിശ്വാസി അവലംബിക്കേണ്ടത്. സൂര്യന്റെ കാര്യത്തിലെന്ന പോലെ ചന്ദ്രന്റേതും കണക്കാണ് ആശ്രയിക്കേണ്ടതെന്നു വിശുദ്ധ ഖുർആൻ സിദ്ധാന്തിക്കുന്നു. ഓരോ നാട്ടിലും സൂര്യോദയത്തിന്റെയും അസ്തമനത്തിന്റെയും ഇടക്കുള്ള സമയമെത്രയോ അത്രയും സമയമേ ഒരു വിശ്വാസി നോമ്പിൽ നിൽക്കേണ്ടതുള്ളു എന്നാണല്ലോ ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത്. കണക്കിനെക്കുറിച്ചുള്ള ഈ തിരിച്ചറിവ് വിശുദ്ധ റമളാൻ വ്രതത്തിന്റെ കാര്യത്തിലും ഉണ്ടായെങ്കിൽ റമളാൻ സമാഗതമായി എന്നറിഞ്ഞിട്ടും നോമ്പെടുക്കാതെ കഴിച്ചു കൂട്ടുകയെന്ന ഹറാം ചെയ്യേണ്ടി വരില്ലായിരുന്നു. പണ്ഡിതന്മാർ അത് മനസ്സിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

### ചന്ദ്രന്റെ ഡ്യൂട്ടി

തിയ്യതി നിർണയത്തിന് ചന്ദ്രനെ ആശ്രയിക്കാനാണ് ഖുർആൻ ആവശ്യപ്പെടുന്നത്. അതിനുള്ള നിർദേശം സൂറത്ത് അൽബഖറ 189-ാംമത്തെ ആയത്തിലൂടെ അല്ലാഹു നൽകുന്നത് കാണുക. "നബിയെ നിന്നോടവർ ചന്ദ്രക്കലകളെപ്പറ്റി ചോദിക്കുന്നു. പറയുക മനുഷ്യരുടെ ആവശ്യങ്ങൾക്കും ഹജ്ജ് തീർത്ഥാടനത്തിനും തിയ്യതി നിശ്ചയിക്കുന്നതിനുള്ള ഉപാധികളാകുന്നു അവ. ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ ഏതൊരാളുടെയും ജനന-മരണ തിയ്യതികൾ നിർണയിക്കേണ്ടത്

ചാന്ദ്രമാസക്കണക്കിന്റെ അടിസ്ഥാനത്തിലാകണം. സക്കാത്ത് നിർവഹിക്കേണ്ടതും ചാന്ദ്രതിയ്യതി പ്രകാരമായിരിക്കണം. ഓരോരുത്തരുടെയും സക്കാത്ത് വിവിധമാസങ്ങളിലും തിയ്യതികളിലും ആയിരിക്കുമെന്നതിനാൽ ഒരു വിശ്വാസിയുടെ വീട്ടിൽ ഒരു ഹിജിരി കലണ്ടർ ആവശ്യമായി വരുന്നില്ലേ? ഓരോ മാസത്തിന്റെയും മധ്യത്തിലെ മൂന്നു സുന്നത്ത് നോമ്പുകൾ അനുഷ്ടിക്കേണ്ടതും ചാന്ദ്ര തിയ്യതി പ്രകാരമായിരിക്കണം. അപ്പോൾ ചന്ദ്രനാകണം ഭൂമിയിൽ തിയ്യതി നിശ്ചയിക്കേണ്ടത് എന്നാണ് വിശുദ്ധ ഖുർആൻ സിദ്ധാന്തിക്കുന്നത്. ആ തിയ്യതി എവിടെ നിന്ന് തുടങ്ങണം എന്ന ചോദ്യത്തിന് ഉത്തരം ലഭിക്കേണ്ടതുണ്ട്. അതിനും നമുക്ക് വിശുദ്ധ ഖുർആന്റെ സഹായം തേടാം.

അൽ ബഖറയിലെ ആയത്തിൽ അല്ലാഹു തിയ്യതി നിർണയത്തെ ഹജ്ജുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ഹജ്ജാകട്ടെ മക്കയിലുമാണ്. മക്കയാകട്ടെ ഭൂമിയുടെ ഏതാണ്ട് മധ്യത്തിലുമാണ്. മക്കയിലെ ആകാശത്ത് ചന്ദ്രന്റെ പിറവി സംഭവിക്കുന്നത് എപ്പോൾ എന്നത് കൃത്യമായും ലഭ്യമാണ്. എത്ര വർഷത്തേത് വേണമെങ്കിലും സൗദി വെബ്സൈറ്റിലോ അമേരിക്കയുടെ നാസാ വെബ്സൈറ്റിലോ കണ്ടെത്താം. മക്കയിൽ അവരുടെ ദിനാരംഭ സമയത്തും സൗദിക്ക് കിഴക്ക് ഭാഗത്തുള്ള രാജ്യങ്ങൾ അവരുടെ ദിനാരംഭ സമയത്തും തിയ്യതി ആരംഭിക്കും അപ്പോൾ മക്കക്കു രണ്ടര മണിക്കൂർ മുമ്പിൽ സഞ്ചരിക്കുന്ന നമുക്കും മുൻകൂട്ടി തിയ്യതി നിർണയം നടത്താം. നോമ്പും പെരുന്നാളും പിഴക്കില്ല. നോമ്പ് ദിവസം ഭക്ഷണം കഴിക്കുക എന്ന ഹറാം സംഭവിക്കില്ല. അതേ പോലെ പെരുന്നാൾ ദിവസം നോമ്പെടുക്കുകയെന്ന ഹറാമും ചേയ്യേണ്ടിവരില്ല. അറഫാ ദിന വ്രതാനുഷ്ഠാനം അറഫാ ദിനത്തിൽ തന്നെ നിർവഹിക്കാനാകും (സഊദിയും കണക്കിനെ ആശ്രയിക്കണം) ബലി കർമ്മവും തെറ്റ് കൂടാതെ വിശ്വാസികൾക്ക് നിർവഹിക്കാനാകും. മറിച്ചാകുമ്പോൾ വിശുദ്ധ ഖുർആൻ കുഫിരിയ്യത്തിന്റെ വർധന എന്ന് വിശേഷിപ്പിച്ചതെന്തോ അത് സംഭവിക്കും. “ഇന്നമന്നസീ ഉ സിയാദതുൻ ഫിൽ കുഫ്ർ (തീർച്ചയായും കാലത്തെ പിറകോട്ട് മാറ്റുക എന്നത് അവിശ്വാസത്തിലുള്ള വർധനവ് തന്നെയാകുന്നു.” (വിശുദ്ധ ഖുർ

ആൻ 9:37) ഈ ആയത്ത് നമുക്ക് ബാധകമല്ലെന്ന് വാദിക്കുന്ന പണ്ഡിതന്മാരുണ്ട്. അവർ ഹറാമും ഹലാലും സംഘടനാവ ല്ക്കരിച്ചതാണ് ഇതിനു ഒരു കാരണം. രണ്ടാമത്തെ കാരണം ഈ വിഷയം കൈകാര്യം ചെയ്യുന്നേടത്ത് നമുക്കു "ഇഷ്ടമി ല്ലാത്ത" വ്യക്തികൾ കടന്നുവന്നു എന്നതാണ്. "ആളെ നോക്കണ്ട തെളിവ് നോക്കുക" എന്ന പണ്ഡിതന്മാരിൽ പണ്ഡിതനായിരുന്ന ഉമർ മൗലവിയുടെ വാക്കുകൾ നാം വിസ്മരിക്കാമോ? (പ്രവാചക വചനം ഉദ്ധരിച്ചുകൊണ്ട് തന്റെ പ്രിയപ്പെട്ട "സൽ സബീലിന്റെ" കവർ പേജിൽ തന്നെ ആ മഹാനുഭാവൻ പ്രസ്തുത വചനം അച്ചടിക്കാറുള്ളത് നമുക്ക റിയാം). ഇനിയുമുണ്ട് മൂന്നാമതൊരു കാരണം. മറുഭാഗത്തു ള്ളവരോട് പുലർത്തി വരുന്ന വ്യക്തി വിരോധം ഈഗോ ആണ് നാലാമത്തെ കാരണം. ഇവരുമായുള്ള സ്വകാര്യ സംഭാഷണങ്ങളിൽ നിന്ന് അതു മനസ്സിലാക്കാം.

നേരത്തെ പറഞ്ഞ പോലെ ഖുർആൻ നിഷ്കർഷിക്കുന്ന വിശാല ഹൃദയത്തോടെ കാലത്തിന്റെ മാറ്റിമറിക്കൽ എങ്ങിനെ സംഭവിക്കുന്നു എന്ന് വിശുദ്ധ ഖുർആനിന്റെയും തിരുസുന്ന ത്തിന്റെയും അടിസ്ഥാനത്തിൽ നമുക്ക് പരിശോധിക്കാം. അതിന്റെ മുന്നോടിയായി അല്ലാഹുവിന്റെ ഏതാനും വചന ങ്ങളിലൂടെ നമുക്ക് കടന്നു പോകാം. "ഈ ഗ്രന്ഥത്തിൽ നാം യാതൊന്നും തന്നെ പറയാതെ വിട്ടുകളഞ്ഞിട്ടില്ല." (വി.ഖു. 6:38). "തീർച്ചയായും ചിന്തിക്കുന്നവർക്ക് ഖുർആൻ നാം എളു പ്പമുള്ളതാക്കിയിരിക്കുന്നു. അതിനാൽ ചിന്തിക്കുവാൻ തയ്യാ റുള്ളവർ ആരെങ്കിലുമുണ്ടോ?" (വി.ഖു. 54:17, 22, 32, 40, 51). "തീർച്ചയായും ജന്തുക്കളുടെ കൂട്ടത്തിൽ ഏറ്റവും നികൃഷ്ട ന്മാർ ബുദ്ധി കൊടുത്തു ആലോചിക്കാത്ത "ഊമകളും" "ബധി രന്മാരും" ആകുന്നു." (8:22) (അന്വേഷിച്ചു മനസ്സിലാക്കാനുള്ള സംസാര ശേഷിയും കേട്ട് മനസ്സിലാക്കാനുള്ള ചെവികളും ആലോചിക്കുവാനുള്ള തലച്ചോറും ഉണ്ടായിട്ടും അതിനു തയ്യാ റില്ലാത്തവർ എന്നർത്ഥം). ഈ വിഷയവുമായി രണ്ടു മുജാ ഹിദ് വിഭാഗം പണ്ഡിതന്മാരെയും ജമാഅത്തു പണ്ഡിതന്മാരേയും സമീപിച്ചവർക്കുണ്ടായ അനുഭവങ്ങൾ ഇൻശാ അല്ലാഹ് മറ്റൊരവസരത്തിൽ പ്രതിപാദിക്കാം.

കേരളത്തിൽ ഓരോ റമളാനിലും സംഭവിക്കുന്നത് കാല

ത്തിന്റെ മാറ്റി മറിക്കൽ തന്നെയാണ്. രണ്ടര മണിക്കൂർ മക്കക്കു മുമ്പിൽ സഞ്ചരിക്കുന്ന നാം പെട്ടെന്ന് ഹിലാൽ കമ്മിറ്റിയുടെയോ ഖാളിമാരുടെയോ ഒരു അറിയിപ്പിലൂടെ എങ്ങിനെയാണ് മക്കക്ക് പിറകോട്ട് ചാടുക? ഇങ്ങിനെ ഒരു മറിമായം നമ്മൾ ചെയ്യേണ്ടി വരുന്നത് മക്കയുടെ ആകാശത്ത് നിന്ന് ചന്ദ്രനെ കേരളത്തിന്റെ ആകാശത്തേക്ക് ചുരുക്കിക്കളഞ്ഞതാണ്. കൊല്ലത്തിൽ 351 ദിവസവും തിയ്യതിയിലും സമയത്തിലും മക്കയുടെ മുമ്പിൽ സഞ്ചരിക്കുന്ന നമുക്ക് പെട്ടെന്ന് മക്കക്ക് പിറകോട്ട് മാറാൻ അല്ലാഹുവോ അവന്റെ പ്രവാചകനോ അനുവാദം തന്നിട്ടുണ്ടോ? വിഷയം പഠിക്കാൻ തയ്യാറുള്ള വരെ വേണം അതേൽപ്പിക്കാൻ. അബദ്ധങ്ങൾ ഒട്ടേറെ തവണ തിരുത്തിയവരാണ് നമ്മൾ. ആധുനിക ആസ്ട്രണമിയല്ല അവർ പഠിക്കേണ്ടത്. വിശുദ്ധ ഖുർആനിൽ തന്നെയുള്ള ഗോളശാസ്ത്രമെങ്കിലും പഠിച്ചിരിക്കണം. ഈദ്ഗാഹ് ഐക്യത്തിനു കളക്ടറെ അനുസരിക്കാം എങ്കിൽ ഇവിടെ ഡോ. സി.കെ. രാമചന്ദ്രനെയെങ്കിലും സമീപിക്കാവുന്നതാണ് അല്ലെങ്കിൽ ജാഫർഖാൻ കോളനിയിലെ പ്ലാനറ്റേറിയത്തെയെങ്കിലും! (1999 ജനുവരിയിൽ ചെയ്തതുപോലെ)

**അടുത്ത ലക്കം : "ഗോളശാസ്ത്രം ഖുർആനിൽ'**

# ഗോളശാസ്ത്രം ഖുർആനിൽ

പി.സി. അബ്ദുൽ ലത്തീഫ്

2004 നവംബർ 9നു കോഴിക്കോട് നടന്ന ഒരു പൊതു പരിപാടിയിൽ പ്രസംഗിക്കവേ ഡോ. സി.കെ. രാമചന്ദ്രൻ ഇങ്ങിനെ പ്രസ്താവിച്ചു. "എല്ലാ ശാസ്ത്രവും ഖുർആനിൽ നിന്ന് വായിച്ചെടുക്കാം. 'ഗോളശാസ്ത്രം ഉൾപ്പെടെ'. ഈ കുറിപ്പെഴുതുന്നയാൾ ആറു വർഷം മുമ്പ് കേരള നദ്‌വത്തുൽ മുജാഹിദ്ദീൻ പണ്ഡിതന്മാർക്കും സമസ്തക്കും സമർപ്പിച്ച സമഗ്രമായ ഒരു പഠന റിപ്പോർട്ടിൽ വിശുദ്ധ ഖുർആനും തിരു സുന്നത്തും മുമ്പിൽ വെച്ച് നടത്തിയ ഒരു ഗോള ശാസ്ത്ര കണക്ക് അൽപ്പം പരിഷ്കരണത്തോടെ ഇവിടെ ചേർക്കുന്നു.

സൂറ അൽ ബഖറ മുതൽ അ-ന്നാസ് വരെയുള്ള വിശുദ്ധ ഖുർആനിലെ ആറായിരത്തിൽ പരം ആയത്തുകളിൽ നിന്ന് ദിവസം എന്ന് അർത്ഥം വരുന്ന പദങ്ങൾ ശേഖരിക്കുക. 365 സ്ഥലങ്ങളിൽ നമുക്ക് ആ പദങ്ങൾ കണ്ടെത്താം. ഇത് ഒരു സൂര്യ വർഷ ദിനങ്ങളോടു അടുത്ത് നിൽക്കുന്നതിനാൽ നമുക്കതിനെ ആ ഗണത്തിലേക്ക് മാറ്റിവെക്കാം. ഒരു വർഷത്തിനു എത്ര മാസങ്ങളുണ്ട്? പ്രയാസമില്ല വ്യക്തമായ ആയത്ത് തന്നെ നമ്മുടെ മുമ്പിലെത്തുന്നു. "ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച ദിവസം മുതൽ അല്ലാഹുവിന്റെ രേഖയിൽ ഒരു വർഷത്തിനു പന്ത്രണ്ടു മാസങ്ങളാകുന്നു. (വി.ഖു. 9:36) ഇനി ഒരു മാസത്തെ ദിനങ്ങളുടെ എണ്ണം കിട്ടണം.

രണ്ടുതരം വർഷങ്ങളുണ്ട് എന്ന് നമുക്കറിയാം. സൂര്യവർഷവും ചാന്ദ്രവർഷവും. രണ്ടിനും പന്ത്രണ്ടു മാസങ്ങളുണ്ട്. ഈ രണ്ടുതരം വർഷങ്ങളെ താരതമ്യം ചെയ്യാൻ എന്തുണ്ട് വഴി? അതിൽ നിന്ന് നമുക്ക് ചാന്ദ്രവർഷ ദിന

ങ്ങൾ കണക്കുകൂട്ടി എടുക്കാൻ കഴിയുമോ? വിശുദ്ധ ഖുർ ആനിൽ ഇതിലേക്ക് നയിക്കുന്ന എന്തെങ്കിലും തെളിവു കൾ ഗവേഷണം നടത്തി കണ്ടെത്താനാകുമോ? സൂറത്ത് അൽ-കഹ്ഫിലെ ഒരു ആയത്ത് നമുക്ക് പരിശോധിക്കാം: "അവർ അവരുടെ ഗുഹയിൽ 300 വർഷങ്ങൾ കഴിച്ചു കൂട്ടി ഒമ്പത് അവർ അധികമാക്കുകയുംചെയ്തു." അനേകം വർഷത്തെ ആലോചനകൾക്കും പഠനങ്ങൾക്കും ശേഷ മാണ് ഈ കൊച്ചുസൂക്തത്തിൽ അടങ്ങിയിട്ടുള്ള അതി വിസ്മയകരമായ ഒരു ഗോള ശാസ്ത്ര സത്യം ഖുർആൻ വ്യാഖ്യാതകൾക്ക് കണ്ടെത്താൻ കഴിഞ്ഞത്. പാണക്കാട് പൂക്കോയ തങ്ങൾ ആമുഖം എഴുതിയതും ടി.കെ അബ്ദുള്ള മൌലവി പരിഭാഷപ്പെടുത്തിയതുമായ സുന്നി വിഭാഗത്തിന്റെ തഫ്സീറിൽ ഉൾപ്പെടെ ഈ ആയത്തിന് വ്യാഖ്യാനമുണ്ട്. ആദ്യം പറഞ്ഞ 300 സൂര്യ വർഷം 309 ചാന്ദ്ര വർഷത്തിനു തുല്യമാണ്. ഏഴുനൂറ് വർഷം മുമ്പ് രചിക്കപ്പെട്ട തഫ്സീർ ഇബ്നു കഥീറിലും ഈ വിശക ലനം കാണാം. ഇതിൽ നിന്ന് ഒരു ചാന്ദ്ര വർഷത്തിന്റെ ദിനങ്ങൾ കണക്കു കൂട്ടി എടുക്കാം. അതായത് നമ്മൾ നേരത്തെ സൂര്യവർഷ ദിനങ്ങളായി മാറ്റിവെച്ച 365നെ കഹ്ഫിലെ 300 കൊണ്ട് ഗുണിച്ചാൽ കിട്ടുന്നത് മുന്നൂറു സൂര്യ വർഷത്തിലെ ദിനങ്ങളായിരിക്കുമല്ലോ? ഈ ദിന ങ്ങളെ 309 ചാന്ദ്ര വർഷം കൊണ്ട് ഹരിച്ചാൽ 354 കിട്ടും. അപ്പോൾ ഒരു സൂര്യ വർഷത്തിനു 365ഉം ഒരു ചാന്ദ്ര വർഷ വർഷത്തിനു 354ഉം ദിവസങ്ങളാണ് ഉണ്ടാവുകയെന്ന് വിശുദ്ധ ഖുർആനിൽ നിന്ന് കണ്ടെത്താം. ലോകത്തെ ഒരൊറ്റ ഗോള ശാസ്ത്രജ്ഞന്റെയും സഹായമില്ലാതെ നമുക്ക് വിശുദ്ധ ഖുർആനിൽ നിന്ന് തന്നെയാണ് ഈ കണക്കു കൾ കൂട്ടിയെടുക്കാനായത്. "ഈ ഗ്രന്ഥത്തിൽ നാം യാതൊന്നും തന്നെ പറയാതെ വിട്ടു കളഞ്ഞിട്ടില്ല." എന്ന വിശുദ്ധ ഖുർആന്റെ തന്നെ പ്രസ്താവം എത്ര സത്യം! 365ൽ നിന്ന് 354 കിഴിച്ചാൽ 11 കിട്ടും. ഇതിൽ നിന്ന് ഒരു സൂര്യ

വർഷവും ചാന്ദ്രവർഷവും തമ്മിലുള്ള വ്യത്യാസം 11 ദിനങ്ങൾ ആണെന്നു വന്നു.

ശാസ്ത്രലോകത്തിനു ഇത് കണ്ടെത്താൻ സഹസ്രാബ്ദങ്ങളുടെ ഗവേഷണസംരംഭങ്ങൾ തന്നെ വേണ്ടി വന്നു. ലോകത്തെ ഏതു കലണ്ടറുകൾ എടുത്തു പരിശോധിച്ചാലും ഈ വ്യത്യാസം കാണാം. ഓരോ വർഷത്തെയും നോമ്പിന്റെ മാസം 11 ദിവസം വീതം പിറകോട്ടു പോകുന്നത് നാം തന്നെ അനുഭവിക്കുന്നില്ലേ? ചിന്തിക്കേണ്ട ഒരു കാര്യമുണ്ട്. സൂര്യചന്ദ്ര വ്യത്യാസ ദിനങ്ങൾ മാറ്റം വരുത്തുക എന്നതിന് അർത്ഥം ഖുർആൻ നൽകിയ ഒരു സത്യത്തെ മാറ്റുക എന്നാണ്. ഇതല്ല നബി കരീം (സ)യും നമ്മെ പഠിപ്പിച്ചത്. അതിന്റെ തെളിവുകൾ അവിടുത്തെ തന്നെ തിരുവചനങ്ങളിൽ നിന്ന് ലഭിക്കുമോ എന്ന് പരിശോധിക്കാം.

ഒരു മാസത്തെ ദിനങ്ങളുടെ എണ്ണം എത്രയാണ്? ഖുർആനിൽ നിന്ന് അത് ലഭിക്കുന്നതായി അറിവില്ല. എന്നാൽ തിരു നബി(സ)യുടെ വചനങ്ങളിൽ നിന്ന് നമുക്കത് ലഭിക്കുന്നു. "തീർച്ചയായും നാം (അക്കാലത്തെ അറബ് ജനതയെപ്പറ്റി) എഴുതാനും കണക്കു കൂട്ടാനും അറിഞ്ഞു കൂടാത്ത പാമര ജനതയാകുന്നു. അതിനാൽ മാസങ്ങളുടെ എണ്ണം (റസൂൽ കൈകൊണ്ട് ആംഗ്യം കാണിക്കുന്നു) 29 –30, 29–30, 29–30 എന്നിങ്ങനെ ആകുന്നു. "ശ്രദ്ധിച്ചു മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. വിശുദ്ധ ഖുർആനിൽ നിന്ന് ലഭിച്ച ചാന്ദ്ര മാസ ദിനങ്ങൾ തന്നെയാണോ ഹദീസിൽ നിന്നും ലഭിക്കുക. അതോ മറിച്ചോ? ഖുർആനിൽ നിന്ന് ലഭിച്ച ചാന്ദ്ര വർഷ ദിനങ്ങളായ 354 ഹദീസിൽ നിന്ന് ലഭിക്കണമല്ലോ?

÷ എത്ര മാസം 29, എത്ര മാസം 30 എന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല അതുകൊണ്ട് ഈ ഹദീസിനെ ഖുർആനിലേക്ക് മടക്കണം : ഒരു വർഷത്തിനു 12 മാസമാണെന്നും ഒരു ചാന്ദ്ര വർഷദിനങ്ങൾ 354 ആണെന്നും നാം കണ്ടെത്തി.

വിശുദ്ധ ഖുർആനിൽ നിന്ന് നമുക്ക് ലഭിച്ച പന്ത്രണ്ടു മാസങ്ങളിൽ ഒരു മാസം 29ഉം ബാക്കി 11 മാസം 30ഉം ആയി കണക്കു കൂട്ടി നോക്കിയാൽ 354 കിട്ടില്ല. ഇനി 2:10, 3:9, 4:8, 5:7, 6:6 എന്നീ ക്രമങ്ങളിൽ കണക്കു കൂട്ടി നോക്കിയാൽ 6:6 വിശുദ്ധ ഖുർആനുമായി യോജിക്കുന്നത് കാണാം. അതായത് 6X29=174+6X30=180 (174+180=354) ഒരു വർഷം ഏതാണ്ട് ആറുമാസം 29ഉം ആറുമാസം 30ഉം. ഇനി സൂര്യവർഷത്തിൽ ഒരു മാസത്തെ ദിനങ്ങളറിയാൻ 365നെ 12 കൊണ്ടു ഹരിക്കാം. 365÷12 = 30.4166. ഇതേപോലെ ചാന്ദ്രവർഷ ദിനങ്ങളായ 354നെ 12 കൊണ്ട് ഹരിക്കുക. 354÷12=29.05.

ഇവിടെ വിശുദ്ധ ഖുർആൻ പറഞ്ഞതിന് വിരുദ്ധമായി പ്രവാചക തിരുമേനി പഠിപ്പിച്ചിട്ടുണ്ടോ? ലോകർക്ക് മുഴുവൻ മാതൃകാപുരുഷനായി അല്ലാഹു നിയോഗിച്ച പ്രവാചകൻ അല്ലാഹുവിനെതിരെ പ്രവർത്തിച്ചു എന്ന് ആക്ഷേപിക്കുകയല്ലേ നമ്മൾ ചെയ്യുന്നത്!! അക്കാര്യം വിശുദ്ധ ഖുർആൻ പറയുന്നത് കാണുക - "ഒരു മനുഷ്യന് അല്ലാഹു വേദഗ്രന്ഥവും തത്വജ്ഞാനവും പ്രവാചകത്വവും നൽകുകയും എന്നിട്ടദ്ദേഹം ജനങ്ങളോട് നിങ്ങൾ അല്ലാഹുവെ വിട്ട് എന്റെ ദാസന്മാരായിതീരുവിൻ എന്ന് പറയുകയും ചെയ്യുക സംഭവ്യമല്ല.(3:79). ഖുർആനും ഹദീസും തെറ്റാതിരിക്കാൻ ആവശ്യമായ ഗവേഷണ സംരംഭങ്ങളാണ് നാം നടത്തേണ്ടത്. ഡോ. സി.കെ. രാമചന്ദ്രന്റെ ഹൃദയവിശാലതയെങ്കിലും നമ്മുടെ പണ്ഡിതന്മാർ കാണിക്കേണ്ടതുണ്ട്.

വിഷയം തെറ്റായി മനസ്സിലാക്കിയത് കാരണത്താൽ തെറ്റായ ഫത് വകൾ നമ്മുടെ പണ്ഡിതന്മാർ നൽകിയിട്ടുണ്ട്. അതായത് ശഅബാനും റമളാനും 29 ദിവസങ്ങൾ വീതം വരുന്നു എന്ന് വെക്കുക, ശഅബാൻ പിറവി കണ്ടില്ല. അപ്പോൾ 30 പൂർത്തിയാക്കണം അങ്ങിനെ 30 പൂർത്തിയാക്കി പിറ്റേന്നു റമളാനിലേക്ക് പ്രവേശിക്കുന്നു. റമളാനിലാകട്ടെ 28ന് മാസം കാണും (ഏറ്റവുമൊടുവിൽ 2012ൽ ഖാസിമാർ മാസപ്പിറവി കണ്ടതുപോലെ) അപ്പോൾ 28

നോമ്പ് പിടിച്ചാൽ മതിയോ എന്ന ചോദ്യം സ്വാഭാവികമാണല്ലോ? മാസപ്പിറവി സംവാദത്തിന്റെ ഒരു സി.ഡിയിൽ ഇതിനു മറുപടി പറയാനാകാതെ ഒരു പണ്ഡിതൻ വിഷമിക്കുന്നത് കാണാം. (സി.ഡി കൈവശമുള്ളവർ പരിശോധിക്കുക). ഒരു നോമ്പ പിടിച്ചു വീട്ടണമെന്നു ഫത്‌വാ നൽകിയ പണ്ഡിതന്മാരും 28 നോമ്പ് മാത്രമേ നോൽക്കേണ്ടതുള്ളു എന്ന് ഫത്‌വാ നൽകിയ പണ്ഡിതന്മാരുമുണ്ട്!! സൗദിയിൽ നിന്ന് ഒരാൾ നോമ്പ് 30 പൂർത്തിയാക്കി ശവ്വാൽ ഒന്നിന് കേരളത്തിലെത്തുന്നു. കേളത്തിലാകട്ടെ റമളാൻ 30 ആയിട്ടേയുള്ളു. അയാൾ എന്തു ചെയ്യുമെന്ന സംശയത്തിനു പ്രഗൽഭനായ ഒരു പണ്ഡിതൻ നൽകിയ ഫത്‌വ 31 നോമ്പ് പിടിക്കണമെന്നാണ്!! ചാന്ദ്ര പിറവിയെ സ്വദേശീവല്ക്കരിച്ചതിന്റെ അനന്തര ഫലമാണിത്. മറിച്ചാണെങ്കിൽ ഇത്തരമൊരു പ്രശ്നമേ ഉണ്ടാകില്ല. ഈ ചോദ്യം പ്രശസ്തനായ ഒരു പണ്ഡിതനോട് ഉന്നയിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി രണ്ടു മാസങ്ങൾ അടുത്തടുത്ത് 29 വീതം വരില്ല എന്നാണ്. എന്നാൽ ഇങ്ങിനെ വന്നതിനു എത്രയോ തെളിവുകളുണ്ട്. (ഈ ലേഖനപരമ്പരയിൽ അത് വരുന്നുണ്ട്)

**അടുത്ത ലക്കം : കളവു പറഞ്ഞ് പെരുന്നാളുറപ്പിച്ചു**

ലഘുലേഖ – VI

# കളവു പറഞ്ഞ് പെരുന്നാളുറപ്പിച്ചു!

പി.സി. അബ്ദുൽ ലത്തീഫ്

35 വർഷം ചന്ദ്രിക പത്രത്തിൽ ജോലി ചെയ്തു. (1970 മുതൽ 2005 വരെ). ഈ വർഷങ്ങളത്രയും മാസപ്പിറവി അറിയിപ്പുമായി ബന്ധപ്പെട്ടു കോഴിക്കോട്ടെ രണ്ടു വിഭാഗം ഖാളിമാരെയും ചെന്ന് കാണാനുള്ള ഡ്യൂട്ടി എനിക്കായിരുന്നു. ബാഫക്കി തങ്ങളായിരുന്നു ഡ്യൂട്ടി ഏൽപ്പിച്ചത്. മുട്ടുള്ള ഭാഗവും മുട്ടില്ലാത്ത ഭാഗവുമായി രണ്ടു ചേരികളിൽ ഭിന്നിച്ചു നിന്ന ഖാളിമാർ വാശി മൂത്ത് മാസം ഉറപ്പിക്കൽ പരസ്പരം നീട്ടിക്കൊണ്ടുപോയി വിശ്വാസികളെ ബുദ്ധിമുട്ടിക്കുന്ന കാലം! ഒരേ ദിവസം ഒരേ വീട്ടിൽ ഒരു കൂട്ടർക്ക് നോമ്പും മറ്റേ കൂട്ടർക്ക് പെരുന്നാളും വരെ ഉണ്ടായി! തങ്ങളുമായി അടുത്ത് ബന്ധപ്പെടാനും മാസപ്പിറവി വിഷയത്തിൽ ഖാളിമാരുടെ നിലപാടിൽ തങ്ങൾക്കുണ്ടായിരുന്ന വൈമനസ്യം അടുത്തറിയാനും സാധിച്ചു. ഏതാണ്ട് നാൽപ്പതു വർഷം മുമ്പ് ഒരു ഈദുൽഫിത്തറിനു പതിവുപോലെ ബാഫക്കി തങ്ങൾ ഖാളിമാരെ ചെന്ന് കാണാനും മാസ്സപ്പിറവി പ്രഖ്യാപന വിവരം എഴുതി വാങ്ങി ചന്ദ്രികയിൽ പ്രസിദ്ധീകരിക്കാനും എന്നെ ഏൽപ്പിച്ചു. അന്ന് പത്രങ്ങൾ അച്ചുനിരത്തുകകൈ കൊണ്ടാണ്. അതിനു ഏറെ സമയവും വേണം. അതിനാൽ ഞങ്ങൾ ഒരു ചെറിയ സ്ഥലം, മാസപ്പിറവിക്കായി കാലിയാക്കി നിർത്തും. എന്നിട്ട് പരമാവധി സമയം കാത്തിരുന്നേ പത്രത്തിന്റെ സിറ്റി എഡിഷൻ പ്രിന്റ് ചെയ്യൂ. ഈ പറഞ്ഞ ദിവസം ഖാളിമാർ എല്ലാ വർഷത്തേയും പോലെ വാശിയിൽ തന്നെ! രാത്രി 12 മണി വരെ ബാഫക്കി തങ്ങൾ ചന്ദ്രികയിൽ കാത്തിരുന്നു. കാസർഗോട്ടായിരുന്നു അന്ന് മാസ്സപ്പിറവി കണ്ടത്. തങ്ങൾ അദ്ദേഹത്തിന്റെ മഹല്ലുകളിൽ മുഴുവൻ പെരുന്നാൾ ഉറപ്പിച്ചു. എന്നിട്ടും ഖാളിമാർ സ്വീകരിച്ചില്ല. “തങ്ങൾ ഉറപ്പിച്ചു എന്നത് തെളിവല്ല മാസം കണ്ടയാൾ കാസർഗോട്ട് നിന്ന് നേരിട്ട് കോഴിക്കോട്ടു വരണം. ടെലഫോണിൽ ലഭിക്കുന്ന വിവരവും സ്വീകാര്യമല്ല. കാരണം ടെലഫോണിൽ സംസാരിക്കുന്നയാളുടെശബ്ദം ഇങ്ങേ തലക്കൽ എത്തുന്നതോടെ ശബ്ദം അയാളുടേത് അല്ലാതെയായി മാറുന്നു.” വലിയ ഖാളി

എനിക്ക് തന്ന ഈ ഫത്‌വ ഞാൻ നേരിട്ട് ബാഫഖി തങ്ങൾക്കു നൽകി. ഒരു പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു : ഏതായാലും നീ ഒന്നു കൂടി ചെല്ല്. ഞാൻ ഒരു മണിവരെ കൊയിലാണ്ടിയിലു ണ്ടാകും. അതിലിടയ്ക്ക് ഉറപ്പിക്കുന്നു എങ്കിൽ എന്നെ വിളിക്ക്. ഒരുമണി കഴിഞ്ഞാൽ ഞാൻ ഉറങ്ങും. പുലർച്ചെ നാല് മണിവരെ പലരും നടത്തിയ ശ്രമങ്ങൾ ഫലം കണ്ടില്ല. ഏറെ ആലോചിച്ചില്ല. നേരെ വലിയ ഖാളിയുടെ വീട്ടിലേക്ക് പോയി. അപ്പോൾ സമയം 4.15. "ചെറിയ ഖാളി മാസം ഉറപ്പിച്ചു" ഒരു കളവു അവിടെ പറഞ്ഞു!! അതായത് ചെറിയ ഖാളി മാസമുറപ്പിച്ചിരിക്കുന്നു എന്ന് വലിയ ഖാളിയോട് കള്ളം പറഞ്ഞു! "നേരോ?" വലിയ ഖാളിയുടെ ചോദ്യം. "അതേ" വലിയ ഖാളി (വിശ്വാസം പോരാഞ്ഞു) വീണ്ടും : "എഴുതി തന്നിട്ടുണ്ടോ?" – എഴുതി വെച്ചിട്ടുണ്ട്, കയ്യിൽ തന്നിട്ടി ല്ല, നിങ്ങളുടേത് കൂടി കിട്ടിയാൽ ചന്ദ്രികക്ക് കൊടുക്കാനായി തരാ മെന്നു പറഞ്ഞിട്ടുണ്ട്." ഉടൻ തന്നെ ലെറ്റർ പേഡ് എടുത്തു വലിയ ഖാളി എഴുതി: എന്റെ കൈയ്യിൽ തന്നിട്ട് ഇങ്ങനെ പറഞ്ഞു: "ഇത് ഖാളിയുടെ കൈയ്യിൽ കൊടുക്കരുത്, ചന്ദ്രികക്ക് മാത്രമേ കൊടു ക്കാവൂ." കൊടുക്കില്ല എന്ന് വീണ്ടും ഞാൻ കളവു പറഞ്ഞു. നേരെ ചെറിയ ഖാളിയുടെ അടുക്കലേക്കു പോയി. രണ്ടു ഖാളിമാരുടെയും വീടുകളിൽ ജനക്കൂട്ടങ്ങളായിരുന്നു. അത്ഭുതപ്പെടുത്തിയ ഒരു കൗതുകം പറയാം. "ഇരുഭാഗത്തും ശക്തരായ മുജാഹിദ് ആശയ ക്കാരുണ്ടായിരുന്നു!! ഒരർത്ഥത്തിൽ പറഞ്ഞാൽ അവരായിരുന്നു ഭാഗപ്പോർ നിലനിർത്തിപ്പോന്നതും വളർത്തിയതും! വലിയ ഖാളി യുടെ കത്ത് നേരെ ചെറിയ ഖാളിയുടെ കൈയ്യിൽ തന്നെ കൊടു ത്തു." വലിയ ഖാളി മാസം ഉറപ്പിച്ചു; നാളെ പെരുന്നാളാണ്; നിങ്ങ ളുടെ കത്ത് വാങ്ങി ചന്ദ്രികയിൽ കൊടുക്കാൻ പറഞ്ഞു." പിന്നെ താമസിച്ചില്ല ചെറിയ ഖാളിയും ലെറ്റർ പാഡിൽ പെരുന്നാൾ ഉറ പ്പിച്ച വിവരം എഴുതി തരുമ്പോഴേക്കും സമയം പുലർച്ചെ 4.45!! നേരം പുലർന്നാണ് പെരുന്നാളാണെന്ന വിവരം മുക്കാൽ ഭാഗം മുസ്ലിങ്ങളും അറിയുന്നത്. പലരും പള്ളിയിൽ സുബഹ് നമ സ്ക്കാരത്തിനെത്തിയത് നോമ്പോട് കൂടിയാണ്. പലർക്കും അത്താഴ ചോറ് നഷ്ടപ്പെടുത്തേണ്ടി വന്നു. കാരണം അക്കാലത്ത് ഫ്രിഡ്ജ് ചുരുക്കം വീടുകളിലെ ഒരു അലങ്കാര വസ്തുവാണ്. ഏതാണ്ട് എല്ലാ വർഷത്തെയും ദുര്യോഗമാണിത്. മഗരിബ് നമ സ്ക്കരിക്കുന്നവർക്ക് പെരുന്നാളാഘോഷിക്കാൻ മഗരിബ് നമസ്ക്ക

രിക്കാത്തവൻ മാസം കാണുക!! 35 വർഷത്തിനിടയിൽ ഇത്തരം ഏതാണ്ട് 22 മാസപ്പിറവിക്കാരെ ഈയുള്ളവൻ ഇന്റർവ്യൂ ചെയ്തിട്ടുണ്ട്.

## ഹിലാൽ കമ്മിറ്റി രൂപം കൊള്ളുന്നു

പിറവി ചന്ദ്രനെ നിങ്ങൾ നോക്കുക, കണ്ടാൽ അറിയിക്കുക എന്ന് ഞങ്ങൾ എല്ലാ യൂനിറ്റുകൾക്കും സർക്കുലറുകളയച്ചു. ആരും അറിയിച്ചില്ല. ഞങ്ങൾ എന്തു ചെയ്യും?" വിഷയം സംബന്ധിച്ച് പ്രശസ്തനായ ഒരു മുജാഹിദ് പണ്ഡിതനെ ഇന്റർവ്യൂ ചെയ്തപ്പോൾ കിട്ടിയ മറുപടിയാണിത്. ചോദ്യം: "ഇത്ര ദുർബ്ബലമായ ഒരു അടിത്തറയിൽ ഇസ്ലാം അതിപ്രധാനമായ മാസ നിർണ്ണയകാര്യം സ്ഥാപിക്കുമോ?" ഉത്തരം മൗനം. സംശയം വീണ്ടും. "മക്കയെ കേന്ദ്രീകരിച്ചു പ്രശ്നം പരിഹരിച്ചു കൂടെ? മറുപടി: "അതിനു മത്വലഇന്റെ പ്രശ്നമുണ്ട്. അതൊക്കെ നോക്കണം." അതാകട്ടെ പ്രയാസമുള്ള കാര്യവുമാണ്. (അല്ലാഹു പറയുന്നു മതം എളുപ്പമാണെന്ന്!) ഈ മത്്ലഅ് നോക്കുന്നതാകട്ടെ മഗ്്രിബിലും! പടിഞ്ഞാറെ ചക്രവാളത്തിൽ നവചന്ദ്രനെ ഉദിപ്പിക്കുകയാണ് നമ്മൾ ഇപ്പോഴും ചെയ്യുന്നത്. ചന്ദ്രനും സൂര്യനും കിഴക്കാണ് ഉദിക്കുന്നതെന്ന സാമാന്യബോധം പോലും നഷ്ടപ്പെട്ടുപോയി!!

ഉത്പദിഷ്ണുക്കൾ എന്ന് ഇതര സമൂഹങ്ങൾ വിശേഷിപ്പിക്കാറുള്ള ഒരു വിഭാഗത്തിന്റെ നേതൃത്വത്തിൽ നിന്നു വിശുദ്ധ ഖുർആന്റെയും തിരുസുന്നത്തിന്റെയും അടിസ്ഥാനത്തിലുള്ള ന്യൂനതയില്ലാത്ത ഒരു പരിഹാരം സമുദായം പ്രതീക്ഷിച്ചു. അങ്ങിനെയിരിക്കെയാണ് സത്യസന്ധരായ നേതാക്കളുടെയും നിഷ്കളങ്കരായ ആദർശപ്രേമികളുടെയും നിഷ്കപടമായ പ്രാർത്ഥന സ്വീകരിക്കപ്പെട്ടപോലെ കേരള ഹിലാൽ കമ്മിറ്റി പിറവിയെടുക്കുന്നത്. സുന്നി ആശയക്കാർ പോലും സന്തോഷിച്ച ഒരു ചരിത്ര മുഹൂർത്തമായിരുന്നു അത്. പ്രസ്തുത വാർത്ത പ്രസിദ്ധീകരിച്ചതിനു ചന്ദ്രിക മാനേജുമെന്റിൽ നിന്നു എനിക്ക് ശാസന പോലും കിട്ടി. സമുദായത്തിൽ ഭിന്നിപ്പ് ഉണ്ടാക്കുന്ന ഒരു വാർത്തയും പ്രസിദ്ധീകരിക്കരുതെന്നായിരുന്നു നിർദ്ദേശം.

ഹിലാൽ കമ്മിറ്റിയുടെ ദൗത്യത്തിൽ ഖാളിമാരെ കൂടി പങ്കെടുപ്പിക്കാനുള്ള ശ്രമങ്ങൾ മുജാഹിദ് നേതൃത്വം നടത്തി. ഖാളിമാർക്ക് സ്വീകാര്യമാകുമെന്നു തുടക്കത്തിൽ ശ്രുതി ഉണ്ടായെങ്കിലും കൽപ്പക ഓഡിറ്റോറിയത്തിൽ വിളിച്ചു കൂട്ടിയ സംയുക്ത യോഗ

ത്തിൽ ഖാളിമാർ പങ്കെടുത്തില്ല. മുജാഹിദ് നേതൃത്വം ധീരമായി മുമ്പോട്ട് പോയി. ചാന്ദ്ര മാസ പ്പിറവി ശാസ്ത്രീയാടിസ്ഥാനത്തിൽ പ്രഖ്യാപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നോമ്പും പെരുന്നാളും തീരുമാനിക്കുകയും ചെയ്യുക എന്ന കാഴ്ചപ്പാടിൽ ഹിലാൽ കമ്മിറ്റി മുമ്പോട്ട് പോയപ്പോൾ തമ്മിൽ പോരടിച്ചു നിന്ന ഖാളിമാർ ഒന്നായി അവർ "ഖാളീ ഖുളാത്" രൂപീകരിച്ചു. ഹിലാൽ കമ്മിറ്റി തീരുമാനത്തെ പ്രതിരോധിക്കുക എന്നതായിരുന്നു അവരുടെ നയം. യഥാർത്ഥ സലഫുകൾ ഞങ്ങളാണെന്ന് അവർ വാദിച്ചു. കാരണം സലഫുകൾക്ക് ഹിലാൽ കമ്മിറ്റി ഉണ്ടായിരുന്നില്ല. മാസത്തിന്റെ ആരംഭം തൊട്ട് അവസാനം വരെ പിറവി നോക്കുകയായിരുന്നു അവരുടെ പതിവ്. മുജാഹിദ് പണ്ഡിതന്മാർ അതല്ല ചെയ്യുന്നത് – ഇതു ശരിയല്ലെന്ന് പറയാൻ പറ്റുമോ?

തുടർന്ന് സമസ്ത രണ്ടായി കാന്തപുരം വിഭാഗത്തിനുമുണ്ടായി അവരുടേതായ ഖാളിമാർ. അതോടെ "കൂട്ടായിമോഡൽ" മാസപ്പിറവി രംഗം കൂടുതൽ വഷളാക്കി തുടങ്ങി. വർഷങ്ങളോളം കൂട്ടായിക്കാരായ ഒരു പിതാവും മകളും മാസം കാണുകയും നമ്മളതു വിശ്വസിക്കുകയും അതിനനുസരിച്ച് നോമ്പും പെരുന്നാളും തീരുമാനിക്കുകയും ചെയ്തതിനെയാണ് "കൂട്ടായിമോഡൽ" എന്ന് വിശേഷിപ്പിക്കുന്നത്. ഈ മനുഷ്യനെ ജനങ്ങൾ കൂട്ടം കൂടി മർദ്ദിച്ചു. അതോടെ വർഷങ്ങളായി കള്ളം പറഞ്ഞു മാസമുറപ്പിക്കുകയായിരുന്നു താനെന്ന് ആ മനുഷ്യൻ വെളിപ്പെടുത്തി. ഖാളീ ഖുളാത്തിൽ നിന്നു കാന്തപുരം വിഭാഗം വേറിട്ടു. ഇ.കെ. സുന്നി വിഭാഗത്തിന്റെ തന്നെ ഖാളിമാരുടെ എണ്ണം ഒരേ മഹല്ലിൽ തന്നെയും വർധിച്ചു. ഒന്ന് രാഷ്ട്രീയവൽകൃതവും മറ്റൊന്ന് അരാഷ്ട്രീയവും. കുറ്റിച്ചിറ മഹല്ലിൽ ഇപ്പോൾ ഖാളിമാരുടെ എണ്ണം എത്ര എന്ന് ചോദിച്ചാൽ എത്രയെന്നു പറയാനാകില്ല. ഈ കുറിപ്പെഴുതുമ്പോൾ രണ്ടു ദിവസത്തെ വ്യത്യാസത്തിലാണ് രണ്ടു കൂട്ടരും. ശവ്വാൽ മാസം കണക്കാക്കി മുമ്പോട്ട് പോകുന്നത്. (2011 ശവ്വാൽ)

"എനിക്കു ശേഷം ഇനി എന്റെ കുടുംബത്തിൽ ഖാളിയാകാൻ യോഗ്യരായി ആരുമില്ലെന്ന് ചന്ദ്രികയുടെ ലീഡർ പേജിൽ (1998 ജൂലൈ 24) ഇന്റർവ്യൂ പ്രസിദ്ധീകരിച്ച ഖാളി നാലകത്ത് മുഹമ്മദ്കോയയുടെ അനുജൻ ഖാളിയായി!! അനർഹരും അയോഗ്യരുമായവർക്ക് കയറി ഇരിക്കാനുള്ളതാണ് ഖാളീ പദം എന്ന് തെളിയി

ക്കപ്പെടുകയാണ് ഉണ്ടായത്.

മാസപ്പിറവി വീണ്ടും വഷളാകുന്നു എന്ന് വന്നപ്പോൾ സമുദായ സ്നേഹികളായ സമ്പന്നർ രംഗത്ത് വന്നു. ഇരു വിഭാഗങ്ങളുടെയും സമ്മേളനങ്ങൾക്ക് പണം നൽകാറുള്ളവരാണിവർ! കോഴിക്കോട്ടേ ഹോട്ടൽ ഹൈസനിൽ വിളിച്ചു കൂട്ടിയ സൗഹൃദനോമ്പ് തുറയിൽ പലഹാരങ്ങൾക്ക് മുമ്പിൽ വൈരം മറന്നു എല്ലാവരും ഒത്തുകൂടി. സംഗമം റിപ്പോർട്ട് ചെയ്യാൻ ചന്ദ്രികയുടെ പ്രതിനിധി എന്ന നില യിൽ ഈയുള്ളവനും. ദിവസങ്ങൾ നീണ്ടുനിന്ന നിരന്തരമായ നോമ്പ് തുറക്ക് കുറെ പലഹാരങ്ങൾ തിന്നു തീർക്കപ്പെട്ടു എന്ന തിൽ കവിഞ്ഞു ഒന്നും സമ്മാനിക്കാൻ കഴിഞ്ഞില്ല! നോമ്പ് തുറക്ക് മുമ്പേ സമസ്ത-മുജാഹിദ് പണ്ഡിതന്മാരുടെ ഐക്യ പ്രസംഗം, കൂടെ മറ്റു മുസ്ലിം സംഘടനാ നേതാക്കളും, അതു കഴിഞ്ഞു നമ സ്കാരം. നമസ്ക്കാരത്തിനു ഇമാം സമസ്ത നേതാവ്, അദ്ധേ ഹത്തെ പിന്തുടർന്ന് നമസ്ക്കരിക്കുന്നത് മുജാഹിദ് പണ്ഡിതന്മാരും പ്രധാന പ്രവർത്തകരും. നബിചര്യയും ബിദ്അത്തും തമ്മിലെ ഈ അപൂർവ കൈ കോർക്കൽ നാണക്കേടോടെ മാത്രമേ കണ്ടു നിൽക്കാനായുള്ളു.

**അടുത്ത ലക്കം :**

**"ഇട്ടോളിക്കു പകരം ആളില്ല."**

# ഇട്ടോളിക്കു പകരം ആളില്ല!

## പി.സി. അബ്ദുൽ ലത്തീഫ്

ഹിലാൽ കമ്മിറ്റിയുടെ ചരിത്രം പരിശോധിച്ചാൽ ഇട്ടോളി അഹമ്മദ് കോയ ഹാജിക്ക് പകരം ആര് എന്ന ചോദ്യം ഇന്നും അവശേഷിക്കുന്നു! അദ്ദേഹത്തിന് പകരം വന്നവരിൽ നിന്നു മാസപ്പിറവിയെ സംബന്ധിച്ച അന്വേഷണത്തിന് എനിക്ക് ലഭിച്ചിരുന്ന ഉത്തരം "പാണക്കാട് ശിഹാബ് തങ്ങളുമായി ആലോചിച്ചു വരികയാണ്" എന്നായിരുന്നു. മഖ്ബറകളിൽ വിശ്വസിക്കുന്ന വിഭാഗത്തിന്റെ നേതൃത്വവുമായുള്ള ഈ സമരസപ്പെടലിനു മറ്റൊരു മാനം കൂടി ഉണ്ടായിരുന്നു. ഒരു കെ.എൻ.എം. സമ്മേളനം ചേരുന്നത് സുരക്ഷാ പരമായ കാരണത്താൽ തടയപ്പെട്ടപ്പോൾ ശിഹാബ് തങ്ങളാണ് രാഷ്ട്രീയമായി ഇടപെട്ടു വിലക്ക് നീക്കിയത്. അതിനാൽ ശിഹാബ് തങ്ങളെ മാറ്റി നിർത്താൻ കെ.എൻ.എം.നു പറ്റില്ല. ഒരു പ്രശസ്ത പണ്ഡിതനോട് ഇതേപ്പറ്റി ചോദിച്ചപ്പോൾ കിട്ടിയ മറുപടി "നമ്മുടെ നേതാക്കന്മാർക്ക് ഇപ്പോൾ വേണ്ടതു തൌഹീദല്ല സംഘടനയാണ്." എങ്കിൽ ഹുസൈൻ മടവൂരിനെ എതിർക്കുന്നത് നിർത്തിക്കൂടെ?" ഈ ചോദ്യത്തിനു മറുപടി ഉണ്ടായിരുന്നില്ല. "നബി തിരുമേനിക്ക് ഇതിനെക്കാൾ മഹത്തായ ഓഫറുകൾ ലഭിച്ചിട്ടും എന്തെ സ്വീകരിക്കാതെ പോയി. സൂറത്തുൽ "കാഫിറൂൻ" തെറ്റായി അവതരിച്ചു എന്നാണോ മനസ്സിലാക്കേണ്ടത്?

ഏതാണ്ട് ഇരുപത്തഞ്ച് വർഷം മുമ്പ് ഈ വിഷയവുമായി ബന്ധപ്പെട്ടു ഒരു പ്രശസ്ത പണ്ഡിതനുമായി സംസാരിക്കാൻ അദ്ദേഹത്തിന്റെ പുളിക്കലുള്ള കോളേജിൽ ചെന്നു. വിഷയം പഠിക്കുകയായിരുന്നു ലക്ഷ്യം. അദ്ദേഹത്തിന്റെ മുമ്പിൽ വെച്ച് പ്രശസ്ത ഗോളശാസ്ത്രജ്ഞനും കേരള ഹിലാൽ കമ്മിറ്റിയുടെ ഗോളശാസ്ത്ര വിഭാഗം ചെയർമാനുമായ പ്രൊഫ. അഹമ്മദ് കുട്ടിയുമായി സംസാരിച്ചു: ഡയറിയിൽ കുറിച്ച് വെച്ച അദ്ദേഹത്തിന്റെ വാക്കുകൾ അതേപടി = "സൂര്യന്റേതെന്നപോലെ ചന്ദ്രന്റെ ചലനവും കൃത്യമായി കണക്കു കൂട്ടിയെടുക്കാം. നോമ്പും പെരുന്നാളുകളും അത് പ്രകാരം മുൻകൂട്ടി പ്രഖ്യാപിക്കുകയും ചെയ്യാം. ഇവർക്ക് ധൈര്യം പോരാ!" പണ്ഡിതന്റെ

മറുപടി - "മോനെ എല്ലാ ആളുകളും വിഷയം പഠിക്കുകയും അംഗീകരിക്കുകയും ചെയ്യും വരെ പ്രത്യക്ഷമായി രംഗത്ത് വന്നു കൂടാ". കൈ കൊടുത്ത് സലാം പറഞ്ഞ ശേഷം ഞാൻ പറഞ്ഞു: "കല്ലായി പള്ളിയിൽ ദിക്ര് ഹൽഖയുണ്ട്. പിന്നെ മൌലൂദും, അതു കഴിഞ്ഞാൽ ചൂടുള്ള ബിരിയാണിയും!" തൊണ്ണൂറു ശതമാനം മുസ്ലിങ്ങളും ആചരിക്കുന്ന ഒരു കാര്യത്തെ മുജാഹിദ് പണ്ഡിതന്മാർ ഇനിമേൽ എതിർക്കരുത്. അവർ കാര്യങ്ങൾ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യും വരെ..." അപ്പോൾ പണ്ഡിതൻ മനസ്സ് തുറന്നു: "മോനോട് ഞാൻ കാര്യം തുറന്നു പറയാം. നമ്മുടെ ചില പണ്ഡിതന്മാർ ഇത് അംഗീകരിക്കുന്നില്ല, ന്യൂനപക്ഷം വരുന്ന അവർ മാത്രമാണ് ഇതിനു മുമ്പിൽ തടസ്സം സൃഷ്ടിക്കുന്നത്.

ഇപ്പോൾ ഹിലാൽ കമ്മിറ്റി 1970കളിലേക്ക് തിരിച്ചു പോക്ക് നടത്തുകയാണ് എന്ന് ഖേദപൂർവ്വം പറയേണ്ടി വന്നിരിക്കുന്നു. കണക്കിന്റെ സത്യതയിൽ നിന്ന് പിഴവിന്റെ കാഴ്ചയിലേക്കുള്ള ദയനീയമായ മടക്കം! ഖുർആനെ വിട്ട് ഹദീസിനെ മാത്രം സ്വീകരിക്കുന്ന അതിക്രമത്തിലേക്ക്!! ഹിലാൽ കമ്മിറ്റിയുടെ ഗോളശാസ്ത്ര വിഭാഗം ചെയർമാനായിരുന്ന പ്രൊഫ. അഹമ്മദ് കുട്ടി സാഹിബ് പറയുന്നത് കാണുക: "സൂര്യചന്ദ്രന്മാരുടെ ഉദയാസ്തമയങ്ങളെ സംബന്ധിച്ച കണക്കുകൾ ഇന്നോ ഇന്നലെയോ രൂപപ്പെട്ടതല്ല. സൂര്യൻ, ചന്ദ്രൻ, ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ എന്നിവയുടെ ചലനങ്ങൾ മനുഷ്യൻ നിരീക്ഷിക്കുവാൻ തുടങ്ങിയിട്ട് അയ്യായിരത്തോളം വർഷങ്ങളായി. "കാഴ്ചയാണ് കണക്കിന് ജന്മം നൽകിയത് എന്ന വസ്തുത മനസ്സിലാക്കാത്തത് കൊണ്ടായിരിക്കാം ചില ആളുകൾ ചോദിക്കുന്നു കണക്കു തെറ്റിക്കൂടെ?" "സൂര്യന്റെ ചലനം വളരെ കൃത്യമാണെന്നും അതു കണക്കു കൂട്ടിയെടുക്കുവാൻ കഴിയുമെന്നും ചന്ദ്രന്റേത് അങ്ങിനെയല്ലെന്നും പറയുന്നവരുണ്ട്. ചന്ദ്രൻ യാതൊരു നിയമവും അനുസരിക്കാതെ, ഒരാൾക്കും പിടികൊടുക്കാതെ അലഞ്ഞു നടക്കുകയല്ല ചെയ്യുന്നത്. സൂര്യനെ അപേക്ഷിച്ചു ചന്ദ്രന്റെ ചലനം സങ്കീർണ്ണമാണ്. പക്ഷെ സങ്കീർണമായ ഗണിതശാസ്ത്ര നിയമങ്ങളുടെ ചട്ടക്കൂട്ടിൽ ചന്ദ്രനേയും ഒതുക്കി നിർത്താം. ചന്ദ്രനെ സംബന്ധിച്ച എല്ലാ കാര്യങ്ങളും ശരാശരിയായിട്ടെ പറയാൻ കഴിയൂ. ഒന്നും കൃത്യമായി പറയാൻ കഴിയുകയില്ല എന്ന് പറയുന്നവർ അവരുടെ വിവരക്കേടാണ് പൊതുജനങ്ങളുടെ

മുമ്പിൽ അവതരിപ്പിക്കുന്നത്."(മാസപ്പിറവി: കണക്കും കാഴ്ചയും (26 -03-1997) ഈ ലഘു കൃതിക്ക് എഴുതപ്പെട്ട ആമുഖം വായിക്കുക:"

അമാവാസിയിൽ പോലും മാസപ്പിറവി കാണുകയും അപ്പേരിൽ നോമ്പും പെരുന്നാളും ഉറപ്പിക്കുകയും ചെയ്യുന്ന വിചിത്രാനുഭവങ്ങൾ നമ്മുടെ നാട്ടിൽ ആവർത്തിക്കുന്നു. മാസപ്പിറവി തന്നെ അസംഭവ്യ മായ ദിവസങ്ങളിൽ മാസം കണ്ടുവെന്ന് ആരു പറഞ്ഞാലും ഉറപ്പിക്കു വാൻ വേണ്ടി കാത്തിരിക്കുന്ന സംയുക്ത ഖാളിമാർ - എന്നാലും തെറ്റ് പറ്റിയത് അവർക്കല്ല കണക്കിനാണ്.

"ഇതേ ഹിലാൽ കമ്മിറ്റി ചന്ദ്രനെ കാണുക തന്നെ വേണമെന്നേട ത്തെക്കു തിരിച്ചു പോയി. ഇപ്പോൾ വിഷയം ഏല്പിക്കപ്പെട്ടിട്ടുള്ള ഇരുവിഭാഗം മുജാഹിദ് പണ്ഡിതന്മാരും അബദ്ധങ്ങളാണ് എഴുതുന്നത്." ഉദിക്കാത്ത മാസം കണ്ടാൽ അറിയിക്കണമെന്ന ഖാളി മാരുടെ അറിയിപ്പും കാണാത്ത മാസം കണ്ടാൽ അറിയിക്കണമെന്ന ഹിലാൽ കമ്മിറ്റിയുടെ അറിയിപ്പും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് വിശദമാക്കപ്പെടേണ്ടതുണ്ട്. മൂന്ന് മിനുട്ട് ആകാശത്തുള്ള ചന്ദ്രനെ കണ്ട വരാണ് നമ്മൾ. "കൂട്ടായി" മാസപ്പിറവിയാൽ വർഷങ്ങളോളം വഞ്ചിക്ക പ്പെട്ടിട്ടും അബദ്ധജഡിലമായ അജ്ഞത നാം കൊണ്ടു നടക്കുന്നു! 2005 നവംബർ 25ന് നമ്മുടെ ഒരു മതപ്രസിദ്ധീകരണത്തിൽ വന്ന ഒരു ചോദ്യോത്തരം ചന്ദ്രന്റെയും വിശ്വാസികളുടെയും ഉടമസ്ഥാവകാശം ആർക്കാണെന്ന സംശയം ജനിപ്പിക്കുന്നു! ചോദ്യത്തിന്റെയും അതി നുള്ള ഉത്തരത്തിന്റെയും പ്രസക്ത ഭാഗങ്ങൾ = ചോദ്യം = "കെ. എൻ.എം ഇറക്കിയ അൽ മനാർ കലണ്ടറിലടക്കം ഈദുൽ ഫിത്തർ നവംബർ 3 വ്യാഴാഴ്ചയാണ്. ബുധനാഴ്ച ഗോള ശാസ്ത്ര പ്രകാരം സൂര്യോദയത്തിനു ശേഷം കേരളത്തിലെ എല്ലാ ജില്ലകളിലും പത്ത് മിനുട്ടിലധികം ചന്ദ്രോദയമുണ്ട്. അപ്പോൾ പെരുന്നാള് വെള്ളിയാഴ്ച യിലേക്കു മാറ്റിയതിന്റെ അർത്ഥം പെരുന്നാളിന് (വ്യാഴാഴ്ച) നാം നോമ്പ് നോറ്റു എന്നാണ്. ഇത് നിഷിദ്ധമാണല്ലോ? ബുധനാഴ്ച നാം ചന്ദ്രപ്പി റവി കണ്ടില്ലെങ്കിലും ചന്ദ്രൻ ഉദിച്ചിട്ടുണ്ട് എന്ന് ഉറപ്പാണ്. അതു മന സ്സിലാക്കി വ്യാഴാഴ്ച പെരുന്നാൾ ആക്കാതിരുന്നത് തെറ്റല്ലേ?" ഈ ചോദ്യ ത്തിന്നു നൽകുന്ന ഉത്തരത്തിലെ പ്രസക്ത ഭാഗങ്ങൾ ഇങ്ങിന = "ഈദുൽഫിത്തർ നവംബർ 03നു വ്യാഴാഴ്ചയാണ് എന്ന് സ്വന്തം കല ണ്ടറിൽ രേഖപ്പെടുത്തിയ സംഘടന തന്നെയാണ് നവംബർ-2ന് ചന്ദ്രോ

ദയം കണ്ടാൽ അറിയിക്കണമെന്ന് പറഞ്ഞത്." ഗോള ശാസ്ത്രത്തെ ആധാരമാക്കി തയ്യാറാക്കുന്ന കലണ്ടറുകൾ 29ന് ചന്ദ്ര ദർശനസാധ്യത ഉണ്ടെങ്കിൽ അടുത്ത ദിവസം ഒന്നാം തിയ്യതി എന്നാണ് കാണിക്കാറു ള്ളത്. അത്തരം ദിവസങ്ങളിൽ ചന്ദ്രദർശനം ഉണ്ടായില്ലെങ്കിൽ കണക്കു തെറ്റി എന്നല്ല അർത്ഥം മാസം ഉദിച്ചിരിക്കും മാസമാറ്റത്തിന് പ്രവാച കൻ(സ) നിശ്ചയിച്ച (!) ഉദിച്ച ചന്ദ്രൻ ദൃശ്യമാവുക(?) എന്ന മാനദണ്ഡം പൂർത്തിയായില്ല എന്നാണ്." ഗോള ശാസ്ത്രപ്രകാരം സൂര്യാസ്തമന ശേഷം ചന്ദ്രോദയ(!)മുള്ള 29ന് മാസം കാണാത്തതിന്റെ പേരിൽ റമ ളാൻ 30 പൂർത്തിയാക്കിയാൽ പെരുന്നാളിന് നോമ്പെടുത്തു എന്ന കുറ്റ മുണ്ടാവില്ല. അതു കുറ്റമാണെങ്കിൽ ആ കുറ്റം നബി(സ)യുടെ കാലത്തും സംഭവിച്ചിട്ടുണ്ടാകുമല്ലോ? (!!)

ഈ ഉത്തരം നൽകിയ പണ്ഡിതൻ ആലോചനാ ശൂന്യവും വസ്തു തക്ക് നിരക്കാത്തതുമായ കാര്യങ്ങളിൽ കയറിപ്പിടിച്ചിട്ടുണ്ട്. സാധാര ണക്കാരനായ ഒരു മുസ്ലിമിന്റെ മനസ്സിൽ ഈ മറുപടി ഉയർത്തുന്ന ഏതാനും വിലയിരുത്തലുകൾ ഇവയാണ്. =

1. കണക്കിൽ നിന്നു കാഴ്ചയിലേക്കുള്ള ഹിലാൽ കമ്മിറ്റിയുടെ മടക്കം ഇവിടെ വ്യക്തമാകുന്നു.
2. ആകാശത്ത് ചന്ദ്രനെ ഉദയം ചെയ്യിച്ച അല്ലാഹുവിന്റെ നടപടിയെ റസൂൽ തള്ളിക്കളഞ്ഞതായി തിരുമേനിയുടെ പേരിൽ ആക്ഷേപം കൊണ്ടു വരുന്നു!!! റസൂൽ അങ്ങിനെയല്ല പഠിപ്പിച്ചത് എന്നിരി ക്കെ.
3. ഗോള ശാസ്ത്രത്തെ ആധാരമാക്കി തയ്യാറാക്കുന്ന കലണ്ടറുകൾ 29ലെ ചാന്ദ്ര ദർശന സാധ്യത(!) ഉണ്ടെങ്കിൽ അടുത്ത ദിവസം ഒന്നാം തിയ്യതി എന്നാണ് കാണിക്കാറ് എന്ന് പറയുന്നത്, ഗോള ശാസ്ത്ര ത്തെയും ഗോള ശാസ്ത്ര കലണ്ടറിനെയും കുറിച്ചുള്ള അജ്ഞതയാണ് കാണിക്കുന്നത്. "സാധ്യതയുടെ" അടിസ്ഥാനത്തി ലല്ല ഗോള ശാസ്ത്ര കലണ്ടറുകൾ തയ്യാറാക്കുന്നത്. ചന്ദ്രന്റെ ഖണ്ഡിതമായ ചലനങ്ങളുമായി ബന്ധപ്പെട്ടതാണ് ഗോള ശാസ്ത്ര കലണ്ടർ. അതിലേക്കാണ് വിശുദ്ധ ഖുർആൻ വെളിച്ചം നൽകുന്ന ത്.
4. ഉമ്മിയ്യായ ഒരു വിഭാഗത്തിന് മുമ്പിൽ നിശ്ചയിച്ച മാനദണ്ഡത്തെ സാമാന്യവൽക്കരിക്കുക വഴി ഒട്ടേറെ അബദ്ധങ്ങൾക്ക് വാതിൽ

തുറന്നിടുകയാണ് ഉത്തരം നൽകിയ പണ്ഡിതൻ ചെയ്തിട്ടുള്ളത്. താഴെ പറയുന്ന അഞ്ചു സംശയങ്ങൾക്കു എന്തുണ്ട് മറുപടി?

1. പള്ളിയിൽ തുപ്പൽ കുറ്റമാണ്. ഒരാൾ തുപ്പിപോയാൽ അതു പള്ളിയിൽ തന്നെ കുഴിച്ചു മൂടുക എന്നാണ് ഹദീസ്- ഇന്നത്തെ പള്ളികളിൽ ആരെങ്കിലും തുപ്പി പോയാൽ മാർബിൾ കുത്തിപ്പൊളിക്കുമോ?
2. ഫിതർ സക്കാത്തായി അരി നൽകുന്നതു ഏതു ഹദീസിന്റെ വെളിച്ചത്തിലാണ്?
3. "നിങ്ങൾ വല്ലവരും മലമൂത്ര വിസർജന സ്ഥലത്ത് ചെന്നാൽ ഖിബിലക്ക് അഭിമുഖമായിട്ടോ പുറം തിരിഞ്ഞോ ഇരിക്കരുത്. നിങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിഞ്ഞിരിക്കുവിൻ (ബുഖാരി മുസ്ലിം) ലോക മുസ്ലിങ്ങൾക്ക് മുഴുവൻ ബാധകമാണോ ഈ ഹദീസ്?
4. റസൂൽ തിരുമേനി ഒരിക്കൽ പോലും മലയാളത്തിൽ ഖുതുബ നടത്തിയിട്ടില്ല, നബി അറബിയിൽ മാത്രമേ ഖുതുബ നടത്തിയിട്ടുള്ളൂ എന്ന സുന്നികളുടെ വാദത്തെ എന്തുകൊണ്ട് നാം അംഗീകരിക്കുന്നില്ല?
5. അല്ലാഹു നൽകിയ കഴിവുകൊണ്ടാണ് മരിച്ചു പോയ മഹാന്മാർ നമ്മുടെ പ്രാർത്ഥന കേൾക്കുന്നതെന്ന് വിശ്വസിച്ചാൽ ശിർക്കാകുകയില്ല എന്ന സമസ്ത പണ്ഡിതന്മാരുടെ വാദത്തെ നമ്മൾ തള്ളിപ്പറയേണ്ടതുണ്ടോ?

**അടുത്ത ലക്കം:**

**"ഏഷ്യയിൽ ഏകീകരണമാകാമെന്ന് ഹിലാൽ കമ്മിറ്റി."**

ഹറാമിന്റെ നോമ്പും തെറ്റായ പെരുന്നാളുകളും

ലഘുലേഖ – VIII

# "ഏഷ്യയിൽ ഏകീകരണമാകാമെന്ന് ഹിലാൽ കമ്മിറ്റിയും ഹമീദ് മദീനിയും"

## പി.സി. അബ്ദുൽ ലത്തീഫ്

മൂന്ന് വർഷം മുമ്പ് കോഴിക്കോട്ടു നടന്ന ഒരു മാസപ്പിറവി ചർച്ചയിൽ ഹിലാൽ കമ്മിറ്റിയെ പ്രതിനിധീകരിച്ചു പങ്കെടുത്ത അബ്ദുറഹിമാൻ ഇരിവേറ്റി ഹിലാൽ കമ്മിറ്റിയുടെ ഏറ്റവും പുതിയ നിലപാട് വ്യക്തമാക്കി = ഏഷ്യ മുഴുവൻ പിറവി ഏകീകരിക്കാൻ ഹിലാൽ കമ്മിറ്റി തയ്യാറാണ്. "അപ്പോൾ മോഡറേറ്ററായിരുന്ന അബ്ദുസ്സമദ് സമദാനിയുടെ ചോദ്യം = "ഏഷ്യയിൽ നിന്നു ലോകത്തേക്ക് എത്ര ദൂരമുണ്ട്? ഇരിവെറ്റിക്കു മൗനം – സമദാനി വീണ്ടും = "ഇത്തിരി ദൂരമല്ലേ ഉള്ളൂ?" അതോടെ സദസ്സിൽ കൂട്ട ചിരി മുഴങ്ങി – ഇരിവേറ്റി പ്രകോപിതനായി – സമനില തെറ്റിയതുപോലെ അദ്ദേഹം സദസ്സിലേക്ക് ഒരു ചോദ്യമെറിഞ്ഞു." നിങ്ങൾക്കു ഈ ഒരു മാസപ്പിറവി വിഷയം തന്നെയുള്ളോ ചർച്ച ചെയ്യാൻ; ഞാനൊന്നു ചോദിക്കട്ടെ = നിങ്ങളിൽ എത്ര പേർ സക്കാത്തു കൊടുക്കാറുണ്ട്? എത്ര പേരുണ്ട്?! എഴുന്നേറ്റ് നിൽക്കുകയോ കൈ പൊക്കുകയോ ചെയ്യുക." ആരും കൈപൊക്കാതെ വന്നപ്പോൾ ഇരിവേറ്റി ജയിച്ച മട്ടിൽ ഒന്നു ചിരിച്ചു – അപ്പോൾ സദസ്സിൽ നിന്ന് ഒരാൾ എഴുന്നേറ്റു ഇങ്ങിനെ ചോദിച്ചു – "നിങ്ങൾക്കു എവിടെയെങ്കിലും ചെന്ന് വിമർശനാത്മകമായി ഉദ്ദരിക്കാനാണോ സകാത്തു വിഷയം എടുത്തിട്ടത്? "എങ്കിൽ സകാത്തു നൽകുന്നവരിൽ ഞാനുണ്ട്" – രണ്ടാമതായി മറ്റൊരാൾ എഴുന്നേറ്റു നിന്നു മറ്റൊരു ചോദ്യം ഉന്നയിച്ചു – "സകാത്തു കൊടുക്കുന്നവരേയും കൊടുക്കാത്തവരേയും കുറിച്ച്

അന്വേഷിക്കാനാണോ ഹിലാൽ കമ്മിറ്റി നിങ്ങളെ ഇങ്ങോട്ടയച്ചത്? അതോ മാസപ്പിറവി വിഷയത്തിൽ നിലപാട് വ്യക്തമാക്കാനോ?" സകാത്തു നൽകുന്നവർ അതു പരസ്യമാക്കാറില്ലല്ലോ?

ഉടൻ സമദാനി ഇടപെട്ടു സദസ്സ് നിയന്ത്രിച്ചു. തുടർന്ന് മടവൂർ വിഭാഗം: പണ്ഡിതൻ അബ്ദുൽ ഹമീദ് മദീനി സംസാരിച്ചു. ഏഷ്യ മുഴുവൻ ഏകീകരിക്കാമെന്ന് അദ്ദേഹവും സമ്മതിച്ചു. ഏഷ്യയിൽ എവിടെ പിറവിയുണ്ടായാലും അതംഗീകരിക്കാം. അപ്പോൾ സദസ്സിൽ നിന്ന് ഒരു ചോദ്യമുയർന്നു:- "ഈ വർഷം കേരളത്തിൽ തിരുവനന്തപുരത്തു മാത്രം ആകാശത്ത് ഒരു മിനുട്ട് ചന്ദ്രനുണ്ട്. താങ്കളതു അംഗീകരിച്ചു കേരളത്തിലെങ്കിലും ഒരു ദിവസമാക്കുമോ? ഉത്തരം : "ഇതു എന്റെ വ്യക്തിപരമായ അഭിപ്രായമാണ്".

രണ്ടു പണ്ഡിതന്മാരും സംഘടനാ തീരുമാനത്താൽ ബന്ധിക്കപ്പെട്ട നിലക്കാണ് ചർച്ചയിൽ പങ്കെടുത്തതെന്നർത്ഥം!

സമദാനി : "ഞാൻ കുറേ വർഷങ്ങളായി കണക്കനുസരിച്ചാണ് നോമ്പെടുക്കാറ്; ഇതാ, എന്റെ വിഭാഗത്തിന്റെ പണ്ഡിതന്മാർ കേൾക്കേയാണ് ഞാനിതു പറയുന്നത്."

ഈ ലഘുലേഖയുടെ വിഷയം മാസപ്പിറവി ഏകീകരണമല്ല എന്ന് വായനക്കാർ പ്രത്യേകം ഓർക്കുക. നോമ്പിലെ ഹറാമിനെ (റമദാനെന്നറിഞ്ഞിട്ട് നോമ്പെടുക്കാതിരിക്കലും, പെരുന്നാളെന്ന് ഉറപ്പായിട്ടും അന്ന് നോമ്പ് നോൽക്കലും - രണ്ടും ഹറാമാണ്.) സൂക്ഷിക്കുവാനാവശ്യമായ ഉൽബോധനമാണ് ഈ ലഘുലേഖകൾ. ഏകീകരണമെന്നത് സ്വാഭാവിക സംഭവം മാത്രം. ഏകീകരണമെന്ന ആശയത്തെ തെറ്റിധരിപ്പിച്ചു വിഷയത്തിന്റെ സത്തയിൽ നിന്ന് സാധാരണ

ക്കാരനായ വിശ്വാസിയെ പിഴപ്പിക്കവാനുള്ള തന്ത്രമാണ് ചില പണ്ഡിതന്മാർ നടത്തുന്നത്. ലോകമാകെ ഒരേ ദിവസം നോൽമ്പും ഒരേ ദിവസം പെരുന്നാളും എങ്ങിനെ സാധ്യമാകുമെന്നാണ് ഇവരുന്നയിക്കുന്ന ചോദ്യം.

ഭൂമിയിൽ ഒരു ഭാഗത്ത് വ്യാഴാഴ്ചയും തൊട്ടടുത്തുതന്നെ വെള്ളിയാഴ്ചയുമായ പ്രദേശങ്ങളുണ്ട്. ഇവിടെ വ്യാഴാഴ്ച ജുമുഅ നടത്താറില്ല. അതുപോലെ റമദാൻ ഒരു തിങ്കളാഴ്ചയെങ്കിൽ ലോകത്തെല്ലായിടത്തും ഇത് തിങ്കളാഴ്ച തന്നെയായിരിക്കും. ഞായറാഴ്ചയോ ചൊവ്വാഴ്ചയോ ആകില്ല.

## കൺകാഴ്ച ഖുർആനിലും ഭാഷാ ഗ്രന്ഥങ്ങളിലും

മാസ്സപ്പിറവി സംബന്ധിച്ച ലേഖനങ്ങളും പുസ്തകങ്ങളും എഴുതിയ പണ്ഡിതന്മാരുടെ സൃഷ്ടികളിൽ നിന്നു മനസ്സിലാകുന്ന ഒരു സുപ്രധാന കാര്യമുണ്ട് = കൺകാഴ്ച – അഥവാ അറബി ഭാഷയിലെ ‘ രുഇയു’ അപഗ്രഥിക്കാൻ ഇവർ ആരും തയ്യാറായിട്ടില്ല എന്നതാണത്. ഇവിടെ സമഗ്രവും വിശാലവുമായ ഒരു പരിശോധന ആവശ്യമായിട്ടുണ്ട്. അതിന് ആദ്യം വേണ്ടത് പദത്തിന്റെ ഭാഷാർത്ഥം പരിശോധിക്കുകയാണ്. രണ്ടാമത് ഖുർആൻ പ്രസ്തുത പദത്തെ ഉപയോഗിച്ചത് എങ്ങിനെ. മൂന്നാമത് പ്രവാചകൻ (സ്വ)യുടെ പ്രയോഗം എന്ത്? ഈ മൂന്നു വിധത്തിൽ പരിശോധിക്കുമ്പോൾ കൺകാഴ്ചയിൽ മാത്രം ഒതുങ്ങുന്നതല്ല പദം എന്ന് കണ്ടെത്താം. ആദ്യം മലയാളം പരിശോധിക്കാം.

### *കാഴ്ച മലയാളം ഡിക്ഷണറിയിൽ*

1. കണ്ണിന്റെ അനുഭവം
2. നോട്ടം
3. ദർശനം
4. പ്രദർശനം
5. വീണ്ടു വിചാരം

(വിദ്യാർത്ഥി മിത്രം നിഘണ്ടു-പേജ് 332)

ഇവയിൽ കണ്ണ് മാത്രമല്ല കാഴ്ചയുടെ അവയവങ്ങൾ- ബുദ്ധിക്കു കൂടി കാഴ്ചയിൽ പങ്കുണ്ടെന്ന് കാണാം.

*കാഴ്ച അറബി ഡിക്ഷണറിയിൽ*

*"രുഇയു" * എന്നതാണ് പദം. അതിനു അറബി ഡിക്ഷ ണറിയിൽ താഴെ കാണുന്ന അർത്ഥങ്ങൾ കണ്ടെത്താം =

1. നോക്കുക
2. ചിന്തിക്കുക
3. അഭിപ്രായപ്പെടുക
4. വിചാരിക്കുക

(അൽ മൻ ഹൽ-പേജ് - 250)

ഇവിടെ കണ്ണ്, ബുദ്ധി, നാവ്, ഹൃദയം എന്നീ നാല് അവ യവങ്ങൾ കാഴ്ചയുടെ പരിധിയിൽ വരുന്നു.

*കാഴ്ച ഖുർആനിൽ*

നാലു അവയവങ്ങൾ കാഴ്ചയിൽ പങ്കു വഹിക്കുന്ന തായി ഖുർആൻ.

1. കണ്ണ്
2. ബുദ്ധി
3. നാവ്
4. ഹൃദയം

"അറിയുക" മനസ്സിലാക്കുക, എന്നീ രണ്ടു അർത്ഥങ്ങൾ കൂടി "രുഇ യിന്" കൽപ്പിക്കപ്പെട്ടിട്ടുണ്ട്. എന്തിനേറെ പറ യുന്നു ബുദ്ധികൊണ്ടുള്ള കാഴ്ച എന്ന് അമാനി മൌലവി രു ഇയിനു അർത്ഥം നൽകിയിട്ടുണ്ട്. (വിശുദ്ധ ഖുർആൻ - പരിഭാഷ-1, വാളിയം 2, പേജ് 1512)*

* ഹിന്ദിയിൽ*

: seing, looking at, consideration, observation, Scrutiny

: To look at, to perceive, to observe, to think, to consider, to take care, to inspect, to scrutinise

To perceive എന്ന പദത്തിന് ഇംഗ്ലീഷ്-മലയാളം നിഘണ്ടുവിൽ ഒരു അർത്ഥം ശ്രദ്ധിക്കുക = പഞ്ചേന്ദ്രിയങ്ങളിൽ എതിലൂടെയെങ്കിലും അറിയുക, മനസ്സിലാക്കുക, ഗ്രഹിക്കുക, അവബോധമുണ്ടാവുക.

(ആർ.എസ് മഗ്രിഗോറിന്റെ ഓക്സ്ഫോഡ് ഹിന്ദി-ഇംഗ്ലീഷ് നിഘണ്ടു 1993 പേജ് 509) ഇതിൽ നിന്നു മനസ്സിലാകുന്ന അനിഷേധ്യമായ ഒരു സത്യം "കൺകാഴ്ച "കൺകാഴ്ച" അല്ലെന്നാണ്. മാത്രമല്ല കൺകാഴ്ചയെ ആശ്രയിക്കുമ്പോൾ ഖുർആനും ഹദീസും തിരുത്തപ്പെടുകയാണ് ചെയ്യുന്നത്.

*ഇംഗ്ലീഷിൽ

* See, to look at, to ascertain, to make sure,— കാണുക, അറിയുക, മനസ്സിലാക്കുക, ബോധിക്കുക, തിരിച്ചറിയുക, ഗ്രഹിക്കുക (ടി രാമലിംഗം പിള്ളയുടെ ഇംഗ്ലീഷ്-മലയാളം നിഘണ്ടു 1995-പേജ് 806)

Sight

* കാഴ്ച, ദർശിക്കൽ, അവബോധമുണ്ടാക്കുക (catch sight of) ഭാവി സംഭവങ്ങളോ വിദൂരത്ത് നടക്കുന്ന സംഭവങ്ങളോ അറിയാനുള്ള മാനസിക കഴിവ് (പേജ് 840)

വിശുദ്ധ ഖുർആനിൽ നൂറു കണക്കിന് സ്ഥലങ്ങളിൽ കാഴ്ചയെ അപഗ്രഥിച്ചു മനസ്സിലാക്കാനാവശ്യമായ സൂക്തങ്ങൾ കാണാം. അതിപ്രധാനമായ ഏതാനും ഉദാഹരണങ്ങളിലൂടെ നമുക്ക് കടന്നു പോകാം.

**അടുത്ത ലക്കം** :

**"ആനക്കലഹം മുതൽ ആകാശപ്രതിഭാസം വരെ."**

# ആനക്കലഹം മുതൽ ആകാശ പ്രതിഭാസം വരെ

## പി.സി. അബ്ദുൽ ലത്തീഫ്

1. ആനക്കലഹത്തെ വിവരിക്കുന്ന സൂറത്ത് തന്നെ ഒരു പ്രധാന ഉദാഹരണം. കഅബയെ ആക്രമിക്കാൻ വന്ന ആനപ്പടയാളികളെ താങ്കളുടെ രക്ഷിതാവ് എങ്ങിനെ കൈകാര്യം ചെയ്തു എന്ന് (നബിയെ) താങ്കൾ കണ്ടിട്ടില്ലേ - അവരുടെ കുതന്ത്രങ്ങളെ അല്ലാഹു പരാജയപ്പെടുത്തിയില്ലേ, ചുട്ടു പഴുപ്പിച്ച കളിമൺ കല്ലുകൾ കൊണ്ട് ആനപ്പടയാളികളെ എറിയുന്ന ഒരു കൂട്ടം പക്ഷികളെ അവരുടെ നേർക്ക് അവൻ അയക്കുകയും ചെയ്തു. എന്നിട്ട് ചവച്ചരക്കപ്പെട്ട വൈക്കോൽ തുരുമ്പുകളെ പോലെ അവരെ നശിപ്പിച്ചു കളയുകയും ചെയ്തതും (താങ്കൾ കണ്ടില്ലേ?) (വി.ഖു. 105:1-5)

*മേൽ പറഞ്ഞ സംഭവങ്ങളിൽ ഒന്നും തന്നെ റസൂൽ(സ)കണ്ടിട്ടില്ല. അവിടുന്ന് സംഭവം നടക്കുമ്പോൾ ജനിച്ചിട്ടുപോലുമില്ലെന്നു പണ്ഡിതന്മാർ തന്നെ രേഖപ്പെടുത്തുന്നു. പക്ഷെ കാണുക എന്ന അർത്ഥത്തിലുള്ള "രുഇയു" എന്ന പദമാണ് ഖുർആൻ ഇവിടെ പ്രയോഗിച്ചിട്ടുള്ളത് എന്ന കാര്യം ശ്രദ്ധേയമാണ്. ഇത് കണ്ണ് കൊണ്ടുള്ള കാഴ്ചയാണോ? ഉദാഹരണം**(2) ഇത് വായിക്കുന്ന നിങ്ങളോട് ഒരു ചോദ്യം : നരകത്തെ ഇഹലോകത്ത് വെച്ച് കണ്ണ്കൊണ്ട് കാണാൻ പറ്റുമോ? ഇല്ല എന്നാണു നിങ്ങളുടെ മറുപടി. എന്നാൽ വിശുദ്ധ ഖുർആൻ പറയുന്നു കാണാൻ പറ്റുമെന്ന്!! ആര് പറഞ്ഞതാണ് ശരി? നരകത്തെ ആരാണ് കണ്ടവർ എന്നാണ് നമ്മുടെ മറ്റൊരു ചോദ്യം. ഇനി നമുക്ക് സൂറഅത്തകാഥുർ പരി ശോധിക്കാം =

നിസ്സംശയം നിങ്ങൾ ദൃഢമായ അറിവ് അറിയുമായിരുന്നുവെങ്കിൽ ജ്വലിക്കുന്ന നരകത്തെ നിങ്ങൾ കാണുക തന്നെ ചെയ്യും. പിന്നെ തീർച്ചയായും നിങ്ങൾ അതിനെ ദൃഢമായും കണ്ണാൽ കാണുക തന്നെ ചെയ്യും." (വി.ഖു. 102:5,6,7) ഇവിടെ ഈ ലോകത്തുവെച്ച് നരകത്തെ കാണുമെന്നാണ് ഖുർആൻ പറയുന്നത്. ഇത് കൺകാഴ്ചയാണോ?

"നിങ്ങൾക്ക് ദൃഢമായ അറിവുണ്ടെങ്കിൽ നരകത്തെ ഈ ലോകത്ത് വെച്ച് കാണാം." അല്ലാത്ത പക്ഷം തീർച്ചയായും നിങ്ങൾ അതിനെ പരലോകത്ത് വെച്ച് ദൃഢമായും കണ്ണാൽ കാണുക തന്നെ ചെയ്യും. രണ്ടിടത്തും ഖുർആൻ പ്രയോഗിച്ച പദം കാഴ്ച എന്ന അർത്ഥം വരുന്ന "റുഅ്യ്"എന്ന പദമാണ്. ചാന്ദ്ര ദർശനത്തെ സംബന്ധിച്ചും വിശുദ്ധ ഖുർആനും നബി തിരുമേനി (സ്വ)യും പ്രയോഗിച്ച പദം ഒന്ന് തന്നെ. ഭൂമിയിൽ വെച്ച് നരകത്തെ കണ്ടെത്താൻ ബുദ്ധിയാണ് പ്രയോഗിക്കേണ്ടത്. അപ്പോൾ നരകത്തെ നമ്മൾ കണ്ടെത്തുന്നു, അറിയുന്നു, മനസ്സിലാക്കുന്നു. കണ്ണിന് ഈ കാഴ്ചയിൽ യാതൊരു പങ്കുമില്ല. ഇവിടെയെല്ലാം ഖുർആൻ ഉപയോഗിച്ച പദവും ഒന്നാണ്. മാത്രമല്ല കൺകാഴ്ച പരലോകത്താണ്. അവിടെ കണ്ണ് എന്ന് അർത്ഥം വരുന്ന "ഐൻ" എന്ന പദം തന്നെ ഉപയോഗിച്ചിട്ടുണ്ട്.

ഉദാഹരണം (3) അല്ലാഹു പറയുന്നു: "നിന്റെ രക്ഷിതാവ് ആദിനെ ക്കൊണ്ട് എപ്രകാരം പ്രവർത്തിച്ചു എന്ന് നീ കണ്ടിട്ടില്ലേ" (സൂറത്ത് ഫജ്ർ 89:6) ആദു സമൂഹത്തെ നശിപ്പിച്ച സംഭവവും റസൂൽ കണ്ടതല്ല. ഈ സംഭവത്തിന്റെ അവശിഷ്ടം കണ്ടെത്തുന്നത് തന്നെ വളരെ അടുത്ത കാലത്ത് മാത്രമാണ് താനും. ഇവിടെ ഉപയോഗിച്ച പദവും കാഴ്ച എന്നർത്ഥം വരുന്ന "രുഇയു" എന്ന പദമത്രെ.

(4) പലപ്പോഴും നാം പാരായണം ചെയ്യാറുള്ള സൂറ "കഹ്ഫ്"ൽ ഗുഹാവാസികളെക്കുറിച്ച് പറയുന്നേടത്ത് അല്ലാഹു റസൂലിനോട് പറയുന്നു: "സൂര്യൻ അത് ഉദിക്കുമ്പോൾ അവരുടെ ഗുഹ വിട്ട് വലത്തോട്ട് ചാഞ്ഞുപോകുന്നതായും അസ്തമിക്കുമ്പോൾ അതവരെ മുറിച്ചുകടന്ന് ഇടത്തോട്ട് പോകുന്നതായും നിനക്ക് കാണാം" (18:25) പ്രസ്തുത ഗുഹപോലും കണ്ടിട്ടില്ലാത്ത പ്രവാചകനോട് ഗുഹയോടുള്ള സൂര്യന്റെ ചായലും മറിയലും "കാണാം" എന്നാണ് ഖുർആൻ പറയുന്നത്! ഗുഹ എവിടെയാണെന്ന് ഖുർആൻ തന്നെയും പറയുന്നില്ല!

വിശ്വാസികളെക്കൊണ്ട് വിശുദ്ധ റമളാൻ മാസത്തിന്റെ രണ്ടു അറ്റങ്ങളിലും ഹറാം ചെയ്യിക്കാതിരിക്കാൻ നമുക്ക് ഇത് തന്നെ ധാരാളം തെളിവ്. അതായത് മാസപ്പിറവി കാണലല്ല, പിറവി ഉണ്ടായെന്ന് അറിയലാണ് യഥാർത്ഥത്തിൽ വേണ്ടത്! കാണണം എന്നാണല്ലോ പ്രവാചകൻ പഠിപ്പിച്ചത് എന്ന് വീണ്ടും ചോദിച്ചേക്കാം. ഇവിടെ രണ്ട് പോയന്റുകൾ വീണ്ടും ആവർത്തിക്കുന്നു.

(1) പ്രവാചക കാലത്ത് അതു മാത്രമേ മാർഗമുണ്ടായിരുന്നുള്ളു. നമസ്ക്കാര സമയം നിർണയിച്ചു തന്നത് പോലെ സൂര്യപ്രകാശം മങ്ങുന്ന ദിവസങ്ങളിൽ അസർ നമസ്കാരം നേരത്തെ നിർവ്വഹിച്ചു കൊള്ളാൻ അവിടുന്ന് അനുമതി നൽകിയിരുന്നതായി പണ്ഡിതന്മാർ രേഖപ്പെടുത്തുന്നു. ഇന്ന് സൂര്യനെ കാണാതെ വന്നാൽ കയ്യിലും ചുമ രിലും വാച്ചുള്ള നമുക്ക് അസർ നേരത്തെ നിർവഹിക്കാമെന്ന് ഫത്വ നൽകാമോ?

(2) പ്രവാചക കാലത്ത് ഒരിക്കലും തന്നെ യാതൊരു പിഴവുകളും ഈ വിഷയത്തിൽ സംഭവിച്ചിട്ടില്ല. കാരണം അവിടുന്ന് വഹിയിനാൽ നിയന്ത്രിക്കപ്പെട്ടിരുന്നു. അതുകൊണ്ട് തന്നെ അല്ലാഹുവിന്റെ കണി ശമായ സൂക്ഷ്മതയിലാണ് കാര്യങ്ങൾ തീരുമാനിക്കപ്പെട്ടിരുന്നത്. ഇവി ടെയാണ് മതസംഘടനാ പ്രസിദ്ധീകരണങ്ങൾക്കുപോലും ആലോച നാശൂന്യമായ തെറ്റ് പറ്റിയിട്ടുള്ളത് എന്ന് കാണാം. ഉദാഹരണം വിചി ന്തനം (2005 നവംബർ 25 "ജവാബ്" പേജ്) മാസപ്പിറവിയുമായി ബന്ധപ്പെട്ട ഹദീസുകളിൽ സൗകര്യപ്രദമായ ഒന്ന് തെരഞ്ഞെടുത്ത് സ്വന്തം അബദ്ധധാരണകളെ നായീകരിക്കുകയാണ് പണ്ഡിതന്മാർ ചെയ്യുന്നത്. ഇതിനുപകരം ഇതു സംബന്ധിച്ച മുഴുവൻ ഹദീസുകളും ഒന്നിച്ചെടുത്ത് അപഗ്രഥനം ചെയ്തു ആശയം കണ്ടെത്തുകയാണ് പണ്ഡിതധർമ്മം. അതിനാണ് ഇജ്തിഹാദ് എന്നുപറയുക.

ഉദാഹരണം (5) "നീ കണ്ടില്ലേ ഇബ്രാഹിമിനോട് അദ്ദേഹത്തിന്റെ റബ്ബിന്റെ കാര്യത്തിൽ ന്യായവാദം നടത്തിയ ഒരുവനെ?" (അൽ ബഖറ 2 : 258) നമ്രൂദാണ് ഇവിടുത്തെ കഥാപാത്രം. നമ്രൂദിനെ നബി കണ്ടി ട്ടില്ല. സംഭവം നബി അറിഞ്ഞിട്ടുമില്ല. ഇവിടെയും അല്ലാഹുവിന്റെ ചോദ്യം കണ്ടില്ലേ എന്നാണ്.

(6) "നീ കണ്ടില്ലേ അല്ലാഹു ആകാശങ്ങളെയും ഭൂമിയെയും യഥാർത്ഥ മുറപ്രകാരം സൃഷ്ടിച്ചിരിക്കുന്നു എന്ന്." (ഇബ്രാഹിം 14:19) ആകാശ ഭൂമികളുടെ സൃഷ്ടിപ്പ് നബിയോ നമ്മളോ കണ്ടിട്ടില്ല.

(7) "നീ കണ്ടില്ലേ നിശ്ചയമായും ആകാശങ്ങളിൽ ഉള്ളവരും ഭൂമിയി ലുള്ളവരും സുര്യനും ചന്ദ്രനും, നക്ഷത്രങ്ങളും, പർവ്വതങ്ങളും, വൃക്ഷ ങ്ങളും, ജീവജാലങ്ങളും, മനുഷ്യരിൽനിന്നു കുറെ ആളുകളും അവനു (അല്ലാഹുവിന്) സുജൂദു ചെയ്യുന്നു എന്ന്." (ഹജ്ജു 22:18) ഈ പറഞ്ഞ പ്രകൃതി പ്രതിഭാസങ്ങളൊന്നും തന്നെ റസൂൽ കണ്ടിട്ടില്ല. പക്ഷേ ഇവി

ടെയും പ്രയോഗം "കാഴ്ച"യാണ്! പക്ഷേ ഇവയൊന്നും കൺകാഴ്ചയല്ല, മറിച്ച് അറിയലും പഠിക്കലും വിശ്വസിക്കലുമാണ്. അതുതന്നെയാണ് ചന്ദ്രന്റെ ഉദയവും അസ്തമനവും. ഉദിച്ചെന്നും അസ്തമിച്ചെന്നും അറിയലാണ്.

(8) "നീ കാണുന്നില്ലേ ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും (എല്ലാം) അല്ലാഹു അറിയുന്നു എന്ന്" (മുജാദല 58:7) മുൻകാല സംഭവങ്ങൾ പ്രതിപാദിക്കുന്നിടത്ത് "നീ കണ്ടില്ലേ എന്നാണ് ഖുർആൻ ചോദിക്കുന്നത്. മേൽപറഞ്ഞ ഉദാഹരണങ്ങൾക്ക് പുറമെ

(9) ബഖറയിലെ 243(10), 246(11) 12:24(12)36:31 തുടങ്ങിയവ. പ്രകൃതി സൃഷ്ടിപ്പിനേയും അതിലെ വിസ്മയങ്ങളെയും പ്രതിപാദിക്കുന്നെടത്തും പ്രയോഗിച്ചിരിക്കുന്നത് "രുഇയു" എന്ന പദമാണ്. താഴെ പറയുന്ന ഉദാഹരണങ്ങൾ കൂടി ശ്രദ്ധിക്കുക.

ഉദാഹരണം : (13) "നിങ്ങൾ കണ്ടില്ലേ എങ്ങനെയാണ് (ഒന്നൊന്നിനുമീതെ) അടുക്കുകളായ നിലയിൽ അല്ലാഹു ഏഴു ആകാശങ്ങളെ സൃഷ്ടിച്ചിരിക്കുന്നത്?" (ആലോചിച്ചുനോക്കൂ) (നൂഹു 75:15) ഏഴു ആകാശങ്ങളിൽ ഒന്നാം ആകാശത്തിലെ വളരെ ചെറിയ ഗാലക്സിയായ സൗരയൂഥത്തെക്കുറിച്ചുള്ള പഠനം തന്നെ ഇപ്പോഴും ശൈശവദശയിലാണ്. അത്തരമൊരു സമൂഹത്തോട് പ്രാപഞ്ചിക സൃഷ്ടിപ്പിന്റെ വിസ്മയം കണ്ടില്ലേ എന്നാണ് അല്ലാഹുവിന്റെ ചോദ്യം. ഇവിടെ കണ്ണിന്റെ പങ്കെന്താണ് എന്നാണ് വിശുദ്ധ ഖുർആൻ പഠിക്കുന്ന സാധാരണക്കാരന്റെ ചോദ്യം.

ഉദാഹരണം (14) "അല്ലാഹു നിങ്ങൾക്ക് (മനുഷ്യർക്ക്) ഭൂമിയിലുള്ളതെല്ലാം കീഴ്പ്പെടുത്തിതന്നിരിക്കുന്നു. എന്ന് നീ കണ്ടില്ലേ; സമുദ്രത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന കപ്പലുകളെയും കീഴ്പ്പെടുത്തിതന്നിരിക്കുന്നു. ആകാശം അവന്റെ അനുമതി പ്രകാരമല്ലാതെ ഭൂമിയിൽ വീണുപോകാതിരിക്കാൻ പിടിച്ചുനിർത്തിയിട്ടുള്ളതും നീ കണ്ടില്ലേ" (ഹജ്ജ് 22 : 65)

ഭൂമിയിലുള്ളതത്രയും കീഴ്പ്പെടുത്തി തന്നിരിക്കുന്നത് നാമെങ്ങിനെ കൺകാഴ്ചയായി കാണും? അത് അന്വേഷിച്ച് കണ്ടെത്തുകയാണ് ചെയ്യുന്നത്. ഭാരമുള്ള കപ്പലുകൾ ആണ്ടുപോകാതെ വെള്ളത്തിൽ പൊന്തിനിൽക്കുന്നതിനുപിന്നിലെ ശാസ്ത്രതത്വം വിസ്മയാവഹമാണ്. ആകാശഗോളങ്ങളും നക്ഷത്രങ്ങളും ഗാലക്സികളും സൂപ്പർ ഗാലക്സി

കളും ഭൂമിയിലേക്ക് വീഴാതെ പിടിച്ചുനിർത്തുന്ന സർവ ശക്തനായ റബ്ബിന്റെ പ്രാപഞ്ചിക സംവിധാനത്തിലെ അത്ഭുതം ഒരു കൺകാഴ്ചയല്ല. അതുകൊണ്ടുതന്നെ 1993ലെ കെ.എൻ.എം. ഖുർആൻ പരിഭാഷയിൽ മേൽ ആയത്തിന് അർത്ഥം നൽകിയിരിക്കുന്നത് ഇപ്രകാരമാണ്. "അല്ലാഹു നിങ്ങൾക്ക് ഭൂമിയിലുള്ളതെല്ലാം കീഴ്പ്പെടുത്തി തന്നിരിക്കുന്നു എന്ന് നീ മനസ്സിലാക്കിയില്ലേ?" (പേജ് 489)

അപ്പോൾ വിശുദ്ധ ഖുർആനിൽ നൂറു കണക്കിന് സ്ഥലങ്ങളിൽ അല്ലാഹു പ്രയോഗിച്ചിട്ടുള്ള ഒരു പദത്തിന്റെ ആശയം സ്വീകരിക്കുന്നതിനു പദത്തിന്റെ ബാഹ്യാർത്ഥത്തിൽ ഒതുങ്ങുമ്പോൾ നമുക്കു സാധ്യമാകാതെ വരുന്നു.

ഇനി കൺകാഴ്ചയുടെ ശാരീരിക പ്രതിഭാസം പരിശോധിച്ചാൽ താഴെ പറയുന്ന വസ്തുതകൾ ബോധ്യമാകും:

1. കണ്ണിനു സ്വമേധയാ കാഴ്ച ശക്തിയില്ല; നോക്കുന്ന വസ്തുവിൽ പ്രകാശം തട്ടുമ്പോൾ മാത്രമേ കണ്ണിനു കാഴ്ച ലഭിക്കൂ. വിശുദ്ധ ഖുർആൻ സുറ:ബഖറയിൽ പറയുന്നത് കാണുക. "അവരുടെ ഉപമ, ഒരിടത്തു തീ കത്തിച്ചവനെപോലെയാണ്; തീ അവനു ചുറ്റും പ്രകാശം പരത്തി, അപ്പോൾ അല്ലാഹു പ്രകാശവും കൊണ്ടു പോയിക്കളഞ്ഞു; അതോടെ അവർ ഇരുട്ടിലുമായി, അവ ർക്കു (ഒന്നുംതന്നെ) കാണാൻ കഴിഞ്ഞുമില്ല." (2:17)

2. ഏതു വസ്തുവാണോ കണ്ടത് ആ വസ്തുവെ തന്നെയാണ് കണ്ടതെന്ന് മസ്തിഷ്കം വേണം നമ്മോട് പറയാൻ. മനുഷ്യ സൃഷ്ടിയിലെ ശാസ്ത്രസത്യമാണിത്. ഇനി ചാന്ദ്രദർശനത്തിന് കാഴ്ച വേണമെന്ന് ശഠിക്കുന്നവർക്കു അതാകാം. പക്ഷെ ചാന്ദ്രവർഷദിനങ്ങൾ 354 തന്നെ ഉണ്ടായിരിക്കണം. ഇതിൽ ഏറ്റക്കുറവ് വരാൻ പാടില്ല. അതു വിശുദ്ധ ഖുർആന് വിരുദ്ധമാകും. പ്രവാചകചര്യക്കും.

അടുത്ത ലക്കം: "**രിഫായിശേഖും നമ്മളും**"

# രിഫായിശേഖും നമ്മളും

## പി.സി. അബ്ദുൽ ലത്തീഫ്

വിശ്വാസിയായ ഒരു മുസ്ലിമിനോട് അവന്റെ ബുദ്ധി ചോദിക്കുന്ന കുറേ ചോദ്യങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ചോദ്യം അല്ലാഹുവിന്റെ സ്വമദിയ്യത്തി (സ്വാശ്രയത്വത്തിൽ)ൽ, മാസപ്പിറവിയോടനുബന്ധിച്ച് ഭൂമിയിൽ നിന്ന് ഏതാനും പേരുടെ ഇടപെടൽ ഉണ്ടാകുന്നില്ലേ എന്നതാണ്. രിഫായിശേഖിനെ കഅബ ത്വവാഫ് ചെയ്യുകയും അതു നിർത്തൽ ചെയ്യാൻ അല്ലാഹു രിഫായി ശേഖിനോട് അപേക്ഷ പുറപ്പെടുവിക്കുകയും ചെയ്തതായി മാല ഉദ്ധരിച്ചു നാം സുന്നികളെ കളിയാക്കാറുണ്ട്. എന്നാൽ അതിനേക്കാൾ ഗൗരവതരമായതാണ് കൊല്ലത്തിൽ മൂന്നുതവണ ഭൂമിയിൽ നിന്ന് ഏതാനും പണ്ഡിത സംഘടനകൾ അല്ലാഹുവിന്റെ അധീശാധികാരത്തിൽ നടത്തുന്ന ഇടപെടൽ! ആകാശത്തു നിന്ന് കാര്യങ്ങൾ തീരുമാനിച്ച് ഭൂമിയിലേക്കു അയക്കുകയാണ് അല്ലാഹുവിന്റെ നടപടിക്രമം (സജദ - 32:4) എന്നാൽ മാസപ്പിറവി നിർണ്ണയം വരുമ്പോൾ നേരെ മറിച്ചാകുന്നു. ഭൂമിയിൽ നിന്ന് കാര്യങ്ങൾ തീരുമാനിച്ച് ആകാശത്തേക്കയക്കുക!! അതായത് ഭൂമിയിൽ നിന്ന് തീരുമാനം വരാൻ അല്ലാഹു കാത്തുനിൽക്കേണ്ടി വരുന്നു!! ജിബ്രീൽ (അ)യും മറ്റു മലക്കുകളും മുഖേന ലൈലത്തുൽ ഖദ്റിലാണല്ലോ അല്ലാഹു ഒരു വർഷത്തെ ഭൂമിയിലെ കാര്യങ്ങളുടെ ഫയൽ അയക്കുന്നത് (97:4). ഈ ലൈലത്തൂർ ഖദ്ർ തീരുമാനിക്കാൻ അല്ലാഹുവിന് കഴിയാതെ വരുന്നു! ഭൂമിയിലെ തർക്കം തീർന്ന് പിറവി അറിയിപ്പ് ലഭിക്കും വരെ അല്ലാഹു കാത്തു നിൽക്കുന്നു! അറിയിപ്പ് ലഭിച്ചശേഷമേ സ്വർഗ്ഗത്തിന്റെ കവാടങ്ങൾ റമദാനിലേക്കായി തുറന്നിടാനും നരക കവാടങ്ങൾ അടച്ചിടാനും പിശാചിനെ ചങ്ങലകളിൽ ബന്ധിക്കാനും അല്ലാഹുവിനു സാധിക്കുന്നുള്ളൂ!!! എന്തുമാത്രം വിരോധാഭാസവും ശിർക്കുമാണിത്! മാത്രമല്ല ഈ നടപടിയെ ന്യായികരിക്കാൻ അല്ലാഹുവിന്റെ പ്രവാചകനെ കൂട്ടുപിടിക്കുക! പരലോകത്ത് വിചാരണയില്ലാത്ത കാര്യമാണോ ഇത്? ഫർളായ നോൽമ്പ് നഷ്ടപ്പെട്ടതിനേയും ഹറാമായ ദിവസം നോമ്പനുഷ്ഠിക്കേണ്ടി വന്നതിനേയും അറഫ കഴിഞ്ഞ് അറഫാ നോമ്പ് പിടിക്കേണ്ടി വന്നതിനേയും കുറിച്ച് മുഹമ്മദ് നബി(സ)യുടെ അനുയായികൾ നാളെ പരലോകത്തു പരാതി പറയുമ്പോൾ പണ്ഡിത സംഘടനകൾക്കു എന്തുപറയാനുണ്ടാകും? നാം ചെയ്തു കൂട്ടിയ സൽകർമ്മങ്ങളെ പരലോകത്തുവെച്ച് പൂജ്യം കൊണ്ട് പെരുക്കേ

ണ്ടിവരില്ലേ? പെരുന്നാൾ അറിയിപ്പും ഇതേപോലെ ഭൂമിയിൽ നിന്ന് ലഭിച്ചിട്ട് വേണം അല്ലാഹുവിന് പിശാചിന്റെ ചങ്ങല അഴിക്കാനും സ്വർഗ്ഗകവാടം അടച്ചിടാനും നരകം തുറക്കാനും! കാസർകോട് 2005ലെ ചെറിയ പെരുന്നാൾ സുന്നികൾക്ക് വ്യാഴാഴ്ചയും മുജാഹിദുകൾക്കു വെള്ളിയാഴ്ചയുമായപ്പോൾ അല്ലാഹു കൂടുതൽ ആശയക്കുഴപ്പത്തിലായി! ആരുടെ കൂടെ നിൽക്കണം; സ്വർഗ്ഗകവാടം അടക്കുകയോ തുറന്നിടുകയോ വേണ്ടത്; ഹറാമിന്റെ നോമ്പ് ആരാണ് നോറ്റത് - ഈ വക തീരുമാനങ്ങളിൽ അല്ലാഹു ആശയക്കുഴപ്പത്തിലാകുക!! ഒരു കാര്യം ഇതിൽ നിന്ന് ഖണ്ഡിതമാകുന്നു. തെറ്റുകാരൻ അല്ലാഹുവല്ല റസൂലുമല്ല. നമ്മൾ തന്നെ. നമുക്കു എവിടെയോ തെറ്റുപറ്റിയിട്ടുണ്ട് എന്ന് വിലയിരുത്തി അതുതിരുത്തുകയാണ് തൗഹീദ്.

ഇനി ബലിപെരുന്നാളിന്റെ കാര്യമെടുത്താൽ ഇതിലേറെ കഷ്ടമാണ്. സഊദിയും അറഫ തീരുമാനിക്കുന്നു; നമ്മളും അറഫ തീരുമാനിക്കുന്നു! അറഫയാകട്ടെ ഒന്നേയുള്ളൂ ഈ ഉറപ്പിക്കലാണെങ്കിൽ ദുൽഹിജ്ജ 6-നും 7-നുമാണ് ഖാസിമാർ പതിവായി നടത്താറ്! ചന്ദ്രികയിൽ നിന്ന് മാസപ്പിറവി തീരുമാന അറിയിപ്പിനായി ബന്ധപ്പെടുമ്പോൾ ഈയുള്ളവൻ ചോദിക്കാറുള്ള ഒരു ചോദ്യമുണ്ട്; ചന്ദ്രൻ ആകാശത്തു പ്രത്യക്ഷപ്പെട്ടില്ലേ എന്ന്. അപ്പോൾ ലഭിക്കാറുള്ള മറുപടി ഇതാണ് - "ആകാശത്തുള്ള ചന്ദ്രനെ ഞങ്ങൾക്കു അംഗീകരിക്കാൻ പറ്റില്ല; ഒന്നാം ചന്ദ്രനെ കണ്ടവർ ഇവിടെ വന്ന് സത്യം ചെയ്യണം."

**ചോദ്യം വീണ്ടും** - "ആരും വന്നു പറഞ്ഞില്ലെങ്കിലോ"

**മറുപടി** – "ഉറപ്പിച്ചശേഷം ആരെങ്കിലും വന്നാലോ?"

**ചോദ്യം** – "നാളെ ദുൽഹിജ്ജ എട്ടായി, നോൽമ്പ് പിടിക്കണ്ടേ"

**മറുപടി** – "ആരെങ്കിലും വരുമോന്ന് നോക്കട്ടെ."

നേരെ മുജാഹിദ് സെന്ററുമായി ബന്ധപ്പെട്ടാലും മറുപടി ഇതുതന്നെ. പിറവിചന്ദ്രനെ നോക്കാൻ ഞങ്ങൾ എല്ലാ യൂണിറ്റുകൾക്കും സർക്കുലറയച്ചു; ആരും നോക്കിയില്ല; ഞങ്ങളെന്തു ചെയ്യും?!!

**ചോദ്യം** – "ഈ പിറവി നിർണ്ണയരീതി അപ്രായോഗികമാണെന്നല്ലേ ഇതിലൂടെ നമ്മൾ മനസ്സിലാക്കേണ്ടത്."

**മറുപടി** - "മത്വ് ലഅ് എന്ന പ്രശ്നമുണ്ട്, പ്രയാസമേറിയതാണത്." (അല്ലാഹു പറയുന്നു ഖുർആൻ എളുപ്പമാണെന്ന്)

ഇവിടേയും ഖുർആനിനെ ഒറ്റപ്പെടുത്തിയതാണ് നാം ഒറ്റപ്പെടാൻ കാരണമെന്ന തിരിച്ചറിവാണ് ഉണ്ടാകേണ്ടത്. ഹദീസിനെ ഖുർആനിലൂടെ വിലയിരുത്തിയതുമില്ല!

സുന്നികളുൾപ്പെടെ മുസ്ലിം സമൂഹം ഹിലാൽ കമ്മിറ്റിയിലൂടെയെ

ങ്കിലും സത്യം പുലരുമെന്ന് പ്രതീക്ഷിച്ചിരുന്നു. അതുണ്ടായില്ലെന്നതാണ് ഏറെ ദുഃഖമുണ്ടാക്കുന്നത്. 2005ലെ ചെറിയ പെരുന്നാൾ അറിയിപ്പ് ഖാസിമാരിൽ നിന്ന് ചന്ദ്രിക ഓഫീസിലെത്തിയത് രാത്രി 8നും 8.30നുമിടക്ക്! മുജാഹിദ് സെന്ററിൽ നിന്നെത്തിയത് 9.30നും 10 മണിക്കുമിടക്ക്! സമയം കഴിഞ്ഞ് ആരു വന്നാലും സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചുവത്രെ! ഇതു നബിയുടെ ചര്യയാണോ? ഒരു പെരുന്നാൾ ദിവസം അസറിന് നബി തിരുമേനി(സ) "മാസമുറപ്പിച്ചിട്ടില്ലേ" എന്ന് ഒരു പണ്ഡിതനോട് ചോദിച്ചപ്പോൾ വാചാലമായ മൗനമായിരുന്നു പ്രതികരണം.

2005 നവംബർ 25-ലെ വിചിന്തനം 9-ാം പേജിലെ "ജവാബ്" ൽ നൽകിയ ചോദ്യത്തിനുള്ള ഉത്തരം ഒരു പണ്ഡിത സംഘടനയുടെ വിചിന്തനത്തിന് ചേർന്നതായില്ല. കാരണം നബിയുടെ കാലത്തു നബിക്കുതന്നെയും തെറ്റു പറ്റിയിട്ടുണ്ടാകാമെന്ന് സിദ്ധാന്തിക്കാൻ ഒരു പണ്ഡിത പ്രസിദ്ധീകരണത്തിന് പാടില്ലാത്തതാണ്. വ്യക്തമായി തെളിഞ്ഞതും സംഭവിച്ചതുമായ കാര്യങ്ങൾ ഖണ്ഡിതമായി പരാമർശിക്കുകയാണ് പണ്ഡിതധർമ്മം. അതിനു പകരം വിചിന്തനം അവലംബിച്ചത് താർക്കികതയേയും ഊഹങ്ങളേയുമാണ്. വിചിന്തനം പ്രസ്താവിച്ചതു അബദ്ധമാണ്. കാരണം പ്രവാചകന്റെ കാലത്തു താഴെ പറയുന്ന കാരണങ്ങളാൽ തെറ്റു സംഭവിച്ചിരിക്കാൻ ഒട്ടും സാധ്യതയില്ല.

1) മക്കക്കാർ ഒരു ചെറിയ പെരുന്നാൾ ദിവസം അസറിന് മദീനയിലെത്തി. നബിയും സ്വഹാബാക്കളും റമദാൻ വ്രതം തുടരുന്നതായി അവർ കണ്ടു. മാസപ്പിറവി ഉണ്ടായി എന്നറിഞ്ഞതോടെ നബിക്കും കാര്യം ബോധ്യമാവുകയും പെരുന്നാളാഘോഷം പിറ്റേദിവസത്തേക്കു മാറ്റിവെച്ച് നോമ്പ് മുറിക്കുകയും മുറിക്കാൻ സ്വഹാബാക്കളോട് കല്പിക്കുകയും ചെയ്തു - ഈ സംഭവം ഖണ്ഡിതമാണ്. ഊഹത്തിന് ഇവിടെ സാധുതയില്ല. മറിച്ചുള്ള സംഭവങ്ങളൊന്നും ജവാബിൽ ഉദ്ധരിക്കുന്നില്ല. അതിനാൽ 2005-ൽ നമ്മുടെ തീരുമാനം നബിചര്യയാണോ എന്ന് ചിന്തിക്കുക.

2) നബിയെ അല്ലാഹു വഹ്‌യ് കൊണ്ട് നിയന്ത്രിച്ചിട്ടുണ്ട്. ഖുർആനും ഹദീസുമല്ലാത്ത വഹ്‌യ് നബി തിരുമേനി(സ)ക്കു ഉണ്ടായതായി ഖുർആൻ കൊണ്ട് തന്നെ തെളിയുന്നതിനാൽ മാസനിർണ്ണയത്തിലും നബിക്കു സംഭവിച്ചേക്കാവുന്ന പിഴവ് (പിഴവുണ്ടായിട്ടില്ല) അല്ലാഹു തിരുത്തിയിട്ടുണ്ട് എന്ന് വിശ്വസിക്കുകയാണ് മറിച്ച് തെളിവില്ലാത്ത കാലത്തോളം വിശ്വാസി ചെയ്യേണ്ടത്. അസറിലെ നോൽമ്പ് മുറിക്കലിലും പെരുന്നാൾ മാറ്റിവെക്കലിലും ഹറാമിന്റെ ഒഴിവാക്കലും സുന്നത്തിന്റെ മാതൃകയുമാണ് നമുക്കു ദർശിക്കാൻ കഴിയുന്നത്. സ്വഹാബാക്കൾക്കു പോലും അല്ലാഹു ഇൽഹാം നൽകിയിട്ടുണ്ട്. ഒരേ സമയം അവർക്കും പ്രവാചകനും സ്വപ്നദർശനത്തി

ലൂടെ മാർഗ്ഗദർശനം ലഭിച്ചിട്ടുണ്ട്. (തെളിവ് ബാങ്കിന്റെ ആരംഭം) അതിനാൽ വിചിന്തനത്തിന്റെ അനുമാനം മതത്തിൽ പ്രമാണമല്ല! അതുകൊണ്ട് പെരുന്നാളെന്ന് അറിഞ്ഞ് നോമ്പെടുക്കുക വെറും കുറ്റമല്ല. മാപ്പില്ലാത്ത കുറ്റം കൂടിയാണ്. അതിനു പണ്ഡിതന്മാരും ഖാസിമാരും ഖബ്റിലും പരലോകത്തും മറുപടി പറയേണ്ടി വരും. മാത്രമല്ല കേരളത്തിലെ ലക്ഷക്കണക്കിന് മുസ്ലിംകളുടെ തിന്മ അവർ ഏറ്റുവാങ്ങേണ്ടിയും വരും. കൂടാതെ അവരുടെ നന്മ അവർ പിഴപ്പിച്ച മുസ്ലിംകൾക്കു വിതരണം ചെയ്യേണ്ടതായും വരും.കലണ്ടറിൽ ഒരു തിയ്യതി രേഖപ്പെടുത്തിയിട്ട് മറ്റൊന്ന് ജനങ്ങളോട് പറയുന്നതിന്റെ അർത്ഥമെന്താണ്? ഈ ചോദ്യത്തിനും വിചിന്തനം നൽകുന്ന മറുപടി മനുഷ്യന്റെ സാമാന്യ ബുദ്ധിയെ പരിഹസിക്കുന്നതാണ്.

3) ഊഹത്തെ വാദത്തിന് വേണ്ടി സമ്മതിച്ചാൽ തന്നെ ഖുർആന്റെ പ്രയോഗവൽക്കരണഘട്ടമായ പ്രവാചക കാലഘട്ടത്തിൽ അല്ലാഹു ആ സമൂഹത്തിന് മാപ്പു നൽകുമെന്ന് തീർച്ച. എന്നാൽ ഇന്നത്തെ സമൂഹത്തിന് എങ്ങിനെ മാപ്പു ലഭിക്കും? മദ്യനിരോധനത്തിന് മുമ്പ് കള്ളു കുടിച്ചു നമസ്കരിച്ചവർക്ക് അല്ലാഹു മാപ്പു നൽകി. പിന്നീട് കള്ളുകുടിക്കുന്നതു തന്നെ തെറ്റായി പ്രഖ്യാപിച്ചു. പക്ഷെ നമസ്കരിക്കുമ്പോൾ മദ്യപിക്കരുതെന്ന ആയത്തു നില നിൽക്കുകയും ചെയ്യുന്നു.

4) അറബികളെ സംബന്ധിച്ചിടത്തോളം കണക്കോ എഴുത്തോ അറിഞ്ഞു കൂടാത്ത ഒരു കാലഘട്ടമായിരുന്നു പ്രവാചകന്റേത്. മാസപ്പിറവി സംബന്ധമായ പ്രധാനപ്പെട്ട ഹദീസിൽ നബി പറയുന്നത് നാം അക്ഷരജ്ഞാനമില്ലാത്ത പാമരന്മാരായ ജനവിഭാഗമാകുന്നു എന്നാണ്. മാത്രമല്ല തുടർന്ന് ഇതേ ഹദീസിൽ നബി പറയുന്നത്. "നമുക്ക് എഴുതാനോ കണക്കു കൂട്ടാനോ അറിയില്ല. അതുകൊണ്ട് മാസം ഇങ്ങിനെയും, ഇങ്ങിനെയും, ഇങ്ങിനെയും ആകുന്നു." (ആംഗ്യഭാഷയിലാണ് നബി ഇവിടെ സംസാരിക്കുന്നത്. അതായത് ഒമ്പത് എന്ന് കാണിക്കാൻ പെരുവിരൽ വളച്ചു പിടിച്ചശേഷം മറ്റു വിരലുകളെല്ലാം മടക്കി പിടിച്ചു കാണിച്ചു; മുപ്പതെന്ന് കാണിക്കാൻ രണ്ടുകൈകളും വിരലുകൾ നിവർത്തിപ്പിടിച്ച് മൂന്നു തവണയും കാണിച്ചു. യാതൊരുവിധ ഗോളശാസ്ത്രജ്ഞാനവുമില്ലാത്ത പ്രവാചകന് അറബിദിനങ്ങൾ 29ഉം 30ഉം ആണെന്ന് എങ്ങിനെ വിവരം കിട്ടി? അല്ലാഹു അറിയിച്ചു കൊടുത്തു. ഈ ഹദീസിന്റെ പാശ്ചാത്തലത്തിൽ ഒരു വിശ്വാസിയിൽ വീണ്ടും ചില ചോദ്യങ്ങൾ ഉയർന്നു വരുന്നു. അവ ഇവയാണ്.

1) ലോകാവസാനം വരേക്ക് ജീവിച്ചിരിക്കുന്ന മനുഷ്യരാശിക്കായി നിയോഗിക്കപ്പെട്ട ഒരു പ്രവാചകൻ എഴുത്തും കണക്കുമറിഞ്ഞുകൂടാത്ത ഒരു സമൂഹത്തേയാണോ ലോകാവസാനം വരേക്ക് പരിചയപ്പെടുത്തിയിട്ടു

ള്ളത്?

2) "അതെ" എന്നാണുത്തരമെങ്കിൽ ഖുർആൻ വിശേഷിപ്പിച്ച ഉത്തമ സമൂഹമാകാൻ നിരക്ഷരർക്ക് എങ്ങിനെ കഴിയും? യുദ്ധവേളയിൽ ശത്രു തടവുകാരെ വിട്ടയക്കാൻ തന്റെ സഖാക്കൾക്ക് വിജ്ഞാനം പഠിപ്പിച്ചു കൊടുക്കുകയെന്നത് റസൂൽ ഉപാധിയാക്കിയതെന്തിന്? വിജ്ഞാനം എക്കാലത്തും മുസൽമാന്റെ നഷ്ടപ്പെട്ട സമ്പത്താണ് എന്നോർക്കുക.

3) "അല്ല" എന്നാണുത്തരമെങ്കിൽ മാസപ്പിറവി സംബന്ധിച്ച പ്രവാചക നിർദ്ദേശം ആ കാലഘട്ടത്തിന് സമാനമായ ഒരു കാലഘട്ടത്തിൽ മാത്രമല്ലേ പ്രായോഗികമാകുന്നുള്ളൂ? ഇന്ന് അതോണോ സ്ഥിതി?

4) എഴുത്തും കണക്കും അറിയുന്ന ഒരു കാലഘട്ടം വന്നാൽ അപ്രകാരമായിരിക്കണം കാലനിർണ്ണയം ചെയ്യേണ്ടത്. എന്ന ഒരു ആന്തരിക വിജ്ഞാനസത്ത ആ ഹദീസ് ഉൾക്കൊള്ളുന്നില്ലേ? ദജ്ജാലിനെക്കുറിച്ചുള്ള സുദീർഘമായ ഹദീസ് അതിനെ ബലപ്പെടുത്തുകയും ചെയ്യുന്നു. നബി കാണിച്ചു തന്ന പോലെ സൂര്യന്റെ നിഴലിനെ ദർശിച്ച് ബാങ്കു വിളിക്കുന്നതിനു പകരം അതിനന്യസുതമായി നമസ്ക്കാര സമയം നിർണ്ണയിക്കുന്നുതുപോലെ? ചന്ദ്രന്റെ ചലനങ്ങളെക്കുറിച്ചുള്ള വിജ്ഞാന ശാഖ ഉപയോഗിച്ച് ഗ്രഹണ നമസ്കാരം മുൻകൂട്ടി പ്രഖ്യാപിക്കുന്നതുപോലെ?

5) റമദാനും ഈദുൽ ഫിത്വറും ഈദുസ്സുഹായും മാത്രമാണോ പ്രവാചകൻ നിർണ്ണയിച്ചിട്ടുള്ളത്? ആണെങ്കിൽ റമദാന് മുമ്പ് നിർബന്ധമാക്കിയിരുന്ന മുഹർറം 10 എന്തടിസ്ഥാനത്തിൽ തീരുമാനിക്കും. ഓരോ മാസവും സുന്നത്താക്കിയിട്ടുള്ള "അയ്യാമുൽബീളി"ന്റെ നോൽമ്പ് (മാസത്തിന്റെ 13,14, 15 തിയ്യതികളിൽ) എങ്ങിനെ തീരുമാനിക്കും? പ്രവാചകന്ന് ഇക്കാര്യങ്ങൾ വിട്ടുപോയി എന്നാണോ കരുതേണ്ടത്?

**അടുത്ത ലക്കം** :

**"ആരും പള്ളിയിൽ എത്താതിരുന്ന സ്വുബ്ഹ് ബാങ്ക്!!"**

# ആരും പള്ളിയിൽ എത്താതിരുന്ന സ്വുബ്ഹ് ബാങ്ക്!!

## പി.സി. അബ്ദുൽ ലത്തീഫ്

കോഴിക്കോട് നഗരത്തിൽ മുസ്ലിംകളും അമുസ്ലിംകളും ഇടചേർന്നു താമസിക്കുന്നതും ഏതാണ്ട് സമീപസ്തമായ രീതിയിൽ കാൽഡസൻ പള്ളികൾ സ്ഥിതിചെയ്യുന്നതുമായ ഒരു പ്രദേശത്ത് ഒരു സ്വുബ്ഹ് ബാങ്കിന് ആരും പള്ളിയിലെത്തിയില്ല!! മാത്രമല്ല ബാങ്ക് കേട്ട് ജനങ്ങൾ മൊത്തം ഭയപ്പെട്ട് റോഡിലുമിറങ്ങി! അടുത്തു തന്നെയുള്ള പോലീസ് സ്റ്റേഷനിൽ നിന്ന് പോലീസ് ജീപ്പുകളും രംഗത്തെത്തി!!

അന്ന് മൂന്ന് പള്ളികളിൽ നിന്നാണ് സ്വുബ്ഹ് ബാങ്ക് വിളിച്ചത്. ബാങ്കിന്റെ സമയം 4.58 ആയിരുന്നു. ഒരു പള്ളിയിലെ ഇമാംഇശാക്കു ശേഷം ഭക്ഷണം കഴിച്ചു കിടന്നുറങ്ങിയതായിരുന്നു. പെട്ടെന്ന് ഉറക്കമുണർന്നപ്പോൾ വാച്ചിൽ സമയം 4.58 ആയതായി അദ്ദേഹം കണ്ടു. ക്ലോക്കിന്റെ ചെറിയ സൂചിയെ (മണിക്കൂർ സൂചി) വലിയ സൂചിയായും (മിനുട്ട് സൂചി) ചെറിയ സൂചിയെ വലിയ സൂചിയായും ഉറക്കക്കണ്ണിൽ അദ്ദേഹം കണ്ടു. ഉടൻ തന്നെ എഴുന്നേറ്റു ബാങ്കു വിളിച്ചു. തൊട്ടടുത്തെ പള്ളിയിൽ മുഅദ്ദിൻ ബാങ്കു കേൾക്കേണ്ട താമസം വാച്ചു നോക്കാതെ അദ്ദേഹവും സ്വുബ്ഹ് ബാങ്ക് കൊടുത്തു! മൂന്നാമത്തെ പള്ളിയിലെ മുഅദ്ദിനും ചാടിയെഴുന്നേറ്റ് മൈക്കു ഓണാക്കി ബാങ്കു വിളിച്ചു. ബാങ്കു കേട്ടിട്ടും പള്ളിയിലേക്ക് നമസ്ക്കരിക്കാൻ ആളുകൾ എത്താതിരുന്നപ്പോൾ മൂവരും പുറത്തിറങ്ങി - കണ്ടത് റോഡിലിറങ്ങിയ ജനക്കൂട്ടത്തെയും പോലീസുനെയുമാണ്! കാരണം സമയം അപ്പോൾ യഥാർത്ഥത്തിൽ 11.24 ആയിട്ടേയുള്ളൂ!! എന്തോ ആപൽസൂചനയായാണ് അമുസ്ലിംകൾ പോലും ഈ ബാങ്കുകളെ മനസ്സിലാക്കിയത്. ബാങ്കു വിളിച്ച ആദ്യത്തെയാൾ സൂചി മാറി സമയം മനസ്സിലാക്കിയതാണ് കാരണം. അതുകൊണ്ട് തെറ്റും സംഭവിച്ചു. ഇബ്നു അബ്ബാസ് (റ)വിന് മാസപ്പിറവി പിഴച്ചതുപോലെ! സ്വന്തം കണ്ണിന്റെ പുരികമായിരുന്നു അദ്ദേഹം കണ്ടത്!

ഈ സംഭവത്തോടനുബന്ധിച്ച് ഉയർന്നു വരുന്ന ഏതാനും ചോദ്യങ്ങളുണ്ട് :

**ചോദ്യം** : നമസ്ക്കാരത്തിനുള്ള വിളിയാണല്ലോ ബാങ്ക്? എന്തുകൊണ്ട് ബാങ്ക് കേട്ടിട്ടും മുസ്ലിംകളാരും നമസ്ക്കരിക്കാനെത്തിയില്ല?

**ഉത്തരം** : ബാങ്കിന്റെ സമയമാകാതെയാണ് ബാങ്കു കൊടുത്തത്. അതുകൊണ്ട് നമസ്ക്കരിക്കേണ്ട ആവശ്യമില്ല. അങ്ങിനെ നമസ്കരിച്ചാൽ ശിക്ഷ കിട്ടും. ഒരു ഫർള് നഷ്ടമാവുകയും ചെയ്യും.

**ചോദ്യം** : ബാങ്കിന്റെ സമയമായി; പക്ഷെ ബാങ്കു കൊടുത്തില്ല അല്ലെങ്കിൽ കൊടുത്തതു കേട്ടില്ല - എങ്കിൽ നമസ്കാരം നിർബ്ബന്ധമല്ലാതാകുമോ?

**ഉത്തരം** : ഇല്ല,

**ഉപചോദ്യം** : എന്തുകൊണ്ട്?

**ഉത്തരം** : ഒരു "ഫർള്" നഷ്ടമാകും; അതു അവിശ്വാസത്തിലേക്കു നയിക്കും; ശിക്ഷയും ലഭിക്കും. ബാങ്ക് വിളിക്കാതിരുന്നത് മുഅദ്ദീന്റെ കുറ്റം! ബാങ്കിന്റെ സമയമായെന്നറിയൽ ഓരോ വിശ്വാസിയുടേയും നിർബ്ബന്ധ ബാധ്യതയാണ്. പള്ളികൾ ഉള്ള സ്ഥലത്തും ഇല്ലാത്ത സ്ഥലങ്ങളിലും നിർബ്ബന്ധമായും ബാങ്കിന്റെ സമയക്രമവും വാച്ചും അനിവാര്യമാണ് എന്നതിലേക്കാണ് ഈ സംഭവം ഒരു വിശ്വാസിയെ നയിക്കുന്നത്. ഒരിടത്തും ബാങ്കു ഖാസിമാരോ പണ്ഡിതന്മാരോ പ്രഖ്യാപിക്കാറില്ല.

**അനുബന്ധ ചോദ്യം** : ചന്ദ്രപ്പിറവി ഉണ്ടായിട്ടും ഖാസിമാരും പണ്ഡിതന്മാരും അതു പ്രഖ്യാപിച്ചില്ല എന്നതുകൊണ്ട്; അല്ലെങ്കിൽ മറിച്ച് തീരമാനമെടുത്തു എന്നതുകൊണ്ട് പിറ്റേന്ന് നോൽമ്പ് നോൽക്കേണ്ടതില്ല എന്നാണോ?

**ഉത്തരം** : അല്ല

**ഉപചോദ്യം** : എന്തുകൊണ്ട്?

**ഉത്തരം** : പിറവി ഉണ്ടായി എന്നറിയുക ഓരോ വിശ്വാസിയുടേയും നിർബന്ധ ബാദ്ധ്യതയാണ്. നമസ്കാരത്തിനുള്ള ബാങ്കു പോലെ. മാസം ഉറപ്പിക്കുക അല്ലെങ്കിൽ ഉദിപ്പിക്കുക എന്നത് അല്ലാഹുവിന്റെ ഖദ്റിൽപെട്ട വിഷയമാണ്.

ബാങ്കു വിളിക്കുക, മാസാരംഭം പ്രഖ്യാപിക്കുക എന്നതു "അമലു"കളിൽപ്പെട്ടതല്ല. മറിച്ച് നമസ്ക്കരിക്കുക, നോമ്പനുഷ്ഠിക്കുക എന്നതാണ് "അമൽ". അതിന്റെ സമയമായോ എന്നറിയൽ അതിന്റെ കൃത്യത കണ്ടെത്തുന്നതിന്റെ ഭാഗമാണ്.

ചന്ദ്രന്റെ ഉടമസ്ഥാവകാശവും നിയന്ത്രണാവകാശവും പടച്ചവന്നാണ്. (തൗഹീദു റുബൂബിയ്യത്ത്) വർഷത്തിൽ ഏതെങ്കിലും ദിവസങ്ങളിൽ അതിന്റെ നിയന്ത്രണാവകാശം അവൻ മനുഷ്യന്ന് കൈമാറ്റം ചെയ്യുന്നില്ല. അതുകൊണ്ട് തന്നെ മാസപ്പിറവി പ്രഖ്യാപനം എന്നൊന്നില്ല. "പടിഞ്ഞാറൻ ചക്രവാളത്തിൽ റമദാന്റെ പിറവ് ചന്ദ്രൻ ഉദയം ചെയ്തു" എന്ന് പറയുന്നതു തന്നെ അറിവില്ലായ്മയാണ്. ചന്ദ്രനും സൂര്യനും പടിഞ്ഞാറു ഉദയം ചെയ്യുക ഖിയാമം നാളിലാണ്. ചന്ദ്രൻ അക്കാലത്ത് ഭൂമിയെ വിട്ട് അകന്നു പോയിക്കൊണ്ടുമിരിക്കും.ഇപ്പോൾ സൂര്യനും ചന്ദ്രനും ഉദയം ചെയ്യുന്നത് പടിഞ്ഞാറല്ല കിഴക്കാണ്. നബിയുടെ കാലത്തു തന്നെ ചാന്ദ്രപ്പിറവി നിരീക്ഷണമുണ്ടായിരുന്നു. ആ നിരീക്ഷണം അവർ ആരംഭിച്ചത് മാസാരംഭം മുതലാണ്, മാസമൊടുവിലല്ല. ശഅബാൻ മാസം പ്രത്യേകം ചാന്ദ്രപ്പിറവികൾ (ഒറ്റപ്പിറവിയല്ല) നിരീക്ഷിക്കണമെന്ന് റസൂൽ തിരുമേനി(സ) സ്വാഹാബാക്കളോട് നിഷ്കർഷിച്ചിരുന്നു. അതു ഒന്നാം പിറവി തൊട്ടാണ്. അസ്തമന പ്രതലത്തിനു നേരെയോ, ഉദയപ്രതലത്തിനു നേർക്കോ കൈവിരലുകൾ വെച്ച് നിരീക്ഷണം നടത്തി അന്നു കണ്ട ചന്ദ്രന്റെ ദിനം അവർ കണക്കാക്കിയിരുന്നു. അയ്യായിരം വർഷത്തെ ഇത്തരം

നിരീക്ഷണങ്ങളിലൂടെയാണ് ഇന്നത്തെ ചാന്ദ്രമാസ കണക്കു രൂപം കൊണ്ടത്.

ഈ ലഘുലേഘ വായിക്കുന്ന 45 വയസ്സുകാരനായ വിശ്വാസി പരമാവധി നഷ്ടപ്പെടുന്നത് ഒരു മാസത്തെ റമദാൻ വ്രതമാണ് എന്ന് ഗൗരവപൂർവ്വം ഓർക്കുക! 15 വയസ്സു കഴിഞ്ഞ ഓരോരുത്തരും ഓരോ വർഷവും വിശുദ്ധ റമദാനിലെ ഓരോ നോൽമ്പും നഷ്ടപ്പെടുത്തുന്നുണ്ട്. ഖബറിലോ, പരലോകത്തു വെച്ചോ ഇവ നോറ്റു വീട്ടുക സാധ്യമല്ല. ഞങ്ങൾ പറഞ്ഞാണ് ഇവൻ നോമ്പെടുക്കാതിരുന്നതു എന്ന് ഖാസിമാരോ പണ്ഡിതന്മാരോ സാക്ഷ്യം പറഞ്ഞാൽ അതു പടച്ചവൻ സ്വീകരിക്കുന്നതല്ല. അങ്ങിനെ ഒരു സാക്ഷ്യം ഇല്ലതാനും. പിഴപ്പിച്ച പണ്ഡിതന്മാർക്കുള്ള ശിക്ഷ അവൻ നൽകുകയും ചെയ്യും.

അറിവില്ലായ്മയുടെ പേരിൽ പിഴപ്പിക്കപ്പെട്ടവരാണെങ്കിൽ ഖാസിയുടേയും പണ്ഡിതന്റേയും നന്മകൾ പിഴിപ്പിക്കപ്പെട്ടവന്റെ എക്കൗണ്ടിലേക്കു മാറ്റപ്പെടും. പിഴപ്പിക്കപ്പെട്ടവന്റെ തിന്മകൾ പണ്ഡിതനിലേക്കും ചേർത്തെഴുതപ്പെടും. കേരളത്തിലെ 95 ലക്ഷം വരുന്ന മുസ്ലിംകളെ റമദാനിന്റെ ദിവസം ഭക്ഷണം കഴിപ്പിച്ചതിനും പെരുന്നാളിനു നോൽമ്പെടുപ്പിച്ചതിനുള്ള ശിക്ഷ തീർച്ച.

അതുകൊണ്ട് പണ്ഡിതനും സാധാരണക്കാരനും ചിന്തിച്ചുറക്കേണ്ട ഒരു വിഷയമാണ് റമദാനിന്റെ ഹറാമുകൾ. ഏറ്റവും അടുത്തുള്ള ഇന്റർനെറ്റ് കഫേയിൽ ചെന്ന് 10 രൂപ കൊടുത്താൽ കലണ്ടറിൽ ബാങ്കിന്റെ സമയം നോക്കും പ്രകാരം ചന്ദ്രന്റെ മക്കക്കു മുകളിലുള്ള സ്ഥാനം നോക്കുക. മക്കക്കു മുകളിൽ അവരുടെ ഫജ്റിനു മുമ്പായി ലോകത്തെവിടെ ചന്ദ്രോദയം സംഭവിച്ചാലും അതാണ് അടിസ്ഥാനമാക്കേണ്ടത്. 'Current Postion of the moon Mecca" എന്നാണ് കംപ്യൂട്ടറിൽ ടൈപ് ചെയ്ത് സർച്ച് ചെയ്യേണ്ടത്. അപ്പോൾ ചന്ദ്രന്റെ ഏതു വർഷത്തേയും ഏതു മാസത്തേയും ഇംഗ്ലീഷ് തിയ്യതികളും അതിന്റെ ചാന്ദ്രമാസവും ചിത്രസഹിതം തെളിഞ്ഞുവരും. അതു അല്ലാഹുവിന്റെ ഖദ്റാണ്. ഈ ഖദ്റിൽ മാറ്റം വരുത്താൻ ഒരാൾക്കും അധികാരമില്ല. മാറ്റം വരുത്തിയാൽ അതു വെറും അവിശ്വാസമല്ല, മറിച്ച് അവിശ്വാസത്തിന്റെ വർദ്ധനവു തന്നെയാണ് എന്നത്രെ വിശുദ്ധ ഖുർആന്റെ മുന്നറിയിപ്പ്. തെളിഞ്ഞുവരുന്ന ചന്ദ്രന്റെ ചിത്രത്തിൽ നിന്ന് ചന്ദ്രൻ ആകാശത്തു നിന്ന് തീർത്തും അപ്രത്യക്ഷമാകുന്ന ദിവസം കാണിക്കപ്പെടും. (പൂർണ്ണമായ ഇരുട്ട് പ്രത്യക്ഷപ്പെടും). ഇതാണ് ആ മാസത്തിന്റെ അവസാനം. പിറ്റേ ദിവസം തൊട്ട് അടുത്തമാസം ആരംഭിക്കുകയായി. ഈ ഒന്നാം ദിന ചന്ദ്രനെ കണ്ണുകൊണ്ട് കാണണമെങ്കിൽ ചുരുങ്ങിയത് 48 മിനുട്ടെങ്കിലും ചന്ദ്രൻ ആകാശത്തുണ്ടാകണം. മിക്കവാറും അതുണ്ടാവില്ല; അതിനാൽ ഉദിച്ച ചന്ദ്രനെ നിഷേധിക്കുകയല്ല, അംഗീകരിക്കുകയാണ് വേണ്ടത്. റസൂൽ അതാണ് പഠിപ്പിച്ചത്.

"പിറവി ചന്ദ്രൻ", "ന്യൂമൂൺ" "നോമൂൺ" തുടങ്ങിയ ചർച്ചകൾ വലിച്ചിട്ട് ആശയക്കുഴപ്പമുണ്ടാക്കി; ആർക്കും മനസ്സിലാകാത്ത കാര്യങ്ങൾ എടുത്തിട്ട് വിഷയം മാറ്റിമറിക്കാൻ കാത്തിരിക്കുന്നവരുണ്ട്. അവർക്കു നമ്മൾ നിർബന്ധ വിശ്രമം നൽകുക! എങ്ങിനെ പ്രശ്നം സങ്കീർണ്ണമാക്കാം എന്ന് ചിന്തിക്കുന്നവർ നമ്മുക്കു വേണ്ട; എങ്ങിനെ പ്രശ്നത്തിനു പരിഹാരം കാണാം എന്ന് ചിന്തിച്ച്

അതിലേക്ക്  പങ്ക് നൽകുന്നവരാണ് നമുക്കാവശ്യം. വിശ്വാസികൾക്കു അവരെ ക്കൊണ്ടേ കാര്യമുള്ളൂ. ഈ വിഷയം 2005-ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഇസ്ലാമിക് ചെയറിന്റെ ഒരു പണ്ഡിത കോൺഫ്രൻസിൽ ഈ ലേഖകൻ അവതരിച്ചപ്പോൾ പണ്ഡിതന്മാർ സമ്പൂർണ്ണമായും ഈ ലേഖനപരമ്പരയിലെ വാദങ്ങളെ ശരിവെക്കുകയുണ്ടായി. എന്നാൽ ഒരു പണ്ഡിതൻ നേരത്തെ പറഞ്ഞപോലെ ചന്ദ്രന്റെ ചലനം കൃത്യതയില്ലാത്തതാണെന്ന് സമർത്ഥിക്കുകയായിരുന്നു!! അല്ലാഹു പറയുന്നു കൃത്യമാണെന്ന് ആരു പറഞ്ഞതാണ് നാം എടുക്കേണ്ടത്? ഹിലാൽ കമ്മിറ്റി ഗോളശാസ്ത്രവിഭാഗം തലവനായിരുന്ന പ്രൊഫ. അഹമ്മദ് കുട്ടിയുടെ "കംപ്യൂട്ടർ വർക്കു" നമ്മുടെ മുന്നിലുണ്ട്. കോഴിക്കോട്ടേയോ കൽക്കത്തയിലെയോ പ്ലാനിറ്റേറിയത്തെയും ആശ്രയിക്കാം. കോഴിക്കോട്ടു തന്നെയും ഗോളശാസ്ത്രത്തിൽ അവഗാഹമായ പാണ്ഡിത്യം നേടിയ മുസ്ലിംകളുണ്ട്. ഹിലാൽ കമ്മിറ്റിയുടെ ഗോള ശാസ്ത്രവിഭാഗത്തെ സജീവമാക്കിയാൽ ഇതിനു പരിഹാരം ക്ഷിപ്രസാദ്ധ്യമാകും.

അല്ലാഹു നമുക്കു നേർ മാർഗ്ഗം കാണിച്ചു തരുമാറാകട്ടെ - ആമീൻ

**<u>വിഷയം ചുരുക്കത്തിൽ</u>**

I ഇപ്പോൾ സ്വീകരിച്ചു വരുന്ന സമ്പ്രദായത്തിൽ ഖുർആൻ തിരുത്തപ്പെടുന്നു (അതായത് സൂറ : യാസീനും, സൂറ : അൽ-കഹ്ഫും)

II ഖുർആൻ ഹദീസിനാൽ തടയപ്പെടുന്നു (കൺകാഴ്ച)

III ഖുർആനെ ഹദീസുകൊണ്ട് തിരുത്തുകയല്ല ഹദീസിനെ ഖുർആനിലേക്കു മടക്കുകയാണ് വേണ്ടത്.

IV അപ്പോൾ താഴെ പറയുന്ന വസ്തുതകൾ കണ്ടെത്താം.

1. "റുഅ്യ്" എന്ന പദം "കൺകാഴ്ച" യെന്ന റെട്ടിനയുടെ ശുഷ്കവും ഹ്രസ്വവുമായ പരിധിയിൽ മാത്രം ഒതുങ്ങുന്നതല്ല.
2. കൺകാഴ്ചയെന്ന് നമ്മൾ മനസ്സിലാക്കിയ "റുഅ്യ്" എന്ന ഖുർആനിലെ പദം തന്നെ റസൂലും ഹദീസിൽ പ്രയോഗിച്ചിരിക്കുന്നു.
3. മേൽ പറഞ്ഞ രണ്ടു പദങ്ങളുടേയും (ഹിസാബ്, റുഅ്യ്) ആശയം കണ്ടെത്താൻ ഖുർആനെ തന്നെ നമ്മൾ ആശ്രയിക്കണം. അപ്പോൾ വിഷയത്തിൽ ഹിദായത്തു ലഭിക്കുന്നു.
4. ചന്ദ്രദർശനത്തിന് ജനങ്ങളെ ആഹ്വാനം ചെയ്യേണ്ട അവസ്ഥ ഈ നൂറ്റാണ്ടിലില്ല.
5. ഗോളശാസ്ത്ര പണ്ഡിതന്മാരും മതപണ്ഡിതന്മാരും "കണ്ടു" കഴിഞ്ഞ ചന്ദ്രനെ ജനങ്ങൾ എന്തിന് "കാണണം"?! ഭൂമിയുടെ ഉത്തര-ദക്ഷിണ ധ്രുവങ്ങളിൽ കൺകാഴ്ച എങ്ങിനെ പ്രായോഗികമാകും?
6. മേൽ പറഞ്ഞ അറിയിപ്പിൽ ഒരു ഭേദഗതി വരുത്തിയാൽ ഖുർആനും ഹദീസും തിരുത്തപ്പെടുകയില്ല. അതായത് മക്ക കേന്ദ്രീകരിച്ചുള്ള ചന്ദ്രന്റെ ലോകത്തെ പ്രഥമ ഉദയസമയം സ്വീകരിക്കുക. ഓരോരുത്തരും അതനു സരിച്ച് ദിവസം ആരംഭിക്കുക.
7. ഈ സ്വീകരിക്കലാണ് "റഅ്യ്"

8. വിഷയം മനസ്സിലാക്കാൻ 3 മാനദണ്ഡങ്ങൾ അംഗീകരിക്കണം. 1. ഖുർആൻ, 2. ഹദീസ്, 3. ബുദ്ധി
9. ഖുർആനിൽ നിന്ന് പ്രശ്നപരിഹാരത്തിന് 4 അക്കങ്ങൾ - 365, 300, 309, 12
10. ഹദീസിൽ നിന്ന് രണ്ടക്കങ്ങൾ - 29, 30
11. സൂര്യ - ചന്ദ്ര വർഷദിന വ്യത്യാസം 11 ദിവസമെന്ന് ഇതിലൂടെ കണ്ടെത്താനാകുന്നു.
12. ഇപ്പോൾ ഈ വ്യത്യാസം മാറ്റുകയാണ് നമ്മൾ ചെയ്യുന്നത്. അതോടെ ഖുർആനാണ് നമ്മൾ ഭേദഗതി ചെയ്യുന്നത് - റസൂൽ ഇതല്ല പഠിപ്പിച്ചത്.
13. ഇപ്പോഴത്തെ പിറവി നിർണ്ണയ സമ്പ്രദായത്തിലൂടെ അല്ലാഹുവിന്റെ "സ്വമദിയ്യത്തി"ൽ ഇടപെടുകയാണ് നമ്മൾ ചെയ്യുന്നത്.

**കണക്കാണ് അടിസ്ഥാനമെന്നതിന് തെളിവുകൾ:-**

1. സൂറ : റഹ്മാൻ, 2. അൽ - അൻആം, 3. അൽ - ഇസ്രാഅ്, 4. യൂനുസ്

**കാഴ്ച - റുഅ്യ് (തെളിവുകൾ)**

1. അത്തകാഥൂർ (102:5, 6, 7), 2.അൽ-ഫീൽ (105:1-5) 3. ഫജ്ർ - (89:6), 4. അൽ : കഹ്ഫ് (18:25), 5. അൽ - ബഖറ (2:243, 246, 258), 6. ഇബ്രാഹിം (14:19), 7. ഹജ്ജ് (22:18, 65), 8. മുജാദല (58:7), 9. യൂസുഫ് (12:24), 10. നൂഹ് (71:15), 11. നൂർ (24:43), 12. യാസീൻ (12:24)

അറബി ഭാഷ ജ്ഞാനം ബുദ്ധിക്കു അടിസ്ഥാനമെന്ന് ഖുർആൻ

"എന്റെ മതത്തിന്റെ അടിസ്ഥാനം ബുദ്ധിയാകുന്നു" (പ്രവാചകൻ)

1. യൂസുഫ് (12:2), 2. സുമർ (39:27, 28), 3. ഹാ മീം സജദ (41:3), 4. സുഖ്റുഫ് (43:1-3)

**കലണ്ടറിന് അടിസ്ഥാനം**

1. ഖുർആൻ, 2. ഹദീസ് (29, 30), 3. ബുദ്ധി (മുആദ്) 4. ശാസ്ത്രവിജ്ഞാനം

**മാസങ്ങളുടെ എണ്ണം - 12 (ഖുർആൻ)**

ഒരു ചന്ദ്രവർഷത്തെ ദിനങ്ങൾ - 354 (ഖുർആൻ) മാസദിനങ്ങൾ - 29, 30 (ഹദീസ്), 6 മാസം 30, 6 മാസം 29

(29, 30 എപ്പോഴെല്ലാം എന്നറിയാൻ ശാസ്ത്രജ്ഞാനം ആശ്രയിക്കാം.

**തെളിവ് ഹദീസ് - (നാം ഉമ്മിയ്യാകുന്നു; കണക്കറിയില്ല)**

I മക്കയെ കേന്ദ്രീകരിക്കുക (ഖുർആൻ + ശാസ്ത്രം)
II ലോകത്തു ചന്ദ്രപ്പിറവ് എവിടെ സംഭവിച്ചാലും മക്കയെ കേന്ദ്രീകരിച്ചുകൊണ്ട് സ്വീകരിക്കണം.

**അടുത്ത ലക്കം :**

**ഒരു വർഷത്തെ ദൈർഘ്യമുള്ള ദിവസം വരാനിരിക്കുന്നു**

# ഒരു വർഷത്തെ ദൈർഘ്യമുള്ള ദിവസം വരാനിരിക്കുന്നു.

## പി.സി. അബ്ദുൽ ലത്തീഫ്

കാല നിർണ്ണയത്തിനു താഴെ പറയുന്ന ഘടകങ്ങൾ ആവശ്യമാണ്.

1. ഒരു വർഷത്തിലെ ദിവസങ്ങളുടെ എണ്ണം.
2. ഒരു വർഷത്തിലെ മാസങ്ങളുടെ എണ്ണം.
3. ഒരു മാസത്തിലെ ദിവസങ്ങളുടെ എണ്ണം.

സൂര്യവർഷം, ചാന്ദ്ര വർഷം എന്നിങ്ങനെ രണ്ടു തരം വർഷങ്ങൾ ഉണ്ടെന്നും അവ തമ്മിലെ ദിനങ്ങളുടെ എണ്ണങ്ങൾ തമ്മിൽ വ്യത്യാസമുണ്ടെന്നും അതു പതിനൊന്ന് ആണെന്നും നമുക്കറിയാം.

മേൽ പറഞ്ഞവ കണ്ടെത്താൻ മനുഷ്യന്നു ആയിരക്കണക്കിന് വർഷങ്ങളുടെ അന്വേഷണ പഠനങ്ങൾ വേണ്ടി വന്നു! എന്നാൽ വിശുദ്ധ ഖുർആനിൽ നിന്നും ഹദീസുകളിൽ നിന്നും ഇവ കണ്ടെത്താനാകുമെന്നു ആ വിശുദ്ധ ഗ്രന്ഥത്തിന്റെ അനുയായികളായ നമുക്ക് ഇനിയും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.

ഒന്നിച്ചിരുന്നു കാര്യങ്ങൾ ചർച്ച ചെയ്തു സത്യം കണ്ടെത്തുന്നതിനു പകരം ഒന്നിച്ചിരുന്ന് തർക്കിച്ചു പിരിയുകയും വേറിട്ടിരുന്നു സത്യത്തെ തോൽപ്പി ക്കുകയുമാണ് നാം ചെയ്യുന്നത്! (2012 ജൂലൈയിലെ റമദാൻ മാസപ്പിറവി അറിയിപ്പ് ശ്രദ്ധിക്കുക.) വിഷയത്തെ സംഘടനാവൽക്കരിച്ചതാണു ഈ ദൌർഭാഗ്യത്തിലേക്ക് നമ്മുടെ പണ്ഡിതന്മാരെ നയിച്ചത്. ഖാസിമാരെ തോൽപിക്കുകയാണ് നമ്മൾ ഇതുവരെ ചെയ്തുപോന്നത്. ഇപ്പോൾ മണിക്ഫാനെ തോൽപിക്കാനുള്ള യജ്ഞത്തിലാണ് നമ്മൾ. പരിഹാസ്യമായ ഈ മത്സരത്തിൽ സ്വയം തോൽക്കുകയാണ് നമ്മൾ ചെയ്തത്. മണിക്ഫാൻ "സ്വയംഭൂ" അല്ല; നമ്മൾ തന്നെയാണ് അദ്ദേഹത്തെ ക്ഷണിച്ചുവരുത്തിയത്.

എന്തിനേറെ പറയുന്നു ആഴ്ചയിലെ ദിവസങ്ങളുടെ എണ്ണവും ഒരു ദിവസത്തിലെ മണിക്കൂർ, മിനുട്ട്, സെക്കന്റ് എന്നിവയുടെ കണക്കും ഹദീസുകളിൽ നിന്നും ലഭ്യമാണ് എന്ന് കൂടി നാം അറിയുക!

സൂര്യ വർഷ ദിനങ്ങൾ 365 ആണെന്ന് നമുക്ക് ലഭിക്കുന്നത് വിശുദ്ധ

ഖുർആനിൽ നിന്നാണല്ലോ? (അതായത് വിശുദ്ധ ഖുർആന്റെ മൊത്തത്തിലുള്ള അപഗ്രഥനത്തിൽ നിന്നു– "ഇജിതിഹാദ്" -

ചാന്ദ്രവർഷ ദിനങ്ങളുടെ എണ്ണം 354 എന്ന് കിട്ടുന്നതും വിശുദ്ധ ഖുർആനിൽ നിന്നു തന്നെ (സൂറത്ത് അൽ- കഹ്ഫ്)

ഒരു വർഷത്തിൽ എത്ര മാസങ്ങൾ എന്ന അന്വേഷണത്തിനുള്ള ഉത്തരം കണ്ടെത്തുന്നതിനും ഒരു ശാസ്ത്രജ്ഞനെയും നമ്മൾ തേടി പോകേണ്ടതില്ല.

ഖണ്ഠിതമായും ഖുർആൻ മറുപടി തരുന്നു. (സൂറത്ത് അതൌബ)

ഒരു മാസത്തിലെ ദിനങ്ങളുടെ എണ്ണം ഹദീസിൽ നിന്നു ലഭിക്കുന്നു. പക്ഷെ എത്ര മാസം 29, എത്ര മാസം 30 എന്ന് റസൂൽ (സ്വ) വിശദീകരിച്ചിട്ടില്ല. ഇത് കണ്ടെത്താൻ ഹദീസിനെ വിശുദ്ധ ഖുർആനിലേക്ക് മടക്കണം. ഖുർആനിൽ ഒരു ചാന്ദ്ര വർഷദിനങ്ങൾ 354 ആണെന്ന് നാം കണ്ടെത്തിയിട്ടുണ്ട്. അതിനാൽ ഏത് നിലക്ക് കണക്ക് കൂട്ടിയാലും മൊത്തം ദിനം 354 മാത്രമേ പാടുള്ളൂ എന്ന കാര്യത്തിൽ തർക്കമില്ല. (വളരെ ചെറിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും എന്നതു മാറ്റി നിർത്തിയാൽ) ആറ് മാസം 29 ആറ് മാസം 30 എന്ന തോതിൽ കണക്കു കൂട്ടിയാൽ 354 കിട്ടും. കൺകാഴ്ച്ചയുടെ അടിസ്ഥാനത്തിൽ കണക്കാക്കിയാലാണോ അതോ കണക്കടി സ്ഥാനത്തിൽ നിർണയിച്ചാലാണോ 354 എന്ന വിശുദ്ധ ഖുർആന്റെ കണക്കിനോട് ഹദീസ് യോജിക്കുക എന്ന് പണ്ഡിത- പാമര വ്യത്യാസം കൂടാതെ എല്ലാവരും ചിന്തിക്കുക. മാസത്തിലെ ദിനങ്ങളുടെ എണ്ണം നിങ്ങൾ കണക്കു കൂട്ടുക എന്നും റസൂൽ (സ്വ) പഠിപ്പിച്ചിട്ടുണ്ട്. കണക്കു അറിയുന്ന ഒരു കാലം വരുമെന്ന് അവിടുന്ന് വഹിയിലൂടെ മനസ്സിലാക്കിയിട്ടുണ്ട് എന്നർത്ഥം. ദജ്ജാലിന്റെ വരവിനെക്കുറിച്ച് വിശദീകരിക്കുന്ന സുദീർഘമായ ഹദീസിൽ നിന്നു ഈ വസ്തുത മനസ്സിലാക്കാം: അതിലെ പ്രസക്ത ഭാഗങ്ങൾ: "അല്ലാഹുവിന്റെ റസൂലേ ഭൂമിയിൽ അവന്റെ (ദജ്ജാലിന്റെ) വാസകാലം എത്രയാണ്? റസൂൽ: ''നാൽപത് ദിവസം'' അവയിൽ ഒരു വർഷത്തിന്റെ ദൈർഘ്യമുള്ള ദിവസമുണ്ട്; ഒരു മാസത്തിന്റെ ദൈർഘ്യമുള്ള ദിവസമുണ്ട്; മറ്റൊരു ദിവസം ഒരു ജുമുഅയുടെ ദൈർഘ്യം പോലെയും സംഭവിക്കും. അവന്റെ മറ്റു ദിനങ്ങൾ നിങ്ങളുടെ സാധാരണ ദിനങ്ങൾ പോലെ ആയിരിക്കും." അപ്പോൾ സ്വഹാബാക്കളുടെ ചോദ്യം : "അല്ലാഹുവിന്റെ പ്രവാചകരെ ഒരു വർഷത്തെ ദൈർഘ്യമുള്ള ദിനത്തിൽ ഞങ്ങൾ അഞ്ചുനേരം നമസ്കരിച്ചാൽ മതിയാകുമോ?" പ്രവാചകൻ : "മതിയാവില്ല, നിങ്ങൾ അന്ന് സമയം കണക്കാക്കി നമസ്കരിക്കുക." ഇപ്പോൾ തന്നെ ഭൂമിയുടെ രണ്ട് അറ്റങ്ങളിൽ

ഇതേ പ്രശ്നം നിലനിൽക്കുന്നു. മാസങ്ങളോളം ആകാശത്ത് സൂര്യൻ ഉണ്ടായിരിക്കെ മഗ്‌രിബും, ഇശായും, സുബ്ഹും നമസ്ക്കരിക്കണം. തുടർന്നുള്ള മാസങ്ങൾ സൂര്യൻ ഉണ്ടാകില്ല. അപ്പോൾ രാത്രിയിൽ ളുഹർ, അസർ എന്നിവ നിർവഹിക്കണം. ആകാശത്ത് സൂര്യൻ ഉണ്ടായിരിക്കെ നോമ്പ് തുറക്കണം, സൂര്യൻ ആകാശത്ത് ഉണ്ടായിരിക്കെ തന്നെ അത്താഴം കഴിക്കണം!

ഇസ്ലാമിനെക്കുറിച്ചുള്ള അതിപ്രധാനമായ ചില വസ്തുതകൾ ഇവിടെ നാം മനസ്സിലാക്കേണ്ടതുണ്ട്: (1) ഇസ്ലാമിന്റെ പ്രബോധിത സമൂഹം ലോകാവസാനം വരെയുള്ള മാനവരാശിയാണ്. ആ കാലഘട്ടം വരെ ജീവിച്ചിരിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ആവശ്യമായ മാർഗ്ഗ ദർശനങ്ങൾ അതു നൽകുന്നു. അവ ഖുർആനിൽ നിന്നും തിരുമേനിയുടെ മാതൃകയിൽ നിന്നും ഓരോ കാലഘട്ടങ്ങളിലെയും ജനങ്ങൾ തെരഞ്ഞെടുക്കണം. (2) ഇവിടെ, മേൽ ഉദ്ധരിച്ച ഹദീസ് ഇസ്ലാമിന്റെ പ്രൈമറി ഓഡിയൻസിന് (പ്രവാചക കാലഘട്ടത്തിലെ സമൂഹം) ബാധകമല്ല. (3) ഈ ഹദീസിൽ "നിങ്ങൾ" എന്ന അർത്ഥം വരുന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. (4) ഈ പ്രയോഗം ഇരുപതാം നൂറ്റാണ്ടിൽ അധിവസിക്കുന്ന നമുക്കും ബാധകമാകുന്നില്ല. ദജ്ജാലിന്റെ ആഗമന കാലഘട്ടത്തിൽ ജീവിക്കുന്ന വിശ്വാസികൾക്കുള്ള മാർഗ ദർശനമാണത്. ലോകത്തിന്റെ അവസാന കാലഘട്ടം വരെ ജീവിച്ചിരിക്കുന്നവർക്ക് മാർഗദർശനമാണ് ഇസ്ലാം എന്ന യാഥാർത്ഥ്യവും അവസാന പ്രവാചകൻ ഒരു കാലഘട്ടത്തിലും തിരിച്ചു വരില്ല എന്നതും ഇവിടെ ചേർത്ത് വായിക്കേണ്ടതുണ്ട്. ഈ യാഥാർത്ഥ്യം അംഗീകരിക്കുന്നിടത്താണ് ഇസ്ലാമിന്റെ സാർവകാലികതയും സമ്പൂർണ്ണതയും നാം മനസ്സിലാക്കുന്നത്. ഇതേ പോലെ തന്നെയാണ് ചാന്ദ്ര ദർശനം സംബന്ധിച്ച ഹദീസുകളും. "(ആകാശത്ത്) ചന്ദ്രനെ കാണാതെ വന്നാൽ നിങ്ങൾ കണക്കു കൂട്ടിക്കൊള്ളുക" എന്നും പ്രവാചക വചനങ്ങളിൽ കാണാം. ഒരേ അറബി പദമാണ് റസൂൽ ഉപയോഗിച്ചിട്ടുള്ളത് എന്ന് കാണാം. "നിങ്ങൾ" എന്ന പ്രയോഗവും അതുപോലെ തന്നെ!

ഇത് പോലെ സൂര്യ വർഷ ദിനങ്ങൾ 365 എന്ന് നാം കണ്ടെത്തിയിട്ടുണ്ട്. ഈ അക്കത്തെ 12 കൊണ്ടു ഹരിച്ചാൽ 30.41 കിട്ടും. കലണ്ടർ പരിശോധിച്ചാൽ ഏഴു മാസം 31, നാല് മാസം 31, ഒരു മാസം 28 – 29 (ലീപ് ഇയർ) എന്ന് കാണാം.

ലീപ് ഇയർ വ്യത്യാസം കണ്ടെത്താൻ ഹദീസിനെ ആശ്രയിക്കാമെന്നു തോന്നുന്നു. ഇത് സംബന്ധിച്ച് കൂടുതൽ പഠനം ആവശ്യമുണ്ട്. അതായത്

നമസ്കാരത്തിന്റെ സമയക്രമം പഠിപ്പിക്കുന്നെടത്ത് ഇങ്ങിനെ വായിക്കാം: "ളുഹ്റിന്റെ സമയം സൂര്യൻ (മധ്യത്തിൽ നിന്നു) നീങ്ങി ഒരാളുടെ നിഴൽ അയാളുടെ വലുപ്പത്തോളമാകുന്നത് വരെയാണ്. അതായത് അസറിന്റെ സമയം ആകാതിരിക്കുമ്പോൾ. പിന്നീട് സൂര്യൻ മഞ്ഞ നിറം ആകാതിരിക്കുമ്പോഴെല്ലാം അസർ സമയമാണ്. അസ്തമയശേഷമുള്ള കടും ചുവപ്പ് മായാതിരിക്കുമ്പോഴെല്ലാം മഗ്രിബിന്റെ സമയമാണ്. രാവിന്റെ നേർ പകുതി വരെ ഇശാഇന്റെ സമയമാണ്. പ്രഭാതം മുതൽ സൂര്യൻ ഉദിക്കാത്തപ്പോഴെല്ലാം സുബിഹിന്റെ സമയവും." സൂര്യന്റെ ഈ പറഞ്ഞ ചലനക്രമവും നിറവ്യത്യാസവും അടിസ്ഥാനമാക്കിയാണ് നാം നമസ്കാരസമയം തീരുമാനിച്ചിട്ടുള്ളത്. സൂര്യനെ നിരീക്ഷിച്ച് ആരും നമസ്ക്കരിക്കാറില്ല.

ഇവിടെ സമയത്തിന്റെ അതിസൂക്ഷ്മ അംശങ്ങൾ ചികഞ്ഞെടുക്കാം. താഴെ കാണുന്ന പട്ടിക കൂടി കാണുക - ഒപ്പം സ്വയം ചോദിക്കേണ്ട ഏതാനും ചോദ്യങ്ങളും:

1. ഒരു സൂര്യവർഷത്തെ ദിനങ്ങളുടെ എണ്ണം: 365 (ഇത് 360 ഓ 370 ഓ ആകാറുണ്ടോ?)
2. ഒരു വർഷത്തെ മാസങ്ങളുടെ എണ്ണം: 12 (ഇത് 11 ഓ 13 ഓ ആയി കൂടുകയോ കുറയുകയോ ചെയ്യുമോ?)
3. ആഴ്ചയിൽ ദിവസങ്ങൾ: 7 (ഇത് 6 ആയി കുറയുകയോ 8 ആയി കൂടുകയോ ചെയ്യുമോ?)
4. ഒരു ചാന്ദ്ര വർഷദിനങ്ങൾ : 354 (ഇത് 350 ആയി കുറയുകയോ 360 ആയി കൂടുകയോ ചെയ്യുമോ) കാഴ്ച എന്നതിനെ കൺകാഴ്ചയായി തെറ്റിധരിച്ച തിനാൽ ഇത് 360 വരെ ആയി ഉയരുന്നില്ലേ? ഇത് കാലത്തെ മാറ്റി മറിക്കൽ തന്നെ ആണല്ലോ? അതോടു കൂടി വിശുദ്ധ ഗ്രന്ഥം മുന്നറിയിപ്പ് നൽകിയ പോലെ അവിശ്വാസത്തിന്റെ വർധനവിലേക്കാണല്ലോ നമ്മെ നയിക്കപ്പെടുന്നത്?

അതിനാൽ സാധാരണക്കാരന്നു രക്ഷപ്പെടാൻ ഒരു മാർഗ്ഗമേ ഉള്ളൂ: പത്തു രൂപ ചെലവാക്കി ഒരു ഇന്റർനെറ്റ് കഫേയിൽ കയറി ഓൺലൈനിൽ "Current postion of the moon Mecca'' എന്ന് ടൈപ്പ് ചെയ്താൽ മക്കക്കു മുകളിലെ ആകാശത്ത് ചന്ദ്രൻ ഇല്ലാതാകുന്ന ദിവസം ചിത്ര സഹിതം കാണിക്കും. ആ ദിവസമാണ് ആ മാസത്തിന്റെ അവസാനം എന്നാണു നാം മനസിലാക്കേണ്ടത്. "New Moon" എന്ന് അവിടെ

കാണിച്ചിരിക്കും. തർക്കിച്ചു മാത്രം ശീലിച്ചവർ ന്യൂ മ്യൂൺ "നോ മൂൺ" (ആകാശത്തു ചന്ദ്രൻ ഇല്ലാത്ത ദിവസം) ആണ് എന്ന് വാദിക്കാൻ ശ്രമിച്ചേക്കും. ഇവിടെയാണ് സാധാരണക്കാരായ നമ്മൾ മുറുകെ പിടിക്കേണ്ടത്.... : കാരണം ചന്ദ്രൻ ഇല്ലാതായി എന്നതിനു അർത്ഥം ആ മാസം അവസാനിച്ചു എന്നാണ്. പിറ്റേന്ന് അടുത്ത മാസം ആരംഭിച്ചു എന്ന് കണ്ടെത്താൻ വലിയ ബുദ്ധിയൊന്നും വേണ്ട. കാരണം കൺകാഴ്ചയായി അടുത്ത ദിവസത്തെ ചന്ദ്രനെ കണ്ടെത്താൻ കഴിഞ്ഞുകൊള്ളണമെന്നില്ല. ആ മാസം പിറന്നു എന്നത് തീർച്ച. മക്ക പണ്ഡിതന്മാർ ഇത് അംഗീകരിക്കുമോ എന്നും ആലോചിക്കരുത്. കാരണം അവരിലും കൺകാഴ്ചയെ അടിസ്ഥാനമാക്കണമെന്ന് ശഠിക്കുന്ന പണ്ഡിതന്മാരുണ്ട്. എപ്പോഴാണ് മരണം നമ്മെ പിടികൂടുക എന്ന് നമുക്ക് അറിഞ്ഞു കൂടാ. ഇന്ന് 75 വയസ്സ് പ്രായമുള്ള ഒരു വിശ്വാസി ഖബറിൽ എത്തുന്നത് 60 ദിവസത്തെ നോമ്പ് നഷ്ടപ്പെടുത്തിക്കൊണ്ടാണ് എന്ന അത്യന്തം ഗൌരവതരമായ ആലോചനക്കു മാത്രമേ നമ്മുടെ ഈമാനെ ബലപ്പെടുത്താനാകൂ. 45 വയസ്സിൽ മരിക്കുന്ന ആൾ ഒരു റമദാൻ നഷ്ടപ്പെടുത്തി കൊണ്ടാണ് യാത്രയാകുന്നത്. ഒന്നോ രണ്ടോ റമളാൻ നഷ്ട പ്പെടുത്തി പരലോകത്ത് എത്തണമോ, ഈ വർഷം മുതൽ പശ്ചാതപിച്ചു അല്ലാഹുവിൽ നിന്ന് മാപ്പ് തേടി പരലോകത്ത് എത്തിചേരണമോ എന്ന് ആലോചിക്കുക.

ഏൽപ്പിക്കപ്പെട്ട പ്രബോധന ദൌത്യം പൂർത്തീകരിച്ചു തന്നെയാണ് പ്രവാചക തിരുമേനി വഫാതായത്. "നിങ്ങൾ വല്ല കാര്യത്തിലും സംശയാലുക്കളാണെങ്കിൽ അതിനെ അല്ലാഹുവി ലേകും അവന്റെ റസൂലിലേക്കും മടക്കുക - നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന വരാണെങ്കിൽ" എന്ന വിശുദ്ധ ഖുർആനിലെ കല്പനക്കനുസരിച്ചുള്ള എളിയ ദൗത്യം നിങ്ങളിലേക്കു കൈമാറുന്നു.

**അടുത്ത ലക്കം :**

**"ചന്ദ്രികയിലെ ബോണസ്സ് കേസും ചാന്ദ്രവർഷവും"**

# ചന്ദ്രികയിലെ ബോണസ് കേസും ചാന്ദ്രമാസവും

## പി.സി. അബ്ദുൽ ലത്തീഫ്

സുറ: കഹ്ഫിലെ ആയത്തിന്റെ പിൻബലത്തിൽ കോഴിക്കോട്ട് ഒരു ബോണസ് കേസ് തെളിയിക്കപ്പെട്ടിട്ടുണ്ട്. ലേഖകൻ ജോലി ചെയ്തിരുന്ന ചന്ദ്രിക സ്ഥാപനത്തിൽ ബോണസ് നൽകിയിരുന്നത് പെരുന്നാളുകളോടനു ബന്ധിച്ചായിരുന്നു. മാനേജ്മെന്റ് അതു പെട്ടെന്ന് നിർത്തൽ ചെയ്തു. എന്നിട്ട് അത് "കസ്റ്റമറി" ബോണസ്സാക്കി മാറ്റി. രാജ്യത്ത് "കസ്റ്റമറി ബോണസ്" "ഫെസ്റ്റിവൽ ബോണസ്" എന്നീ രണ്ടു ബോണസ് സമ്പ്രദായങ്ങളാണ് നിലവിലുള്ളത്. ഒരു സ്ഥാപനം അതിന്റെ ലാഭനഷ്ടം നോക്കി ജീവനക്കാർക്കു നൽകുന്ന ബോണസ്സാണ് "കസ്റ്റമറി" ബോണസ്. ലാഭമുണ്ടെങ്കിൽ അതിന്റെ നിർണ്ണിതതോതനുസരിച്ചും ലാഭമില്ലെങ്കിൽ മിനിമം ബോണസും സ്ഥാപനം നൽകണം. എന്നാൽ ലാഭനഷ്ടകണക്കുകൾ പരിഗണിക്കാതെ എല്ലാ കാലത്തും പ്രത്യേക ഉത്സവങ്ങളോടനുബന്ധിച്ച് നിർബന്ധമായും നൽകേണ്ട ഒന്നാണ് "ഫെസ്റ്റിവൽ ബോണസ്". ഇതാണ് ചന്ദ്രിക നൽകിവന്നത്. ഇതു നിർത്തൽ ചെയ്തപ്പോൾ സുപ്രീം കോടതിയുടെ ഒരുത്തരവിന്റെ ബലത്തിൽ ഞങ്ങൾ കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്തു. ട്രിബ്യൂണൽ കേസ് ഫയലിൽ സ്വീകരിച്ചുകൊണ്ട് ഞങ്ങളുടേത് ഫെസ്റ്റിവൽ ബോണസ് ആണെന്ന് തെളിയിക്കാനാവശ്യപ്പെട്ടു. സ്ഥാപനത്തിന്റെ മുപ്പത്തി നാലു വർഷത്തെ ബോണസ് രജിസ്ട്രറുകൾ പരിശോധിക്കാൻ അനുമതി നൽകണമെന്ന് കോടതിയോട് ഞങ്ങളഭ്യർത്ഥിച്ചു. ട്രിബ്യൂണൽ ഈ ലേഖകനേയും മറ്റൊരു സഹപ്രവർത്തകനേയും ഒരു മാനേജ്മെന്റ് പ്രതിനിധിയേയും അതിനധികാരപ്പെടുത്തി. മുപ്പത്തി നാലു വർഷമായി സർവീസിലുള്ളവരുടെയെല്ലാം ബോണസ് ഞങ്ങൾ തിയ്യതിയും തുകയും സഹിതം പകർത്തിയെടുത്തു. 34 വർഷം സർവീസുള്ള മുഴുവൻ ആളുകളും 35 വർഷത്തെ ബോണസ് വാങ്ങിയതായി കണ്ടെത്തി!!

കോടതി ഞങ്ങൾക്കനുകൂലമായി വിധി പുറപ്പെടുവിച്ചു. ഈ ലേഖകനെ ഈ വസ്തുതയിലേക്കു വഴിതെളിയിച്ചത് വിശുദ്ധ ഖുർആൻ ആണ്. ലോകത്തു ലഭ്യമായ മഹാഭൂരിപക്ഷം തഹ്സിറുകളിലും ഈ വസ്തുത രേഖപ്പെടുത്തിയിട്ടുണ്ട്. സുറ: കഹ്ഫിൽ നിന്ന് ബോണസ് നമ്മുക്ക് ഇങ്ങിനെ കണക്കാക്കാം-

300 സൂര്യ വർഷത്തിന് തുല്യമായ ചന്ദ്രവർഷം = 309

ഒരു സൂര്യവർഷത്തിന് ചന്ദ്രവർഷങ്ങളുടെ എണ്ണം = $\frac{309}{300}$

34 സൂര്യവർഷത്തിനുള്ള ചന്ദ്രവർഷങ്ങളുടെ എണ്ണം = $\frac{309 \times 34}{300}$

= 35.02

2006-ലെ കലണ്ടറിലെ ഒരു സവിശേഷത ശ്രദ്ധിച്ചിട്ടുണ്ടോ? മൂന്നു പെരുന്നാളുകളാണ് 2006 ലുള്ളത്. അതിൽ രണ്ട് ബലി പെരുന്നാളുകളാണ്. ജനുവരി - 10 (ബക്രീദ്) ഒക്ടോ: 28 ഈദുൽ ഫിത്തർ, ഡിസംബർ 31 (ബക്രീദ്) ഒരേ വർഷം രണ്ട് ഹജ്ജു പെരുന്നാളുകൾ. ഈ സവിശേഷത ഏതാനും വർഷം മുമ്പും ഉണ്ടായിരുന്നു. വാജ്പേയി പ്രധാനമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ അന്നത്തെ അജണ്ടകളിലൊന്ന് ഒരേ ആഘോഷദിവസത്തിന് ഒരേ വർഷം രണ്ടു ലീവനുവദിക്കുമ്പോഴുള്ള സാങ്കേതികത്വവും നിയമ പ്രശ്നങ്ങളുമായിരുന്നു!! ഇനി അറബി - ഇസ്ലാമിക രാജ്യങ്ങളിലെ സ്ഥിതി എന്താണ്? ലാഭേച്ഛുക്കളായ ചില അറബി സമ്പന്നർ അവരുടെ സ്ഥാപനങ്ങളുടെ ശമ്പളം ഇംഗ്ലീഷ് മാസത്തിലേക്ക് മാറ്റുകയാണ്. ഒരു വർഷം 11 ദിവസത്തെ ശമ്പളം ലാഭിക്കുകയാണ് അവരുടെ ലക്ഷ്യം. കുറെ വർഷങ്ങൾ ശമ്പളം നൽകി കഴിയുമ്പോൾ ഈ പതിനൊന്നിന്റെ "ആനുകൂല്യ"മായി കോടികൾ അവരുടെ അക്കൗണ്ടിൽ ബാക്കിയാകുന്നു!

വിശുദ്ധ ഖുർആനിൽ അന്തർലീനമായി കിടക്കുന്ന സൂര്യ-ചന്ദ്രചലനങ്ങളുടെ വിസ്മയമാണിത്. അതു അനുയായികൾ ചൂഷണം ചെയ്യുന്നു എന്നത് മറ്റൊരു വിഷയം. പണ്ഡിതന്മാരും ഖാസിമാരുമാകട്ടെ ആ ദിനവ്യത്യാസം മാറ്റുകയും ചെയ്യുന്നു!

അതുകൊണ്ട് ഹറാമിന്റെ നോമ്പെടുക്കാനും ഫർളായ നോമ്പ് വിട്ടുകളയാനും അറഫ കഴിഞ്ഞ് അറഫാ നോമ്പനുഷ്ഠിക്കാനും വിശ്വാസികൾ ആഹ്വാനം ചെയ്യപ്പെടരുത്. ഖുർആന്റേയും തിരുസുന്നത്തിന്റെയും വെളിച്ചം നമ്മെ ഈ ദുരിതങ്ങളിൽ നിന്ന് രക്ഷിക്കുമാറാകണമെങ്കിൽ വസ്തുതകളെ പ്രാസ്ഥാനികതകൊണ്ട് അളക്കുന്ന വരെ മാറ്റി നിർത്താൻ വിവരമുള്ളവർ തയ്യാറാകണം. ശാസ്ത്രജ്ഞാനത്തെ മതത്തോട് ചേർത്തു പഠിക്കുന്നതിൽ പി.ഒ. ഉമർഫാറൂഖും മതവിജ്ഞാനത്തെ ശാസ്ത്രവുമായി ചേർത്തു പഠിക്കുന്നതിൽ എ. അബ്ദുൽ ഹമീദ് മദീനിയും പരാജയപ്പെട്ടിട്ടുണ്ട്. അവർ ഇരുവരും നന്മയെ ഓർത്തു മാറിനിൽക്കുകയോ മാറ്റി നിർത്തപ്പെടുകയോ വേണം. അവിടെയാണ് തൗഹീദിന്റെ പ്രസക്തി. പഠനക്ലാസുകളിലും ഉൽബോധന ക്ലാസുകളിലും മാസപ്പിറവി വിഷയം അനാവശ്യമായികൊണ്ടു വന്ന് എതിരഭിപ്രായമുള്ള പണ്ഡിതന്മാരെ സഭ്യേതര ഭാഷയിൽ ആക്ഷേപിക്കുന്നവരേയും മാറ്റി നിർത്തണം. അവിടേയും തൗഹീദിന് പ്രസക്തിയേറുന്നുണ്ട്. "ലാ ഇലാഹ ഇല്ലല്ലാ" എന്ന ഉച്ചാരണത്തിൽ ദയവുചെയ്തു തൗഹീദിനെ ഒതുക്കി നിർത്തരുതെന്ന് പണ്ഡിതന്മാരോട് അഭ്യർത്ഥിക്കുന്നു. പ്രവാചക വചനമുദ്ധരിച്ച് ഉമർ മൗലവി എഴുതിയപോലെ "ആളെ നോക്കണ്ട തെളിവ് നോക്കണം". അതുകൊണ്ട് വായനക്കാരായ വിശ്വാസികൾ ഓർക്കുക = മാസപ്പിറവി നിർണ്ണയത്തിലെ തർക്കങ്ങളും ന്യായവാദങ്ങളും അടുത്ത കാലത്തൊന്നും അവസാനിക്കാൻ പോകുന്നില്ല; അതിനാൽ നോൽമ്പ് നഷ്ടപ്പെടുത്താതിരിക്കാൻ ആഗ്രഹിക്കുന്നവർ അതിനുള്ള തീരുമാനം സ്വയം കൈകൊള്ളുകയാണ് ഖബറിലും പരലോകത്തും രക്ഷപ്പെടാനുള്ള മാർഗ്ഗം. പണ്ഡിതന്മാരേയും ഖാസിമാരേയും ഇനി മാറ്റി നിർത്തുക. വിശ്വാസികൾക്കുണ്ടാകുന്ന നഷ്ടത്തെക്കുറിച്ച അവബോധം അവർക്കില്ല എന്ന് നാം തിരിച്ചറിയുക. പൗരോഹിത്യം നമ്മൾ അവസാനിപ്പിച്ചിട്ടില്ല. കേരളത്തിലെ 90 ലക്ഷം മുസ്ലിംകൾ എപ്പോൾ നോമ്പെടുക്കണം എപ്പോൾ നോമ്പെടുക്കരുത് എന്ന് ഖാസിമാരും പണ്ഡിതന്മാരുമായി എട്ടുപേർ ചേർന്ന് തീരുമാനിക്കുന്നത് പൗരോഹിത്യമല്ലെങ്കിൽ മറ്റെന്താണ്?

1997-ൽ പ്രസിദ്ധീകരിച്ചതും 2007-ൽ പുനഃപ്രസിദ്ധീകരിച്ചതുമായ

''ഇസ്ലാം-വാള്യം 2 - ''കർമ്മാനുഷ്ഠാനങ്ങളി''ൽ നമ്മുടെ പണ്ഡിതന്മാർ രേഖപ്പെടുത്തിയ സമഗ്രമെന്ന് അവകാശപ്പെടുന്ന തെളിവുകളിൽ പ്രസക്തമായ ഭാഗങ്ങൾ ഇതോടൊപ്പം വായിക്കുക. സംശയ ദിവസം റമദാൻ നഷ്ടപ്പെട്ടു പോകാതിരിക്കാൻ നോമ്പെടുക്കുകയാണ് വേണ്ടതെന്ന തിരിച്ചറിവ് ഈ പേജുകളിൽ നിന്ന് ലഭിക്കും:

ചില ഹദീസുകളും അഭിപ്രായങ്ങളും നമുക്കു പരിശോധിക്കാം; =

''എന്നാൽ സ്വഹാബിവര്യന്മാരിൽ ചിലർ മേഘാവൃതദിനങ്ങളിൽ നോമ്പു നോറ്റിരുന്നുവെന്ന് ചില റിപ്പോർട്ടുകളിൽ വന്നിട്ടുണ്ട്. ഉമർ, അലി, മുആവിയ, അബൂഹുറൈറ, ആഇശ, ഇബ്നു ഉമർ, അസ്മാഅ് (റ) എന്നിവരുടെ നടപടി ക്രമം ഇപ്രകാരമായിരുന്നുവെന്ന് ചില നിവേദനങ്ങളുണ്ട് - അവയിൽ ചിലതു ഇവിടെ ഉദ്ധരിക്കാം:

"ഇബ്നു ഉമർ(റ)ൽ നിന്ന് നിവേദനം: മേഘാവൃത ദിനമാണെങ്കിൽ അദ്ദേഹം നോമ്പ് പിടിക്കും. മേഘാവൃതമല്ലെങ്കിൽ നോമ്പ് പിടിക്കില്ല" (സാദുൽ മആദ് 2:43) ഇതിന്റെ പരമ്പര സ്ഥിരപ്പെട്ടതാണ്.

"ശഅബാൻ 29- ആയാൽ മാസപ്പിറവി നോക്കാൻ വേണ്ടി ഇബ്നു ഉമർ(റ) ആളുകളെ നിയോഗിക്കുമായിരുന്നു. കണ്ടാൽ അദ്ദേഹം നോമ്പനുഷ്ഠിക്കും. ആകാശം തെളിഞ്ഞതാകുകയും എന്നിട്ടും മാസപ്പിറവി കാണാതിരിക്കുകയും ചെയ്താൽ അദ്ദേഹം നോമ്പ് നോൽക്കുകയില്ല. എന്നാൽ കാഴ്ചയുടെ മുമ്പിൽ മേഘമോ പൊടിപടലമോ മറയായി നിന്നാൽ നോമ്പ് അനുഷ്ഠിക്കുകയും ചെയ്യും." (അഹ്മദ്, അബൂദാവൂദ്). ''ശഅബാനിൽ ഒരു നോൽമ്പ് നോൽക്കുന്നതിനേക്കാൾ ഞങ്ങൾ ഭയപ്പെട്ടിരുന്നത് റമദാനിൽ ഒരു നോമ്പ് നഷ്ടപ്പെടുന്നതിനെയാണ്." എന്നാണ് ഇപ്രകാരം നോൽമ്പ് നോറ്റ സ്വഹാബാക്കൾ പ്രസ്താവിക്കുന്നത്.

നാൽപ്പതിലേറെ മുജാഹിദ് പണ്ഡിതന്മാർ തയ്യാറാക്കിയ ഇസ്ലാം വാള്യം 2-ൽ അണിനിരന്നവർ പ്രശസ്തരായ പണ്ഡിതന്മാരാണ്. ഇപ്പോഴത്തെ ഹിലാൽ കമ്മിറ്റി ചെയർമാൻ എ.പി. അബ്ദുൾ ഖാദർ മൗലവി, സുഹൈർ ചുങ്കത്തറ, പി.കെ. അലി അബ്ദുറസാഖ് മദനി, പ്രൊഫ. ഹുസൈൻ മടവൂർ, എം. സലാഹുദ്ദീൻ മദനി, കെ. എൻ. ഇബ്രാഹീം മൗലവി, കെ.കെ. മുഹമ്മദ് സുല്ലമി, കേരള ജംഇയ്യത്തുൽ ഉലമ (കെ.ജെ.യു) പ്രസിഡണ്ട് എ. അബ്ദുൽ ഹമീദ് മദീനി, എം.എം. അക്ബർ, ഡോ. പി.കെ. അബ്ദുറസാക് സുല്ലമി, സി.പി. ഉമർ സുല്ലമി, കെ.പി. മുഹമ്മദ് മൗലവി, ശെയ്ഖ് ഇബ്നുബാസ്, എ. അബ്ദുസ്സലാം സുല്ലമി തുടങ്ങിയവരുടെ ബുദ്ധിമണ്ഡലങ്ങളിലൂടെ കടന്നുപോയ ഈ സമഗ്രാപഗ്രഥനം മറച്ചുവെച്ചു കൊണ്ടാണ് ഈ പണ്ഡിതന്മാർ മഹാ ഭൂരിഭാഗം പേരും വിശ്വാസികളെക്കൊണ്ട് ഹറാം ചെയ്യിക്കുന്നത്. എ. അബ്ദുസ്സലാം സുല്ലമിയെ പോലെ ചുരുക്കം പേരൊഴികെ.

ഇനി നാം മനസ്സിലാക്കേണ്ട അതിപ്രധാനമായ ഒരു കാര്യം ചാന്ദ്രദർശനത്തിലെ സംശയത്തിന്റെ കാലം അരനൂറ്റാണ്ടു മുമ്പു മുതൽക്കെങ്കിലും പൂർണ്ണമായും അവസാ നിച്ചുകഴിഞ്ഞു എന്നതാണ്. ഇനിയുള്ളതു ഖണ്ഡിതമായ കണക്കിന്റെ കാലഘട്ടമാണ്. ദജ്ജാൽ ഇറങ്ങുന്നതു വരെയെങ്കിലും അതങ്ങിനെ തുടരുകയും ചെയ്യും. മാത്രമല്ല ചന്ദ്രൻ പയ്യെപ്പയ്യെ ഭൂമിയിൽ നിന്ന് അകന്നുകൊണ്ടിരിക്കും. (തെളിവ് = സൂറ ത്തുൽഖിയാമ - 75=8,9) സൂര്യൻ പടിഞ്ഞാറു ഉദയം ചെയ്യും. അന്ന് ''മാസം കണ്ടാൽ അറിയിക്കുക" എന്ന കോളം തന്നെ പത്രങ്ങളിൽ ഇല്ലാതാകും!

കണക്കു ഖണ്ഡിതവും കാഴ്ച സംശയാസ്പദവുമാണ്. നോമ്പെടുക്കാതിരിക്കാൻ കണക്കും നോമ്പെടുക്കാൻ കാഴ്ചയും എന്ന സമീപനം സ്വീകരിക്കുന്ന പണ്ഡിതന്മാർ വിശ്വാസിയുടെ നോമ്പ് നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഖണ്ഡിതമായ കണക്കിനെ നാം ആശ്രയിക്കണം. വിശുദ്ധഖുറാനിൽ ഒരിടത്തും കാഴ്ചയെപ്പറ്റി പറയുന്നില്ല. ബന്ധപ്പെട്ട മുഴുവൻ ഹദീസുകളെയും ഒന്നിച്ചു വിലയിരുത്തി അവയെ വിശുദ്ധ ഖുർആനിലേയ്ക്ക് ചേർത്തു പിടിക്കണം. അപ്പോൾ മാത്രമാണ് ഹിദായത്തു ലഭിക്കുക. ഖുർആൻ അതാണ് കല്പിക്കുന്നത്; പ്രവാചകരും.

ഖാസിമാരെ തോൽപ്പിക്കാനാണ് നാം ഇപ്പോൾ കണക്കിനെ കയറിപ്പിടിക്കുന്നത്. അതു കഴിഞ്ഞാൽ  കാഴ്ച തന്നെ വേണമെന്ന് ശഠിക്കുകയും ചെയ്യുന്നു!

ഇസ്ലാം വാള്യം - 2 ''കർമ്മാനുഷ്ഠനങ്ങളിൽ'' സ്വന്തം ബുദ്ധിയാൽ രേഖപ്പെടുത്തപ്പെട്ട യാഥാർത്ഥ്യങ്ങളെ വിസ്മരിച്ച നമ്മുടെ പണ്ഡിതന്മാർ ഏതാണ്ട് ആറു വർഷം മുമ്പ് കോഴിക്കോട് ഇടിയങ്ങരയിൽ വിളിച്ചുകൂട്ടിയ മാസപ്പിറവി വിശദീകരണ പൊതുയോഗത്തിൽ പറഞ്ഞ കാര്യങ്ങളും സ്വയം വിസ്മരിക്കുകയാണ്. അന്നത്തെ പണ്ഡിതന്മാരുടെ പ്രസംഗങ്ങളിൽ നിന്നുള്ള പ്രധാനപ്പെട്ട ഏതാനും പരാമർശങ്ങളിലൂടെ നമുക്കു കടന്നുപോകാം:

1. (" മാസം 29, 30 എന്നാണ് പ്രവാചകൻ പഠിപ്പിച്ചിട്ടുള്ളത്) എന്നാൽ "28ന് മാസം കണ്ട അനുഭവം (ഖാസിമാരിൽ നിന്ന്) ഉണ്ടായിട്ടുണ്ട്" - കേരള ഹിലാൽ കമ്മിറ്റി ചെയർമാൻ ജ: എ.പി. അബ്ദുൾ ഖാദർ മൗലവി -

വിശ്വാസിയുടെ ചോദ്യം = ഇതേ അബദ്ധം ഹിലാൽ കമ്മിറ്റിക്കും സംഭവിക്കുകയില്ലേ? - ഉദാഹരണത്തിന് ശഅബാൻ മാസവും റമദാനും 29 വീതം വരുന്ന സന്ദർഭം - ശഅബാൻ 29ന് മാസം "കണ്ടില്ല" എന്ന് വെക്കുക. അപ്പോൾ 30 പൂർത്തിയാക്കി പിറ്റേന്ന് റമദാൻ ഒന്ന് തുടങ്ങിയതായി പ്രഖ്യാപനമുണ്ടാകും. (യഥാർത്ഥത്തിൽ അന്ന് റമദാൻ രണ്ടാണ് - 2012 റമദാനിൽ സംഭവിച്ചതു പോലെ) അപ്പോൾ റമദാൻ 28നായിരിക്കും തുടർന്ന് മാസം കാണുക! ഈ സന്ദർഭത്തിൽ എന്തു ചെയ്യുമെന്ന ചോദ്യത്തിന് മാസപ്പിറവി സംബന്ധിച്ച മറ്റൊരു പരിപാടിയിൽ നമ്മുടെ ഒരു പണ്ഡിതൻ ഉത്തരം പറയാൻ പ്രയാസപ്പെടുന്നതു കാണാം. (സി.ഡി. കൈവശമുള്ളവർക്കു പരിശോധിക്കാം). എന്നിട്ട് അദ്ദേഹം ഒഴിഞ്ഞു മാറി ഉത്തരം നൽകിയത് ഇങ്ങിനെ : "28- നോൽമ്പ് മാത്രം പിടിച്ചാൽ മതിയെന്ന് ഫത്വ  നൽകിയ പണ്ഡിതന്മാരുമുണ്ട്; ഒരു നോൽമ്പ് പിടിച്ചു വീട്ടണമെന്ന് ഫത്വ നൽകിയ പണ്ഡിതന്മാരുമുണ്ട്." - വളരെ സമർത്ഥമായ ഒഴിഞ്ഞു മാറ്റം!

ഈ ചോദ്യം ഇപ്പോൾ കെ.എൻ.എം.ന്റെ ഉന്നത സ്ഥാനീയനായ പണ്ഡിത നേതാവിനോട് ഞാൻ ചോദിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം നൽകിയ ഉത്തരം = "ശഅബാനും, റമദാനും അടുത്തടുത്തു 29 ദിവസങ്ങൾ വീതം വരില്ല" എന്നാണ്.

എന്റെ മറുപടി - '' വരുമെന്ന് നമ്മുടെ തന്നെ പ്രസ്ഥാനത്തിന്റെ പ്രസിദ്ധീകരണമായ വിചിന്തനം പറയുന്നു."

"അറബി മാസം ഒരു മാസം 29 ദിവസമായാൽ അടുത്ത മാസം 30 ഉണ്ടാകുമെന്ന നിയമമില്ല. തുടർച്ചയായി രണ്ടു മാസം 29-ഉം അടുത്ത രണ്ടു മാസം 30 ഉം ആയെന്നും വരാം." (വിചിന്തനം 2005 നവംബർ)

2. "രാവിലെ 10 മണിക്കും 9 മണിക്കും പെരുന്നാൾ ഉറപ്പിച്ച അനുഭവം (ഖാദിമാരിൽ നിന്ന്) ഉണ്ടായിട്ടുണ്ട്." ഇടിയങ്ങര യോഗത്തിൽ (കെ.എൻ.എം. പ്രസിഡണ്ട്

ജ: ടി.പി. അബ്ദുള്ളക്കോയ മദനി)

വിശ്വാസിയുടെ ചോദ്യം = "പ്രവാചക തിരുമേനി(സ) പിറ്റേ ദിവസം അസറിന് പെരുന്നാൾ ഉറപ്പിച്ചിട്ടില്ലെ? (തെളിവ് : മക്കക്കാർ മദീന കാണാൻ വന്ന പെരുന്നാൾ ദിവസം)

3. "കണക്കു കൃത്യമാണ്; കണ്ടു എന്നതു ഊഹമാണ്. ഊഹം ഖണ്ഡിതമായതിന് എതിരായി ഉപയോഗിക്കാൻ പറ്റില്ല" (ജ: സുഹൈർ ചുങ്കത്തറ - ഇമാം സുബുകിയെ ഉദ്ധരിച്ചു കൊണ്ട്)" സി.പി. ഉമർ സുല്ലമി ശനിയാഴ്ച നോമ്പെടുത്തു; അനുയായികൾ ഭക്ഷണം കഴിച്ചു നടന്നു" - ജ: സുഹൈർ തന്നെ വീണ്ടും -

വിശ്വാസിയുടെ ചോദ്യം = "2012 ജൂലൈ 19 വ്യാഴാഴ്ച 6ഉം, 7ഉം മിനുട്ട് വീതം ചന്ദ്രൻ ആകാശത്തുണ്ടെന്ന് ഹിലാൽ കമ്മിറ്റി തന്നെയും പ്രഖ്യാപിച്ചിരുന്നുവല്ലോ? എന്നിട്ട് എന്തുകൊണ്ട് താങ്കൾ പറഞ്ഞ ഖണ്ഡിതമായ കണക്കിനെ വിട്ട് ഊഹമായ കാഴ്ചയെ സ്വീകരിച്ച് റമദാൻ ഒന്നായ വെള്ളിയാഴ്ച വിശ്വാസികളെക്കൊണ്ട് ഭക്ഷണം കഴിപ്പിച്ചു?

ഇടിയങ്ങര യോഗത്തിൽ(2006) സുഹൈർ ചുങ്കത്തറ വീണ്ടും പറയുന്നതു കാണുക:

"പെരുന്നാൾ നീട്ടി വെക്കാം. പക്ഷെ, നോമ്പാണ് പ്രശ്നം; നോമ്പിന്റെ ഒരു ദിവസം നമുക്കു നഷ്ടപ്പെട്ടുകൂട; നോമ്പിന്റെ പ്രശ്നം ലാഘവത്തോടെ കാണണ്ട; അല്ലാഹുവിന്റെ കോടതിയിലേക്കാണ് പോകാനുള്ളത്."

വിശ്വാസിയുടെ ചോദ്യം : 2012 ജൂലൈ 20-ലെ റമദാൻ ഹിലാൽ കമ്മിറ്റി ഞങ്ങൾക്കു നഷ്ടപ്പെടുത്തിയതിനെ ക്കുറിച്ച് താങ്കൾക്കു എന്തു പറയാനുണ്ട്? 20-07-2012ന് ഖലീഫാ മസ്ജിദിലെ ഖുത്വുബയിൽ കണക്കു കൊണ്ട് ഖണ്ഡിത മായ വെള്ളിയാഴ്ച നോമ്പെടുത്തവർ ഹറാമാണ് ചെയ്തതെന്ന് താങ്കൾ പറഞ്ഞത് പിൻവലിച്ച് മാപ്പ് പറയാൻ തയ്യാറുണ്ടോ?

നേരത്തെ പറഞ്ഞു വന്ന യാഥാർത്ഥ്യങ്ങളിലേക്കു ഈ ലഘുലേഖകൾ വായിക്കുന്ന വിശ്വാസികളുടെ ശ്രദ്ധയെ വീണ്ടും തിരിക്കുന്നു.

മറ്റുള്ളവരെ തോൽപ്പിക്കാനേ നമുക്കു കണക്കു ആവശ്യമുള്ളൂ. എന്നാൽ സ്വയം ജയിക്കാനും നോൽമ്പ് നഷ്ടപ്പെടാതെ അല്ലാഹുവിന്റെ കോടതിയിലെത്താനും കണക്കു തന്നെയാണ് ആശ്രയം എന്ന യാഥാർത്ഥ്യം എന്തിനാണ് ഈ പണ്ഡിതന്മാർ മറച്ചുവെക്കുന്നത്?

**അടുത്ത ലക്കം :**

**പ്ലാനറ്റേറിയത്തിന്റെ സഹായം എന്തുകൊണ്ട് സ്വീകരിച്ചില്ല?**

# പ്ലാനറ്റേറിയത്തിന്റെ സഹായം എന്തുകൊണ്ട് സ്വീകരിച്ചില്ല?

## പി.സി. അബ്ദുൽ ലത്തീഫ്

മുജാഹിദ് പ്രസ്ഥാനം ഒന്നിച്ചു നിന്ന സന്ദർഭത്തിൽ 1999-ൽ പുറത്തിറക്കിയ ശബാബ് വാരികയുടെ പ്രത്യേക പതിപ്പ് മുച്ചൂടും നമ്മൾ വായിക്കേണ്ടതാണ്. ഖാസിമാരെയും ജമാഅതുകാരേയും അലിമണിക് ഫാനേയും "തോല്പിക്കാൻ" ആവശ്യമായ ഒട്ടേറെ ലേഖനങ്ങളുമായാണ് 1999 ജനുവരി 29-ലെ പ്രസ്തുത സ്പെഷൽ പതിപ്പ് പുറത്തിറങ്ങിയത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ജാഫർ ഖാൻ കോളനിയിലെ മേഖലാ ശാസ്ത്രകേന്ദ്രത്തിലെ വാനനിരീക്ഷണ കേന്ദ്രം തലവൻ വി.എസ്. രാമചന്ദ്രനുമായി ശബാബ് നടത്തിയ അഭിമുഖം. 1999 ജനുവരി 17-ലെ ഖാദിമാരുടെ ചെറിയ പെരുന്നാൾ പ്രഖ്യാപനം അസംഭവ്യമെന്ന് തെളിയിക്കുക മാത്രമായിരുന്നു ശബാബിന്റെ ലക്ഷ്യം. അതിനുള്ള ഏറ്റവും വലിയ തെളിവ് ഇന്റർവ്യൂവിൽ തന്നെയുണ്ട്: വാരികയുടെ 4-ാം പേജിൽ അവസാനകോളത്തിൽ ശാസ്ത്രജ്ഞൻ വി.എസ്. രാമചന്ദ്രന്റെ വാഗ്ദാനമുണ്ട് – അതിങ്ങിനെ വായിക്കാം :

"..... ഒരു കാര്യം നിങ്ങൾക്കു ചെയ്തു തരാം. വെറും നിർദ്ദേശമല്ല. ഞങ്ങളുടെ ഭാഗത്തു നിന്നുള്ള സഹായം. അടുത്ത വർഷം മുതൽ (2000 മുതൽ) മാസപ്പിറവിക്കു തീരേ സാധ്യതയില്ലാത്ത ദിവസവും തൊട്ടടുത്ത ന്യൂമൂണിനു ശേഷമുള്ള സാധ്യതയുള്ള ദിവസവും (ഉറപ്പുള്ള ദിവസം എന്നേ പറയാവൂ) ഞങ്ങളുടെ ശക്തിമത്തായ ദൂരദർശിനി കോഴിക്കോട് കടപ്പുറത്തു സ്ഥാപിച്ചു തരാം. അതിന് ആദ്യം വേണ്ടത് നിങ്ങളുടെയൊക്കെ ആത്മാർത്ഥമായ സഹകരണമാണ്. മാസപ്പിറവി ആവശ്യമായി വരുന്ന അവസരങ്ങളിൽ ഒരാഴ്ച മുമ്പായി ഔദ്യോഗികമായി ഞങ്ങളെ അറിയിക്കുക. എങ്കിൽ സഹായിക്കാൻ തയ്യാർ. ദൂരദർശിനിയിൽ വേണ്ടുവോളം ഫോട്ടോഗ്രാഫിക് പ്ലേറ്റുകളും നിക്ഷേപിച്ചു തരാം. എങ്കിൽ നേരിട്ട് നോക്കി തൃപ്തിപ്പെടാനും തെളിവിനായി പ്രതിഛായ പകർത്തിവെക്കാനും സാധിക്കും. എത്ര നേരം അമ്പിളിക്കല ദൃശ്യമായെന്ന് സ്വമേധയാ പ്ലേറ്റിൽ രേഖപ്പെടുത്തുന്ന സംവിധാനവും ടെലസ്കോപ്പിലുണ്ട്. നഗ്നനേത്രങ്ങളേക്കാൾ സൂക്ഷ്മതക്ക് ഇതുപകരിക്കും. സൂര്യാസ്തമനത്തിനു മുമ്പ് ചന്ദ്രൻ അസ്തമിക്കുന്ന ദിവസങ്ങളിലും ദൂരദർശിനി നമ്മെ സഹായിക്കാനെത്തുന്നു. അസ്തമനത്തിനു ശേഷമുള്ള ചന്ദ്രൻ പിറക്കാത്ത ആകാശം നിരീക്ഷിച്ച് ഇല്ലെന്ന് ഉറപ്പു വരുത്തുകയും ആകാം. ഇതൊക്കെ ഞങ്ങളുടെ സ്വന്തം ചെലവിൽ ചെയ്തു തരാൻ തയ്യാറാണെന്നും സന്തോഷപൂർവ്വം അറിയിക്കട്ടെ. ഇനി ദൂർദർശിനിക്കും തെറ്റുപറ്റിക്കൂടെന്നുണ്ടോ എന്നു മാത്രം പറയാതിരുന്നാൽ മതി"-

ഈ ഇന്റർവ്യൂ പ്രസിദ്ധീകരിച്ച് പതിമൂന്നു വർഷം കഴിഞ്ഞിട്ടും ശാസ്ത്ര

കാരന്റെ സഹായ വാഗ്ദാനം നമ്മൾ എന്തുകൊണ്ട് പ്രയോജനപ്പെടുത്തിയില്ല? ഈ സഹായം സ്വമേധയാ അദ്ദേഹം വാഗ്ദാനം ചെയ്തതല്ല; മറിച്ച് ശബാബിന്റെ ഭാഗത്തു നിന്നുണ്ടായ സഹായാഭ്യർത്ഥനക്കുള്ള മറുപടി ആയാണ് അദ്ദേഹം ഈ ഓഫർ നൽകിയതെന്നോർക്കണം.

അതിനാൽ പ്രശ്നം പരിഹരിക്കുന്നതിലല്ല താല്പര്യമെന്ന് മനസ്സിലാക്കാൻ ഇതിൽപരം തെളിവുകൾ ആവശ്യമില്ല! തൽക്കാലം തോൽപ്പിക്കേണ്ടതാരെ എന്ന് തീരുമാനിച്ച് ലിസ്റ്റ് ചെയ്ത് അതിനനുസരിച്ച തെളിവുകൾ കണ്ടെത്തുക - ഇതുമാത്രം.

നാലകത്തു മുഹമ്മദ് കോയ ഖാസി അദ്ദേഹത്തിന്റെ ഖാദീ പദവിയുടെ മൂന്നു ദശാബ്ദങ്ങളിൽ ഏറ്റവും ടെൻഷൻ അനുഭവിച്ച വിഷയം മാസപ്പിറവിയായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ : "മാസപ്പിറവിയുമായി ബന്ധപ്പെട്ട കുറേ സംഘർഷ രംഗങ്ങളാണ് ഓർമ്മയിൽ തെളിയുന്നത്. രാത്രി ഒരു മണിക്കും രണ്ടു മണിക്കുമൊക്കെ റമദാനും പെരുന്നാളും ഉറപ്പിക്കേണ്ടി വന്നപ്പോഴുണ്ടായ ആ സംഘർഷ രംഗങ്ങൾ - അതിപ്പോൾ ഇല്ലാതായി. ഞങ്ങൾ രണ്ട് ഖാസിമാർ തമ്മിൽ ഇപ്പോൾ ഐക്യത്തിൽ യോജിച്ചു നീങ്ങുകയാണ്." (ചന്ദ്രിക - 1998 ജൂലൈ 24 വെള്ളി).

മുഹമ്മദ് കോയ ഖാദിയുടെ വാക്കുകളിൽ അന്തർലീനമായി കിടക്കുന്ന വിഷയം ചെറുതല്ല. ഐക്യമില്ലായ്മ തൊട്ട് ഐക്യം കൈവന്നതുവരെയുള്ളതും അറുനൂറു വർഷത്തെ ഖാദിപരമ്പരയിൽ കണ്ണിചേരാൻ തനിക്കുശേഷം അർഹരായവർ ആരുമില്ലെന്ന വസ്തുതയും അദ്ദേഹത്തിന്റെ ഇന്റർവ്യുവിൽ നിന്ന് വായിച്ചെടുക്കാനാകുന്നു. ഖാദിമാരുടെ ഐക്യപ്പെടൽ പിന്നീട് വളർന്നതു ഹിലാൽ കമ്മിറ്റിക്കെതിരെയായിരുന്നു. എന്നാൽ പിന്നീട് മരിക്കും വരെ മാസപ്പിറവിയുടെ ഗോളശാസ്ത്രപരമായ കണക്കന്വേഷിച്ചു കൊണ്ട് ഓരോ വർഷവും അദ്ദേഹം ബന്ധപ്പെടുക പതിവുണ്ടായിരുന്നു. കുറേ വർഷങ്ങൾ ഈ ബന്ധപ്പെടൽ തുടർന്നു. വിശുദ്ധ ഖുർആനിൽ നിന്ന് കണ്ടെടുത്ത കണക്കുകളുമായി രണ്ടു ഖാദിമാരേയും ഞാൻ സമീപിച്ചിട്ടുണ്ടായിരുന്നു. കണക്കാണ് അടിസ്ഥാനമാക്കേണ്ടതെന്ന അഭിപ്രായം നാലകത്തു ഖാദിക്കുണ്ടായിരുന്നു എന്നതാണ് യാഥാർത്ഥ്യം. പക്ഷെ വിശുദ്ധ ഖുർആനെയും പ്രവാചകചര്യയേയും മുമ്പിൽ നിർത്തി സ്വതന്ത്രമായ ഒരു തീരുമാനമെടുക്കുന്നതിൽ ഏറെ വിഷമങ്ങൾ മുഹമ്മദ് കോയ ഖാദിക്കുണ്ടായി. മറ്റു പലരാലും അല്ലെങ്കിൽ ചിലരാൽ ഖാദിമാരും ഇപ്പോൾ മുജാഹിദ് പണ്ഡിതന്മാരും ഹൈജാക് ചെയ്യപ്പെട്ടു കഴിഞ്ഞു. "ലാഇലാ ഹഇല്ലള്ളാ" എന്ന കലിമത്തുത്തൗഹീദിന് മുമ്പിൽ ഇവർ പരാജയപ്പെട്ടു എന്നർത്ഥം. ഖുർആനും നബിചര്യയും പരിശോധിച്ച് സത്യം കണ്ടെത്തുന്നതിനു പകരം സംഘടനാ ബൈലോയിലൂടെ സഞ്ചരിക്കുകയാണ് പണ്ഡിതന്മാർ. അല്ലാഹുവിന്റെ നിയമമായ വിശുദ്ധ ഖുർആന്റെ കാവൽക്കാരാകേണ്ടവർ മനുഷ്യനിർമ്മിതമായ 'ബൈലോ'യുടെ കാവൽക്കാരായിമാറി!!

വാസ്തവത്തിൽ വിശുദ്ധ ഖുർആനും നബിചര്യയും മുമ്പിൽ വെച്ചു കൈകൊള്ളുന്ന ഒരു തീരുമാനത്തിനു മാത്രമേ ഹറാം അവസാനിപ്പിക്കാനാകൂ. മക്കയുടെ ആകാശത്തെ കേന്ദ്രീകരിക്കുകയാണ് ആദ്യ നടപടി. "മക്കക്കാർ ളുഹർ നമസ്കരിക്കുമ്പോൾ നിങ്ങൾ ളുഹർ നമസ്ക്കരിക്കാറുണ്ടോ? അവർ ഊണു

കഴിക്കുമ്പോഴാണോ നിങ്ങൾ ഊണു കഴിക്കുന്നത്?" എന്ന് ചോദിക്കുന്ന പണ്ഡിതന്മാർ വിശുദ്ധ ഖുർആനിലെ സൂര്യ - ചന്ദ്രന്മാരെ സംബന്ധിച്ച സുപ്രധാന ആയത്തുകളെക്കുറിച്ചുള്ള അജ്ഞതയാണ് പ്രകടിപ്പിക്കുന്നത്. "അന്ധരും ഊമയും ബുദ്ധി കൊടുത്ത് ചിന്തിക്കാത്തവരും" (2:171) എന്ന ഖുർആൻ സൂക്തം ഇന്നും പണ്ഡിതന്മാർക്കു നേരെ ആക്ഷേപമെറിയുന്നു. മാത്രമല്ല "അല്ലാഹുവിന്റെയടുക്കൽ ജീവികളിൽ വെച്ചേറ്റവും നികൃഷ്ടർ അന്ധത നടിക്കുകയും ഊമകളായി ചമയുകയും ബുദ്ധികൊടുത്തു ആലോചിക്കാതിരിക്കുകയും ചെയ്യുന്ന (മനുഷ്യന്മാരാണ്)" എന്ന ഖുർആൻ സൂക്തവും ഇത്തരം പണ്ഡിതന്മാർക്കുള്ള എക്കാലത്തേയും തിരിച്ചടിയാണ്.

വിശുദ്ധ ഖുർആനും തിരുസുന്നത്തും മുമ്പിൽ വെച്ചുള്ള ഈ ആശയം എല്ലാ വിഭാഗം പണ്ഡിതന്മാർക്കും ഈ വിഷയത്തിൽ താല്പര്യമുള്ള സംഘടനകൾക്കും, വ്യക്തികൾക്കും കൈമാറിയിട്ടുണ്ട്. 20-07-2012-ലെ വെള്ളിയാഴ്ചയിലെ ഒഴിവാക്കിയ വ്രതത്തിന്റെ ഹറാമും, 18-08-2012 ശനിയാഴ്ച പെരുന്നാളിനു നോമ്പെടുത്തതിന്റെ ഹറാമും വിശ്വാസികൾ ചെയ്യേണ്ടി വന്നിരിക്കുകയാണ്. ഒരു നോമ്പ് നോറ്റു വീട്ടുകയും പെരുന്നാളിന്റെ നോമ്പിനു അല്ലാഹുവോട് പശ്ചാത്തപിച്ച് മാപ്പപേക്ഷിക്കുകയും ചെയ്യുകയാണ് പോംവഴി.

റസൂൽ നമ്മെപ്പറ്റി പറയുന്ന ഒരാക്ഷേപമുണ്ട് :

"എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനത ഈ ഖുർആനെ അഗണ്യമാക്കി തള്ളിക്കളഞ്ഞു" (വിശുദ്ധ ഖുർആൻ 25:30). അന്ത്യനാളിന്റെ അടയാളമായി അവിടുന്നു പറഞ്ഞു :

"ജനങ്ങൾക്കു ഒരു കാലഘട്ടം വരാനുണ്ട്; അന്ന് ഇസ്ലാം അതിന്റെ പേരിലൊതുങ്ങും; ഖുർആനാകട്ടെ അതിന്റെ അക്ഷരങ്ങളിലും ഒതുങ്ങിപ്പോകും; (മാത്രമല്ല) പള്ളികൾ ആഡംബര പൂരിതവും ജനനിബിഡവുമായിരിക്കും, (പക്ഷെ) അതിൽ ഹിദായത്തുണ്ടാകില്ല. ആ കാലഘട്ടത്തിലെ മുസ്ലിം പണ്ഡിതന്മാരാകട്ടെ ആകാശത്തിനു കീഴിലുള്ളവരിൽ വെച്ച് ഏറ്റവും നികൃഷ്ടന്മാരായിരിക്കും - (കാരണം) അവരിൽ നിന്നാണ് ഫിത്ന പുറപ്പെടുക, അതു അവരിലേക്കു തന്നെ (തിരിച്ചടിയായി) മടങ്ങുകയും ചെയ്യും"

അതുകൊണ്ട് വിശുദ്ധഗേഹമായ മക്കയെ കേന്ദ്രീകരിച്ചുള്ള തീരുമാനത്തിനാകട്ടെ പണ്ഡിതന്മാരുടെ പരിശ്രമം എന്നപേക്ഷിക്കുകയാണ്. ഇല്ലെങ്കിൽ വിശുദ്ധ ഖുർആൻ വിലക്കിയ, "നസീഅ്" (കാലത്തെ മാറ്റിമറിക്കൽ) സംഭവിക്കുകതന്നെ ചെയ്യും! 2012ലെ റമദാനിന്റെ തുടക്കവും ഹറാമായിരുന്നു. ഒടുക്കവും ഹറാമായിരുന്നു. 20-07-2012 വെള്ളിയാഴ്ചത്തെ റമദാൻ ഒന്നിനെ അറിഞ്ഞുകൊണ്ടുതന്നെ ശവ്വാൽ 30 ആക്കി. അതേപോലെ 18-08-2012ലെ ശവ്വാൽ ഒന്നിനെ റമദാൻ 30 മാക്കി. അല്ലാഹുവിന്റെ കാലനിർണ്ണയത്തെയാണ് പണ്ഡിതന്മാരും ഖാസിമാരും മാറ്റിമറിച്ചത്.

കോഴിക്കോട് മുഹമ്മദലി കടപ്പുറത്തു 18-08-2012 ശനിയാഴ്ച മാസം കണ്ട മുജാഹിദ് പ്രവർത്തകർ കാണാൻ സാധ്യമല്ലെന്ന് മുജാഹിദ് ഗ്രന്ഥങ്ങൾ തന്നെ വിശദീകരിച്ച ചന്ദ്രനെയാണ്. "കണ്ട"തെന്നോർക്കുക! സൂര്യാസ്തമനത്തിനുശേഷം 40 മിനുട്ടിലധികം ആകാശത്തില്ലാത്ത ചന്ദ്രനെ കാണുക സാദ്ധ്യമല്ലെന്ന് മുജാഹിദ് ഗ്രന്ഥങ്ങളും, കോഴിക്കോട് പ്ലാനറ്റേറിയത്തിലെ ശാസ്ത്രജ്ഞന്മാരും പറയുന്നു.

25, 27 മിനുട്ട് ആകാശത്തുള്ള ചന്ദ്രനെയാണ് 18-08-2012 ശനിയാഴ്ച "കണ്ട"ത്. - പണ്ഡിതന്മാർ എഴുതിയതു പണ്ഡിതന്മാർ തന്നെ വിസ്മരിച്ചു. മാത്രമല്ല, മാസ നിർണ്ണയത്തിന് മക്കയുടെ ആകാശത്തെയാണ് അടിസ്ഥാനമാക്കേണ്ടത്. കേരള ത്തിന്റെ ആകാശത്തുള്ള ചന്ദ്രന്റെ സ്ഥാനങ്ങളെ കേന്ദ്രീകരിച്ച് മാസദിനം തീരുമാനിക്കുമ്പോൾ പലപ്പോഴും നമുക്ക് മക്കയുടെ പിറകിലേക്കു തിയ്യതിയെ മാറ്റേണ്ടിവരുന്നു! മക്കയുടെ തിയ്യതിയെ നമുക്ക് മുമ്പിലേക്കും എറിയേണ്ടിവരുന്നു! ഇതു ഖുർആനിക വിരുദ്ധമാണ്. പ്രവാചകൻ ഇതല്ല പഠിപ്പിച്ചത്. ചന്ദ്രന് ഒന്നാം ദിവസം ഒരു ഉദയമേ ഉള്ളു. അനേകം ദിവസങ്ങളിലായി ഒന്നാംദിന ചന്ദ്രൻ ഉദിക്കുകയില്ല. ഒരു ശിശു ജനിക്കുന്നത് മക്കയിലാണെങ്കിൽ അവന്ന് എത്ര ജനനസർട്ടിഫിക്കറ്റുണ്ടാകും? ഒന്നോ? അതോ രണ്ടോ? അതോ നാലോ? രാജ്യങ്ങളുടെ ഉദയാസ്തമനങ്ങളുടെ വ്യത്യാസത്തിനനുസരിച്ച് ജനന സർട്ടിഫിക്കറ്റുകൾ മാറുമോ? എയർപോർട്ടുകളിലും എംബസികളിലും പാസ്പോർട്ടുകളിലും വോട്ടേഴ്സ് ഐ.ഡി.യിലും റേഷൻകാർഡിലും ആധാറിലും എൻ.പി.ആറിലും രാജ്യങ്ങൾ മാറുന്നതിനനുസരിച്ച് വിവിധ തിയ്യതികളാണോ ചേർക്കപ്പെടുക. ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഈ തത്വം എളുപ്പം പിടികിട്ടും.

ചന്ദ്രന് ഒരു ഉദയമേയുളളു. ആ ഉദയസ്ഥാനം മക്കക്കുമുകളിൽ (ഉമ്മുൽഖുറാ) അവരുടെ ഫജ്റിനുമുമ്പ് ആയിരിക്കണം. അതാണ് അംഗീകരിക്ക പ്പെടേണ്ടത്. ഖുർആനികമായ ഈ തത്വം മക്കയിലും അംഗീകരിക്കപ്പെടണം. ഇല്ലെ ങ്കിൽ അവരുടെ ആകാശത്തെ ചന്ദ്രോദയത്തിന്റെ തെറ്റുപറ്റാത്ത കണക്കു നമ്മുടെ വശമുണ്ട്. അതുപയോഗിച്ച് നമുക്കും തിയ്യതി നിശ്ചയിച്ച് ഹറാമുകളിൽ നിന്ന് രക്ഷപ്പെടാം. എന്നിട്ട് മക്കയിലെ പണ്ഡിതന്മാരുമായി നിരന്തരം സമ്പർക്കത്തിലേർപ്പെടണം. ഈ സമ്പർക്കത്തിന് റബ്ബിന്റെ മുമ്പിൽ അളവറ്റ പ്രതിഫലമുണ്ട് എന്നോർക്കുക. എന്നെങ്കിലും ഖുർആനിക സത്യം അംഗീകരിക്കപ്പെടും. വിശുദ്ധഗേഹമായ കഅബ ഭൂമിയുടെ മദ്ധ്യത്തിലാണ്. സ്ഥിതിചെയ്യുന്നതെന്ന സൃഷ്ടിപരമായ യാഥാർത്ഥ്യം നാസാ വാനനിരീക്ഷണ കേന്ദ്രം കണ്ടെത്തിയിട്ടുണ്ട്. "ഉമ്മുൽഖുറാ" (പട്ടണങ്ങളുടെ മാതാവ്) ഭൂമിയുടെ കേന്ദ്രസ്ഥാനമായി അംഗീകരിച്ചുകൊണ്ടു ചില പണ്ഡിതന്മാർ 2011ൽ ഫത്വ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം വിശുദ്ധ ഖുർആൻ വിശദീകരിച്ചുതന്ന ചന്ദ്രപ്പിറവി കണക്കുകൂടി അംഗീകരിക്കപ്പെട്ടാൽ പ്രശ്നത്തിന് ശാശ്വതപരിഹാരവും ഹറാമിൽ നിന്നും എന്നേക്കുമായുള്ള മോചനവും സാധ്യമാകും. മറിച്ച് കൺകാഴ്ചയെമാത്രം ആശ്രയിക്കുമ്പോൾ അബദ്ധങ്ങളുടെ പരമ്പര തന്നെ സംഭവിക്കും. മാസം കാണാതിരിക്കാൻ കണക്കും കാണാൻ കാഴ്ചയും എന്ന സമീപനമാണ് സമസ്ത - മുജാഹിദ് - ജമാഅത്തു വിഭാഗങ്ങൾ അംഗീകരിച്ചിട്ടുള്ളത്. അവരുടെ മുഖപത്രങ്ങളായ സിറാജ്, വിചിന്തനം, ശബാബ്, ബോധനം തുടങ്ങിയ പത്രങ്ങളുടെ 1997, 1999, 2006 തുടങ്ങിയ വർഷങ്ങളിലെ വിവാദസമയങ്ങളിലുള്ള വാർത്തകൾതന്നെ തെളിവ്. എന്നാൽ ഹറാം സംഭവിക്കാതിരിക്കാനും കണക്ക് എന്ന ഖുർആനിക തത്വത്തിലേക്കുകൂടി ഈ പണ്ഡിതന്മാർ മടങ്ങണം എന്നതാണ് വിശ്വാസിയുടെ ആവശ്യം. കാന്തപുരം എ.പി. അബൂബക്കർ മുസ്ല്യാർ പോലും ഗ്രഹണ നമസ്കാരവിഷയത്തിലെങ്കിലും

കണക്ക് അംഗീകരിച്ചു തുടങ്ങിയിട്ടുണ്ട്. (സിറാജ് പത്രം 1999 ആഗസ്റ്റ് 11) ഗ്രഹണം "കണ്ടാൽ" നിങ്ങൾ നമസ്കരിക്കുക എന്നാണ് ഹദീസെങ്കിലും ഗ്രഹണം "കണ്ടാൽ" കണ്ണുപോകുമെന്ന് അദ്ദേഹത്തിനും നമ്മുടെ പണ്ഡിതന്മാർക്കും അറിയാം. അതുകൊണ്ട് ഗ്രഹണം "കണ്ടാൽ" വിവരമറിയിക്കാൻ ആഹ്വാനമുണ്ടാകാറില്ല!

അടുത്ത വർഷം തൊട്ട് എല്ലാ വർഷവും (ഇൻഷാ അല്ലാ) ഇത്തരം ലഘുലേഘകൾ അച്ചടിച്ചുവിതരണം ചെയ്യണമെന്നാണ് ആഗ്രഹം. റമദാന്റെ ഒന്നോ രണ്ടോ ആഴ്ചകൾക്കുമുമ്പ് ലഘുലേഖ നിങ്ങളുടെ കയ്യിലെത്തും.

കോഴിക്കോട്ടെ മേഖലാ ശാസ്ത്രകേന്ദ്രത്തിന്റെ ചാന്ദ്രനിരീക്ഷണസംവിധാനം പ്രയോജനപ്പെടുത്തി ആ വിവരവും ലോകത്തെ പ്രസിദ്ധമായ വാനനിരീക്ഷണ കേന്ദ്രങ്ങൾ വെബ്സൈറ്റുകൾ തുടങ്ങിവയിൽനിന്നു വിഷയം മനസ്സിലാക്കാനാവശ്യമായ ലളിതമായ മാർഗ്ഗങ്ങളും പ്രസിദ്ധീകരിക്കും.

2013 റമദാനിലെ ചാന്ദ്രചലനങ്ങളുടെ ചിത്രങ്ങൾ നിങ്ങളുടെ കയ്യിലെത്തും. അതിൽനിന്ന് റമദാൻ ഒന്ന് എപ്പോൾ പെരുന്നാൾ ഏതു ദിവസം എന്ന് സ്വയം കണ്ടെത്താം. ചന്ദ്രന്റെ കലകൾ അതിൽനിന്ന് എണ്ണിയെടുക്കാം. 28 കലകളാണുള്ളതെങ്കിൽ ആ മാസം 29 ദിവസങ്ങളുണ്ടാവും. 29 കലകളാണുള്ളതെങ്കിൽ ആ മാസം 30 ആയിരിക്കും.

സ്വാഹാബാക്കൾ ഈ കലകളെ സസൂക്ഷ്മം നിരീക്ഷിക്കാറുണ്ടായിരുന്നു. ഉദിച്ചുവരുന്ന ചന്ദ്രനെ (പടിഞ്ഞാറല്ല കിഴക്ക്!) ദിനംപ്രതി നിരീക്ഷിക്കുക അവരുടെ നിരീക്ഷണസമ്പ്രദായങ്ങളിൽപ്പെട്ടതായിരുന്നു. ആദ്യദിവസത്തെ ചന്ദ്രനെ കാണാതിരുന്നാൽ അടുത്ത ദിവസത്തെ ചന്ദ്രനെ അവർ നിരീക്ഷിക്കുകയും ഏതു ദിവസത്തെ (എത്രാമത്തെ) ചന്ദ്രനെയാണ് കണ്ടതെന്ന് അവർ കണക്കുകൂട്ടി കണ്ടെത്തുകയും ചെയ്യുമായിരുന്നു. ഈ പതിവ് റമദാൻ തീരുമാനിക്കുന്നതിലേക്കുമാത്രമായിരുന്നില്ല. ഒരു മുസ്ലീമിന്റെ കാലനിർണ്ണയം റമദാനിലോ ശവ്വാലിലോ ഒതുങ്ങുന്നതല്ല. ഒരു സ്ത്രീയുടെ ഇദ്ദ പീരീഡുപോലും ചാന്ദ്ര തിയ്യതിയെ ആശ്രയിച്ചാണ് അവർ കണക്കാക്കിപ്പോന്നത്. മാസമധ്യത്തിലുള്ള മൂന്നു വ്രതാനുഷ്ഠാനങ്ങൾ, സകാത്തിന്റെ തിയ്യതികൾ, പശ്ചാത്താപത്തിന്റെ വ്രതാനുഷ്ഠാനദിനങ്ങൾ തുടങ്ങി നിത്യജീവിതത്തിലെ മുഴുവൻ വിഷയങ്ങളും കൈകാര്യം ചെയ്യപ്പെട്ടത് ഈ തരത്തിലുള്ള തിയ്യതി നിർണ്ണയത്തിലൂടെയായിരുന്നു.

നമ്മളാകട്ടെ ഇരുപത്തി ഒന്നാം നൂറ്റാണ്ടിലും ഒരേ ഒരു ഉദയ ചന്ദ്രനെയാണ് നിരീക്ഷിക്കുന്നത്. അതു ലോകത്തെ വിസ്മയിപ്പിച്ചുകൊണ്ട് അസ്തമനസ്ഥാനമായ പടിഞ്ഞാറ്.!!

**അടുത്ത ലക്കം**

**ശഅബാനിലെ ഒരു ദിനം കാണാതായി!!**

ലഘുലേഖ – XV

# ശഅബാനിലെ ഒരു ദിനം കാണാതായി!

## പി.സി. അബ്ദുൽ ലത്തീഫ്

മാസപ്പിറവി വിഷയത്തിൽ സ്വീകരിച്ചുപോരുന്ന ആലോചനാശൂന്യമായ സമീപനം പരിഹാസ്യമായ പതനത്തിലേക്കാണ് സമുദായത്തെ കൊണ്ടു ചെന്നെത്തിച്ചിട്ടുള്ളത്. ആറുവർഷം മുമ്പുണ്ടായ ഒരു വിവാദത്തെ കോഴിക്കോട്ടു നിന്ന് പ്രസിദ്ധീകരിക്കുന്ന "തേജസ്" ദിനപത്രം അതിമനോഹരമായി വിലയിരുത്തുകയുണ്ടായി. 24-09-2006 ഞായറാഴ്ച പ്രസ്തുതപത്രം അതിന്റെ 5-ാംപേജിൽ പ്രസിദ്ധീകരിച്ച വാർത്ത നമുക്കു ഒരു പുനർവായന നടത്താം.

**ശഅബാനിലെ ഒരു ദിനം കാണാതായി!**

*കോഴിക്കോട്: "ഖാസിമാരുടെ വിശ്വാസ്യതയ്ക്കു മങ്ങലേൽപ്പിക്കും വിധം ശഅ്ബാൻ മാസത്തിലെ ഒരു ദിവസം എങ്ങോ അപ്രത്യക്ഷമായി! ഇക്കഴിഞ്ഞ ആഗസ്ത് 26നു ശഅബാൻ ഒന്നായി പ്രഖ്യാപിച്ച ഖാസിമാർ ഒരുദിനം നേരത്തെ - ഇന്നലെ - ശഅബാൻ 29 ആയി അംഗീകരിച്ചതോടെ ഇതിനിടയിലെ ഒരുദിനം എവിടെപ്പോയെന്ന ചോദ്യം ഉത്തരം കിട്ടാതെബാക്കിയാവുന്നു.*

*പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളും കാന്തപുരം അബൂബക്കർ മുസ്ല്യാർ ഉൾപ്പെടെയുള്ള സംയുക്ത മഹല്ല് ഖാസിമാരും ഇക്കഴിഞ്ഞ ആഗസ്ത് 26 ആണ് ശഅബാൻ ഒന്നായി പ്രഖ്യാപിച്ചത്. ഇതുപ്രകാരം ബറാഅത്ത് രാവ് (ശഅബാൻ 14) സപ്തംബർ എട്ടിനു വെള്ളിയാഴ്ചയാണെന്ന ഇവരുടെ അറിയിപ്പും പത്രങ്ങൾക്കു നൽകിയിരുന്നു.*

*പാണക്കാട് തങ്ങളും കാന്തപുരം വിഭാഗം ഖാസിമാരും നേരത്തെ ഉറപ്പിച്ചതു പ്രകാരം ഇന്നലെ ശഅബാൻ ഇരുപത്തെട്ടാണ്. എന്നാൽ, ഇന്നലെ ശഅബാൻ 29 ആണെന്ന് അംഗീകരിച്ചുകൊണ്ടുള്ള ഖാസിമാരുടെ അറിയിപ്പ് പത്രം ഓഫീസുകളിൽ ലഭിച്ചു.*

*വെള്ളിയാഴ്ച ശഅബാൻ 29 ആയതിനാൽ റമദാൻ മാസപ്പിറവി കാണുന്നവർ അറിയിക്കണമെന്നായിരുന്നു വ്യാഴാഴ്ച ഈ ഖാസിമാർ പുറപ്പെടുവിച്ച അഭ്യർഥന.*

*ആഗസ്ത് 26 ശഅബാൻ ഒന്നായി ഇവർ നേരത്തെ പ്രഖ്യാപിച്ചതു പ്രകാരം അറബിമാസം ഇന്നലെ എങ്ങനെ 29 ആയി എന്നതോ ശഅബാനിലെ ഒരു ദിനം എവിടെപ്പോയെന്നോ ഇതുവരെ വിശദീകരിച്ചിട്ടില്ല.*

*ശഅബാൻ ഒന്ന് ആഗസ്ത് 25നാണെന്നായിരുന്നു. കോഴിക്കോട് മുഖ്യഖാസിയും വലിയഖാസിയുടെ പ്രതിനിധിയും പ്രഖ്യാപിച്ചിരുന്നത്. കോഴിക്കോട് ഖാസിമാരുടെ പ്രഖ്യാപനം തന്നെയാണു മറ്റു ഖാസിമാരും ഒടുവിൽ അംഗീകരിച്ചത്.*

*ജില്ലാ-സംയുക്ത ഖാസിമാരുടെ പ്രഖ്യാപനമനുസരിച്ച് ഒരുദിവസം നേരത്തെ ബറാഅത്ത് ആചരിച്ചവർ ഇപ്പോൾ ആശയക്കുഴപ്പത്തിലാണ്. 500ഓളം മഹല്ലുകളുടെ ഖാസിയാണു പാണക്കാട് ശിഹാബ് തങ്ങൾ.*

*സഹോദരൻ ഉമറലി ശിഹാബും ഒട്ടേറെ മഹല്ലുകളുടെ ഖാസിസ്ഥാനം അലങ്കരിക്കുന്നുണ്ട്.*

*പാണക്കാട്, കോഴിക്കോട് ഖാസിമാരുടെ മാസപ്പിറവി പ്രഖ്യാപനത്തിൽ കൃത്യതയില്ലെന്നു ചൂണ്ടിക്കാട്ടിയാണ് ആറുജില്ലകളിൽ കാന്തപുരം വിഭാഗം സംയുക്ത മഹല്ല് ഖാസിമാരെ നിശ്ചയിച്ചത്. സമാന്തര ഖാസിമാരുടെ രംഗപ്രവേശവും അനുബന്ധ സംഭവവികാസങ്ങളും മലബാറിലെ മുസ്‌ലിം മഹല്ലുകളിലും പള്ളികളിലും കടുത്ത ഭിന്നതയ്ക്കും സംഘർഷത്തിനും കാരണ മായിരുന്നു.*

*മാസപ്പിറ സംബന്ധിച്ച് ആശയക്കുഴപ്പം നിലനിൽക്കെ, വ്യത്യസ്ത സമീപനവുമായി ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യ ചീഫ് അഡ്വൈസർ അലി മണിക്ഫാൻ രംഗത്തെത്തി.*

*അദ്ദേഹം ശനിയാഴ്ച റമദാൻ ഒന്നായി പ്രഖ്യാപിച്ചിട്ടുണ്ട്. ചന്ദ്രമാസപ്പിറവി സംബന്ധിച്ച മുജാഹിദ് വിഭാഗങ്ങളുടെ കണക്കുശാസ്ത്രവും സുന്നിവിഭാഗങ്ങളുടെ നിലപാടും ശരിയല്ലെന്നും ചാന്ദ്രമാസത്തിന്റെ കാലഗതി യുക്തിസഹമായി ഉറപ്പുവരുത്തുകയാണു വേണ്ടതെന്നുമാണ് അലി മണിക്ഫാന്റെ അഭിപ്രായം."* (തേജസ്, 2006, സപ്തംബർ 24, ഞായർ, പേജ്-5)

കാലാനുസൃതമായ പ്രശ്നങ്ങളെ വിശുദ്ധ ഖുർആന്റേയും പ്രവാചക നടപടികളുടേയും അന്യൂനമായ അടിത്തറയിൽ പരിശോധനക്കു വിധേയമാക്കി വിശ്വാസിക്കു മുമ്പിൽ സമർപ്പിക്കുന്നതിൽ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനം വരെ വിജയകരമായ ദൗത്യം നിർവ്വഹിച്ച പ്രസ്ഥാനമാണ് മുജാഹിദ് പ്രസ്ഥാനം. നോൽമ്പിന്റെ വിഷയത്തിൽ 1995 വരെയെങ്കിലും നേരായ ദിശയിൽ അതു സഞ്ചരിച്ചു എന്നുവേണം കരുതാൻ. അതിന്റെ തെളിവാണ് 1995 - ഓഗസ്റ്റ് 25 - ാംന് വെള്ളിയാഴ്ച കോഴിക്കോട് ടൗൺ ഹാളിൽ നടന്ന ഇപ്പോഴത്തെ ഹിജ്റാ കമ്മിറ്റി ഓഫ് ഇന്ത്യയുടെ പ്രഥമ ഹിജ്റി കലണ്ടറിന്റെ ഉൽഘാടനപരിപാടിയിലേക്കു പ്രശസ്തരായ രണ്ടു പണ്ഡിതന്മാരെ കെ.എൻ.എം നേതൃത്വം അയച്ചുകൊടുത്തത്.

അതെ, അലിമണിക്ഫാന്റെ ദശകങ്ങൾ നീണ്ടു നിന്ന അന്വേഷണത്തിന്റെ സൃഷ്ടിയായ പ്രസ്തുത ഹിജ്റി കലണ്ടറിന്റെ ഉൽഘാടനകോപ്പി ഏറ്റുവാങ്ങിയതു പണ്ഡിതാഗ്രേസരനായിരുന്ന കെ. ഉമർ മൗലവിയായിരുന്നു. അതിൽ ആശംസാ പ്രസംഗം ചെയ്തത് മുജാഹിദ് പ്രസ്ഥാനം അഭിമാനപൂർവ്വം ബഹുമത സമൂഹത്തിന് മുമ്പിൽ അവതരിപ്പിച്ചിട്ടുള്ള എം.എം. അക്ബർ എന്ന ബഹുമത പണ്ഡിതനും (മലയാള മനോരമ 1995 ഓഗസ്റ്റ് 25, ഞായർ, പേജ്-9) എന്നാൽ ഇദ്ദേഹം പിന്നീട് മാസപ്പിറവി വിഷയത്തിൽ ഒരു സംഘടനാ പക്ഷപാതിയായി മാറുകയാണ് ചെയ്തത്. കോഴിക്കോട് പാരമൗണ്ട് ടവറിൽ ഒന്നര ദശകം മുമ്പ് നടന്ന ഒരു മാസപ്പിറവി സെമിനാറിൽ അദ്ദേഹം സ്വീകരിച്ച നിലപാട് അദ്ദേഹത്തിന്റെ മാറ്റത്തിന് തെളിവായിരുന്നു. എം.എം. അക്ബറിന്റെ തന്നെ ഒരു രേഖ തെളിവായി എടുത്തുകാട്ടി ഒരു സംശയനിവാരണത്തിനായി ഞാനെഴുന്നേറ്റപ്പോൾ മോഡറേറ്റർമാരെ നോക്കുകുത്തി യാക്കി അദ്ദേഹം എന്റെ ചോദ്യം തന്നെ തടയുകയാണ് ചെയ്തത്. അതോടെ ആ സെമിനാറിൽ നിന്ന് പ്രതിഷേധസൂചകമായി എനിക്ക് ഇറങ്ങിപ്പോക്കു നടത്തേണ്ടി വന്നു.

അദ്ദേഹത്തോടും കണ്ണൂരിലെ സംഘാടകരോടും നേരിട്ടു പ്രതിഷേധമറിയിക്കുകയും ചെയ്തു.

സംഘടനയുടെ ''സുരക്ഷിതത്വ''മാണ് വിശ്വാസിയെക്കൊണ്ട് ഹറാം ചെയ്യിക്കുന്നതിനേക്കാൾ പണ്ഡിതന്മാർ പരിഗണിക്കുന്നത്. ''നിങ്ങളിൽ മുജാഹിദുകൾ ആര് എന്ന് നാം തിരിച്ചറിയും വരെ നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യു"മെന്ന വിശുദ്ധ ഖുർആന്റെ പ്രഖ്യാപനത്തെ പണ്ഡിതന്മാർ എങ്ങിനെ കാണുന്നു എന്നറിയാൻ ആഗ്രഹമുണ്ട്. ഖബറിലേക്കും പരലോകത്തേക്കുമുള്ള ജീവിത യാത്രയിൽ ഒരു പ്രസക്തിയുമില്ലാത്ത ജിന്നിലും സിഹ്റിലും ബോഡിവെയ്സ്റ്റിലുമാണ് പണ്ഡിത താല്പര്യമെന്ന കാര്യം ദുഃഖകരമാണ്. അതിപ്രധാനമായ ഹറാമിന്റെ വിഷയം ലാഘവത്തോടെ മാത്രം കാണുന്നു. ഒരു വിഷയം സമഗ്രമായി പഠിക്കാതെ അഭിപ്രായം പറയുന്ന പതിവാണ് പ്രശസ്തരായ പണ്ഡിതന്മാർക്കു പോലും! അതിന്റെ ഏറ്റവും പുതിയ ഉദാഹരണം ഇടിയങ്ങര യുവസാഹിതീ സമാജത്തിന്റെ പ്രസിദ്ധീകരണമായ "തെക്കേപ്പുറം ടൈംസി"ന്റെ 2011 നവംബർ ലക്കത്തിൽ നമുക്കു വായിക്കാനാകുന്നു. അതിന്റെ മൂന്നാം പേജിൽ നഗരത്തിലെ വ്യാപാര പ്രമുഖൻ തോട്ടത്തിൽ റഷീദ് ഒരു ലേഖനം എഴുതിയിട്ടുണ്ട്. ''ഒരു പള്ളിയിൽ രണ്ടു ജുമുഅ - കേരളത്തിലും ആശയം വേരോടുന്നു" എന്ന തലക്കെട്ടിൽ എഴുതിയ ലേഖനത്തിലൂടെ കടന്നു പോകുന്നവർക്കു പണ്ഡിതന്മാരെപ്പറ്റിയുള്ള തിക്തമായ ഒരു ധാരണ ലഭിക്കും. ജ: റഷീദ് രേഖാമൂലം പണ്ഡിതന്മാരിൽ നിന്ന് ശേഖരിച്ച അഭിപ്രായരൂപീകരണവും അതിനു റഷീദ് നൽകുന്ന മറുപടിയും അടങ്ങുന്ന ലേഖനത്തിന്റെ പ്രസ്കത ഭാഗങ്ങൾ തുടർന്നു വായിക്കുക:

"ഇതു സംബന്ധിച്ച് ഞാൻ മുസ്ലിംകളിൽ എല്ലാ വിഭാഗങ്ങൾക്കും മിക്ക പണ്ഡിതന്മാർക്കും എം.ഇ.എസ്സ്. എം.എസ്.എസ്. സംഘടനകൾക്കും കത്തുകൾ അയച്ചിട്ടുണ്ട്. പക്ഷെ മിക്ക പണ്ഡിതൻമാരും പ്രതികരിച്ചിട്ടില്ല. കിട്ടിയ പ്രതികരണങ്ങൾ ഇപ്രകാരമാണ്. 1. ജമാഅത്തെ ഇസ്ലാമി - വളരെ നല്ല അഭിപ്രായമാണിത്. പട്ടണങ്ങളിലെ പള്ളികളിലെ ജുമുഅക്കുള്ള തിരക്കൊഴിവാക്കാൻ ഇത് വളരെ നല്ല പോംവഴിയാണ്; ഇസ്ലാമിൽ ഇപ്രകാരം ചെയ്യുന്നതിൽ യാതൊരു തെറ്റുമില്ല. മാവൂർ റോഡിലെ ലുലുപള്ളിയിലെ ജുമുഅ ഇപ്പോൾ തന്നെ തൊട്ടടുത്ത നാഷണൽ ഹോസ്പിറ്റൽ കോംമ്പൗണ്ടിൽ എത്തി തുടങ്ങിയെന്നും ഇനിയും നമസ്കരിക്കാൻ ആളുകൾ കൂടിക്കൂടി വരുമെന്നതിനാൽ അതിനുള്ള ഏകപരിഹാരം ജുമുഅയുടെ എണ്ണം കൂട്ടലാണെന്നും അവർ അഭിപ്രായപ്പെട്ടു. അവരുടെ ശൂറ കൂടിയാണ് ഈ അഭിപ്രായം രൂപീകരിച്ചതെന്നും ജമാഅത്തു പണ്ഡിതന്മാർ അറിയിച്ചു. അടുത്തു തന്നെ മാവൂർ റോഡിലെ ലുലു പള്ളിയിൽ ഇതു പ്രാവർത്തികമാക്കുമെന്നും അവർ എന്നെ അറിയിക്കുകയുണ്ടായി.

2. മുജാഹിദ് (ഹുസൈൻ മടവൂർ വിഭാഗം) ഇതിന് ദിനിൽ യാതൊരു വിലക്കുമില്ല. മിക്ക പള്ളികളിലെയും നമസ്കാരം റോഡിലേക്ക് വ്യാപിച്ചിരിക്കുകയാണ്. ഇത് ഒട്ടും ശരിയല്ല. മറ്റുള്ളവർക്ക് മാർഗതടസ്സം സൃഷ്ടിക്കാൻ പാടുമില്ല; അതുകൊണ്ട് എന്തുകൊണ്ടും ഈ അഭിപ്രായം

സ്വീകാര്യമാണ്. പക്ഷെ ഇപ്പോൾ ഞങ്ങൾ ഇതിനു മുന്നിട്ടിറങ്ങാത്തത് അല്ലെങ്കിൽ തന്നെ ഞങ്ങളെക്കുറിച്ച് മറുപക്ഷം ആദർശവ്യതിയാനം ആരോപിക്കുന്നുണ്ട്. വീണ്ടും അതിനിടം കൊടുക്കുവാനിഷ്ടപ്പെടാത്തത് കൊണ്ടുമാണെന്നും അവർ തുടർന്ന് വ്യക്തമാക്കി.

3. മുജാഹിദ് (എ.പി.അബ്ദുൽഖാദർ മൗലവി വിഭാഗം)

പള്ളികളിൽ സൗകര്യക്കുറവ് ഉണ്ടെങ്കിൽ പുതിയ പള്ളി നിർമ്മിക്കുകയോ, പഴയ പള്ളി വികസിപ്പി ക്കുകയോ ചെയ്യുകയല്ലാതെ ഒരേ പള്ളിയിൽ രണ്ടുസമയത്ത് രണ്ട് ജുമുഅ നടത്തുന്ന ഒരേർപ്പാട് നബി(സ) യുടെ കാലത്തും മാതൃകാ സമൂഹത്തിലും ഇത് വരെ ലോകത്ത് എവിടെയെങ്കിലും ഉണ്ടായതതായി അറിയില്ല. മുസ്ലിം ലോകം ചെയ്തിട്ടില്ലാത്ത 15 നൂറ്റാണ്ടായി നടത്തിയിട്ടില്ലാത്ത ഒരു കാര്യം പുതുതായി ആരംഭിക്കുന്നതിന് ന്യായീകരണമില്ല.

എന്ന്, എം. മുഹമ്മദ് മദനി, (കെ.ജെ.യു)

വളരെ വിനയത്തോടെ പറയട്ടെ; ബഹുമാനപ്പെട്ട മുഹമ്മദ് മദനി സാഹിബ് പറഞ്ഞ രണ്ട് വാദങ്ങളും അബദ്ധങ്ങളാണ്. ജുമുഅക്ക് വൻതിരക്കനുഭവപ്പെടുന്ന ലോകത്തിലെ ചില പള്ളികളിലെല്ലാം അല്പ സമയ വ്യത്യാസത്തിൽ രണ്ടോ അതിലധികമോ ജുമുഅ നടന്നുവരുന്നുണ്ട്. അത് അദ്ദേഹം അറിയാതെ പോയതാണ്.

ബോംബെയിൽ വി.ടി. സ്റ്റേഷനടുത്ത് ഫോർട്ടിൽ, ഹാന്റ്ലൂം ഹൗസിന് പിന്നിൽ ബോംബെ റസ്റ്റോറന്റിനടുത്ത ജുമാമസ്ജിദിൽ വെള്ളിയാഴ്ചകളിൽ രണ്ട് ജുമുഅ നടക്കുന്നു. പത്ത് വർഷത്തിലധികമായി ഈ പള്ളിയിൽ ഈ സമ്പ്രദായം നിലവിൽ വന്നിട്ട്. മലയാളികൾ കൂടുതലുള്ള വി.ടിയിലെ ഈ പള്ളിയിൽ സുന്നി മുജാഹിദ്, ജമാഅത്ത്, തബ്ലീഗ്, വിഭാഗങ്ങളിലുള്ള മുസ്ലിംകൾ അവരവരുടെ സമയത്തിനനുസരിച്ച് ജുമുഅ നിർവഹിച്ചു വരുന്നു. ബോംബെയിൽ മറാഠി മന്ദിരത്തിനടുത്തുള്ള ഒരു പള്ളിയിൽ വെള്ളിയാഴ്ച 4 ജുമുഅ വരെ നടന്നുവരുന്നു.

അമേരിക്കയിൽ പ്രസിഡണ്ട് ഒബാമയുടെ സ്റ്റേറ്റ് ആയ ഇല്ലിനോയിലെ ചിക്കാഗോ ടൗൺ മസ്ജിദിൽ ഹുദൈയിൽ ഒരു മണിക്കും രണ്ടു മണിക്കും അരമണിക്കൂർ വീതം ഖുത്തുബയോടെ 2 ജുമുഅ നമസ്കാരം നടക്കുന്നു.

ഡോ. സി.എ. അബ്ദുൽകരീം ലോകത്ത് ഒന്നിൽ കൂടുതൽ ജുമുഅ നടക്കുന്ന ചില പള്ളികളിലെ നമസ്കാരത്തിൽ പങ്കെടുത്ത വ്യക്തിയാണ്. (ഫോൺ - 9387425767)

ഇമാം ഷൗകാനിയുടെ 'നൈനുൽ അവ്താർ' എന്ന ഇസ്ലാമിക ഗ്രന്ഥം അത് അനുവദനീയമാണ് എന്നതിന് ധാരാളം തെളിവുകൾ നിരത്തുന്നു.

ഒന്നിലധികം ജുമുഅക്ക് ലോകത്ത് എവിടെയും മാതൃകയില്ല എന്ന മദനിയുടെ വാദം ശുദ്ധഅബദ്ധമാണ് എന്ന് കാണാം.

ജുമുഅക്ക് അല്പം താമസിച്ചു വരുന്നവർക്ക് ജുമുഅ നഷ്ടപ്പെട്ടാലും നമ്മുടെ ശാഠ്യം വിടില്ല എന്ന മനോഭാവം ആർക്കും ഭൂഷണമല്ല." (തെക്കേപ്പുറം ടൈംസ്, 2011 നവംബർ)

മേൽ പറഞ്ഞ പണ്ഡിതന്മാരിൽ ഹുസൈൻ മടവൂർ വിഭാഗത്തിനുള്ള ആശങ്ക

നമുക്കു മനസ്സിലായി. കെ.ജെ.യു. പണ്ഡിതനാകട്ടെ വിഷയം പഠിക്കുന്നതിൽ തികഞ്ഞ അനവധാനതയാണ് കാണിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ സ്വന്തം രാജ്യത്തെ നിലവിലുള്ള സംവിധാനത്തെക്കുറിച്ചുപോലും അദ്ദേഹത്തിന് അജ്ഞത ബാധിച്ചു!

ഇതുതന്നെയാണ് നോൽമ്പിലെ ഹറാമിനെ സംബന്ധിച്ച അതിപ്രധാനമായ വിഷയത്തിൽ ഇരുവിഭാഗം പണ്ഡിതന്മാരും കാണിക്കുന്ന സമീപനവും. അതുകൊണ്ട് പണ്ഡിതന്മാർ അവരുടെ കാര്യം നോക്കിക്കൊള്ളട്ടെ; വിശ്വാസികളായ നമ്മൾ അവരിലെ മാറ്റത്തിന് കാത്തുനിൽക്കരുത്. കാത്തു നിന്നാൽ ഖബറിലെയും പരലോകത്തേയും ജീവിതം ഇരുളടഞ്ഞതും ഭയാനകവുമാകും.

15 വയസ്സുകഴിഞ്ഞ ഓരോ വിശ്വാസിക്കും ഓരോ വർഷവും ഓരോ നോൽമ്പ് വീതം നഷ്ടപ്പെടുന്നു. അതു നോറ്റു വീട്ടാൻ ഖബ്റിലോ പരലോകത്തോ അവസരമില്ല. മരണം തൊണ്ടക്കുഴിയിൽ എത്തും മുമ്പേ തെറ്റു തിരുത്തുക.

ഈ പരമ്പര നിങ്ങളിൽ വല്ല മാറ്റവും വരുത്തിയിട്ടുണ്ടെങ്കിൽ അവ ഫോട്ടോസ്റ്റാറ്റെടുത്ത് നിങ്ങളെ പോലെ ഉൾകൊള്ളാൻ തയ്യാറുള്ളവർക്കു നൽകണമെന്നഭ്യർത്ഥിക്കുന്നു. തർക്കിച്ചു "ജയിക്കാൻ" വരുന്നവരെ മാന്യമായി വിട്ടേക്കുക.

സമസ്ത-മുജാഹിദ്-ജമാഅത്തു വിഭാഗം പണ്ഡിതന്മാർക്കും മാസപ്പിറവി വിഷയത്തിൽ ഇടപെടാറുള്ള കോഴിക്കോട്ടെയും ഗൾഫിലേയും മലയാളി സമ്പന്നർക്കും കോപ്പികൾ അയച്ചുകൊടുത്തിട്ടുണ്ട്. ഇ-മെയിൽ വഴി മറ്റുള്ളവർക്കും അയക്കുന്നുണ്ട്. അല്ലാഹു നമ്മിൽ നിന്ന് ഇതൊരു സ്വാലിഹായ അമലായി സ്വീകരിക്കുമാറാകട്ടെ - ആമീൻ. ഈ പരമ്പര തൽക്കാലം ഇവിടെ അവസാനിക്കുന്നു. "വ ആഖിർ ദഅ്വാനാ അനിൽ ഹംദു ലില്ലാഹി റബ്ബിൽ ആലമീൻ".

---


**വിലാസം :**

**പി.സി. അബ്ദുൽ ലത്തീഫ്**

**റിട്ട. ബ്യൂറോ ചീഫ്, ചന്ദ്രിക**

**36/2807, റജബ്, വെസ്റ്റ് കല്ലായ്**

**മനന്തനപ്പാലം, കോഴിക്കോട് – 673 003**

**latheefpc@gmail.com**

**Mob : 9349734656, 0495-2306891**


**08-09-2012**